
ആരാധനക്രമവത്സര തിരുവചന ധ്യാന-പഠന പരമ്പര - 2

# വലിയനോമ്പിലെ തിരുവചന ധ്യാനം



സിസ്റ്റർ നമിത എസ്.ഐ.സി.

malankaralibrary.com

ആരാധനക്രമവത്സര തിരുവചന ധ്യാന-പഠന പരമ്പര -2

# വലിയനോമ്പിലെ തിരുവചനധ്യാനം

സിസ്റ്റർ നമിത എസ്.ഐ.സി.

മിസ്സിയോളജിക്കൽ-തിയോളജിക്കൽ സെന്റർ
ബഥനിനഗർ, നാലാഞ്ചിറ,
തിരുവനന്തപുരം -15
ഫോൺ - 2534018

malankaralibrary.com

| | | |
|---|---|---|
| Imprimatur | : | **Moran Mor Beselios Cleemis Catholicos**<br>Major Archbishop of Trivandrum |
| Title | : | **Nombukala Thiruvachana Dhyanam**<br>(Malayalam) |
| Author | : | **Sr. Namita SIC**<br>Director,<br>Missiological Theological Centre,<br>Bethany Nagar, Nalanchira, TVM -15<br>Phone: 0471 - 2534018 |
| Published by | : | Missiological Theological Centre |
| Published on | : | 12-2-2008 |
| Copies | : | 30,000 |

(All rights reserved to the author)

| | | |
|---|---|---|
| Printed at | : | Rose Printers,<br>Nalanchira, Trivandrum -15 |


malankaralibrary.com

MALANKARA
LIBRARY
malankaralibrary.com

# അനുഗ്രഹവചസ്സുകൾ

നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങളിൽ പങ്കുചേരുന്നതിനുള്ള സവിശേഷമായ അവസരമാണ് വലിയനോമ്പ്. സഭമുഴുവനായി തപസ്സിലേക്കു പ്രവേശിക്കുമ്പോൾ അതു വലിയ കൃപയുടെ കാലഘട്ടമായിത്തീരുന്നു. സഭാമക്കൾ ദൈവത്തിന്റെ അരികിൽ വസിക്കുകയും പങ്കുവയ്ക്കലിന്റെ ജീവിതശൈലി അഭ്യസിക്കുകയുംചെയ്യുന്ന കാലഘട്ടമാണിത്. പാപത്തെ വെറുത്തുപേക്ഷിച്ച് തിന്മയുടെമേൽ വിജയംനേടി പ്രശോഭിതരാകാനുള്ള സന്ദർഭം! നോമ്പിലെ പ്രാർത്ഥനയും ഉപവാസവും വർജനയും പ്രായശ്ചിത്ത പ്രവർത്തനങ്ങളുമൊക്കെ നമ്മെ കുടുതൽ വിശുദ്ധീകരിക്കുന്നതിനും ശക്തീകരിക്കുന്നതിനും സഹായിക്കുന്നു.

നോമ്പിലെ അനുഷ്ഠാനങ്ങൾക്കും അതിലൂടെ ആർജിക്കുന്ന ജീവിതനവീകരണത്തിനും അടിസ്ഥാനമായി നില്ക്കുന്നത് തിരുവചനധ്യാനമാണ്. കുടുതൽ അർത്ഥപൂർണ്ണമായി കർത്താവിന്റെ പെസഹാരഹസ്യങ്ങളിൽ ഭാഗഭാക്കാകുവാൻ ഈ തിരുവചന ധ്യാനം നമ്മെ സഹായിക്കും. ഈ ലക്ഷ്യത്തോടെയാണ് നമ്മുടെ ആരാധനക്രമത്തിലെ വായനകൾ ക്രമീകരിച്ചിരിക്കുന്നത്. വലിയനോമ്പിലെ ഞായറാഴ്ച്ചകളിലെയും, ശുബ്ക്കോനൊ, പകുതിനോമ്പ്, നാല്പ്പതാംവെള്ളി, പെസഹാവ്യാഴം, ദുഃഖവെള്ളി, എന്നീ ദിവസങ്ങളിലെയും വി. ഗ്രന്ഥവായനകൾ ധ്യാനാത്മകമായി വിശദീകരിക്കുന്ന റവ. ഡോ. സിസ്റ്റർ നമിത എസ്.ഐ.സി.യുടെ ***വലിയനോമ്പിലെ തിരുവചന ധ്യാനം*** എന്ന ഗ്രന്ഥം ഈ പശ്ചാത്തലത്തിൽ വിലപ്പെട്ട ഒന്നാണ്. പഴയനിയമ പുതിയനിയമ വായനകളിലൂടെ കടന്നുപോയി നാം ഉൾക്കൊള്ളേണ്ട പാഠങ്ങൾ ലളിതവും ഹൃദ്യവുമായി സിസ്റ്റർ നമിത ഈ ഗ്രന്ഥത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. ശാസ്ത്രീയമായ പശ്ചാത്തലത്തിൽനിന്ന് ആത്മീയമായ സമീപനത്തോടെ തിരുവചനത്തെ വിശദീകരിക്കുന്ന ഈ പരിശ്രമം ശ്ലാഘനീയമാണ്.

ദൈവവചനത്തെ കേന്ദ്രീകരിച്ചുള്ള വിവിധപരിപാടികളിലൂടെ നമ്മുടെ മേജർ അതിരൂപത പ്ലാറ്റിനംജൂബിലി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഇത്തരം ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് പ്രത്യേക പ്രസക്തിയുണ്ട്. സിസ്റ്റർ നമിതയുടെ പ്രാർത്ഥനാനുഭവത്തിന്റെയും തിരുവചനാധിഷ്ഠിതമായ അന്വേഷണത്തിന്റെയും ഫലമാണ് ഈ ഗ്രന്ഥം. ബഹുമാനപ്പെട്ട വൈദികർക്കും സമർപ്പിതർക്കും മാത്രമല്ല നമ്മുടെ വിശ്വാസികൾക്കും പഠനത്തിനും ധ്യാനത്തിനും കൂടുതൽ അർത്ഥപൂർണ്ണമായ നോമ്പാചരണത്തിനും ***വലിയനോമ്പിലെ തിരുവചനധ്യാനം*** സഹായകമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സിസ്റ്റർ നമിതയെ സ്നേഹപൂർവ്വം അഭിനന്ദിക്കുകയും സർവ്വശക്തനായ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**തിരുസന്നിധി മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
**മലങ്കര കത്തോലിക്കാസഭാ മേജർ ആർച്ചുബിഷപ്പ്**

**11.2.2008**

malankaralibrary.com

# ഉള്ളടക്കം


| | പേജ് |
|---|---|
| അനുഗ്രഹവചസ്സുകൾ | 3 |
| ഉള്ളടക്കം | 4 |
| ആമുഖം | 5 |
| വലിയനോമ്പിൽ എങ്ങനെ അർത്ഥപൂർണ്ണമായി പങ്കുചേരാം? | 6 |
| വലിയ നോമ്പിന്റെ ഒന്നാം ഞായർ | 12 |
| ശുബ്ക്കോനൊ | 18 |
| വലിയ നോമ്പിന്റെ രണ്ടാം ഞായർ | 22 |
| വലിയ നോമ്പിന്റെ മൂന്നാം ഞായർ | 27 |
| വലിയ നോമ്പിന്റെ നാലാം ഞായർ | 32 |
| പകുതിനോമ്പ് | 36 |
| വലിയ നോമ്പിന്റെ അഞ്ചാം ഞായർ | 40 |
| വലിയ നോമ്പിന്റെ ആറാം ഞായർ | 43 |
| നാല്പതാം വെള്ളിയാഴ്ച | 49 |
| ഓശാന ഞായർ | 52 |
| പെസഹാ വ്യാഴം | 56 |
| ദുഃഖവെള്ളി | 61 |


malankaralibrary.com

# ആമുഖം

ദൈവത്തിൽനിന്ന് ധാരാളമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുള്ള അവസരമാണ് വലിയനോമ്പുകാലം. നോമ്പ് രക്ഷയുടെ വലിയ ആയുധവുമാണ്. വചനവർഷത്തിൽ പ്ലാറ്റിനംജൂബിലി ആഘോഷിക്കുന്ന മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഈ വർഷത്തെ വലിയനോമ്പ് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. വചനത്തിന്റെ ശക്തിയാൽ വിശ്വാസജീവിതത്തെ നവീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തുകൊണ്ട് സഭാശുശ്രൂഷക്കായി നമ്മെത്തന്നെ പുനരർപ്പണം ചെയ്യാൻ ഈ ജൂബിലിവർഷത്തിലെ നോമ്പുകാലത്ത് ദൈവം നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ ദൈവിക ആഹ്വാനത്തോട് ശരിയായി പ്രത്യുത്തരിക്കാൻ വിശ്വാസികളെ സജ്ജരാക്കുവാനായി വലിയനോമ്പിലെ എല്ലാ ഞായറാഴ്ചകളിലെയും തിരുവചനഭാഗങ്ങൾ ശരിയായി വ്യാഖ്യാനിച്ച് അത് ക്രിസ്തീയ ജീവിതത്തിനു നല്കുന്ന സന്ദേശങ്ങൾ എടുത്തുകാട്ടുകയാണ് ഈ ചെറുഗ്രന്ഥത്തിലൂടെ.

ഇതിന്റെ ആരംഭത്തിൽ ദൈവവചനത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കി എങ്ങനെ നോമ്പിൽ അർത്ഥപൂർണ്ണമായി പങ്കുചേരാമെന്നു വ്യക്തമാക്കുന്നു. തുടർന്ന് നോമ്പുകാലത്തെ ഞായറാഴ്ചകളിലെ വായനകൾ വ്യാഖ്യാനിക്കുന്നു. ദൈവവചനം വെളിപ്പെടുത്തുന്ന ക്രിസ്തീയ വിശ്വാസജീവിതശൈലിയെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ച്ചപ്പാട് നല്കിക്കൊണ്ട് കുടുംബങ്ങളുടെ വിശ്വാസ ജീവിതത്തെ നവീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നത്. ഇപ്രകാരം വചനചൈതന്യത്താൽ പുരിതമായ ഒരു ജീവിതം നയിച്ചുകൊണ്ട് വചനവർഷത്തിലെ ഈ നോമ്പുകാലം നമ്മുടെ കുടുംബങ്ങൾക്കും, സഭയ്ക്കും, സമൂഹത്തിനും വലിയ അനുഗ്രഹമാക്കി മാറ്റുവാനായി പ്രതിജ്ഞാബദ്ധരായി മുന്നേറാം! ഈയൊരു ദിശാബോധം മലങ്കരസഭയിലെ എല്ലാ വ്യക്തികൾക്കും കുടുംബങ്ങൾക്കും നല്കി ഒരു യഥാർത്ഥ ആരാധനാ സമൂഹമായി ഒരുമയോടെ മുന്നേറുവാനായി നമ്മെത്തന്നെ പുനരർപ്പണം ചെയ്യാം! അങ്ങനെ മലങ്കര കത്തോലിക്കാസഭയുടെ ഈ ജൂബിലിവർഷം നമുക്കുമാത്രമല്ല തിരുസ്സഭയ്ക്കും മാനവകുലത്തിനുമുഴുവനും വലിയ അനുഗ്രഹമാക്കി മാറ്റുവാനായി സർവ്വശക്തനായ ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം!

ഈ ചെറുഗ്രന്ഥം രചിക്കുവാൻ പ്രചോദനമരുളിയ ത്രീയേകദൈവത്തിനും, പ്രസിദ്ധീകരിക്കുവാനുള്ള അനുമതി നല്കി അനുഗ്രഹ വചസ്സുകളിലൂടെ അനുഗ്രഹിച്ച നമ്മുടെ സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവാ തിരുമേനിയ്ക്കും, പലവിധത്തിൽ സഹായിച്ച പ്രിയ ബ. വൈദികർക്കും, സിസ്റ്റേഴ്സിനും, അല്മായ സഹോദരങ്ങൾക്കും, നന്ദിയുടെ നറുമലരുകളർപ്പിച്ചുകൊണ്ട് ദൈവതിരുനാമ മഹത്വത്തിനായി നന്ദിനിറഞ്ഞ ഹൃദയത്തോടെ ഈ ഗ്രന്ഥം സമർപ്പിക്കുന്നു!

**സിസ്റ്റർ നമിത എസ്.ഐ.സി.**

malankaralibrary.com

# വലിയനോമ്പിൽ എങ്ങനെ അർത്ഥപൂർണ്ണമായി പങ്കുചേരാം?

ദൈവവചന വർഷത്തിൽ വചനചൈതന്യത്താൽ പൂരിതരായി വലിയനോമ്പിൽ പങ്കുചേരുന്നതിന് വചനത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കി നോമ്പിന്റെ അരൂപിയിൽ ദൈവവചനം നിരന്തരം ധ്യാനിക്കുകയും അതനുസരിച്ചുള്ള ഒരു വിശ്വാസജീവിത ശൈലി രൂപപ്പെടുത്തുകയും വേണം.

## I. ദൈവവചനം: അർത്ഥവും പ്രാധാന്യവും

പരമപിതാവായ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ചത് തന്റെ വചനത്താലത്രേ. തന്റെ വചനത്താലാണ് അവിടുന്ന് സമസ്തവും സൃഷ്ടിച്ചത്. ഈ നിത്യവചനമാണ് ഒരുജനതയെ രൂപപ്പെടുത്തുവാനായി അബ്രഹാമിനെ സന്ദർശിക്കുകയും, വിളിച്ചുവേർതിരിച്ചു നയിക്കുകയും ചെയ്തത്. അതേ വചനം തന്നെയാണ് ദൈവജനത്തെ ഫറവോയുടെ അടിമത്വത്തിൽനിന്നു മോചിപ്പിച്ച് വാഗ്ദത്തഭൂമിയിലേക്കു നയിക്കാനായി മോശയെ വിളിച്ചത്. കർമ്മനിരതനായ ദൈവം തന്റെ വചനത്തിലൂടെയാണ് മനുഷ്യചരിത്രത്തിലും വ്യക്തിജീവിതത്തിലും ഇടപെടുന്നത്. "അവിടുന്നു ഭൂമിയിലേക്കു കല്പന അയയ്ക്കുന്നു; അവിടുത്തെ വചനം പാഞ്ഞു വരുന്നു"എന്നാണ് സങ്കീർത്തകൻ പറയുന്നത് (സങ്കീ 147:15). വചനമായ പുത്രൻതമ്പുരാനിലൂടെയാണ് ജീവന്റെ സമൃദ്ധിയിലേക്കവിടുന്നു നമ്മെ നയിക്കുന്നതും (യോഹ 10:10; 3:36–37). ദൈവപുത്രന്റെ വാക്കുകൾതന്നെ നമുക്ക് ആത്മാവും ജീവനുമായിഭവിക്കുന്നു:□"നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്" (യോഹ 6:63). ദൈവത്തിന്റെ വചനം സ്വീകരിക്കുന്നവരെല്ലാം ദൈവാത്മാവിനാൽ പുരിതരാകുകയും, ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലും പ്രവർത്തിയും അവരിലൂടെ പ്രകടമാവുകയും ചെയ്യുന്ന ചിത്രം വി. ഗ്രന്ഥത്തിലുടനീളം നാം കാണുന്നു. വചനം സ്വീകരിച്ച പരിശുദ്ധ മറിയത്തിൽ ദൈവാത്മാവിന്റെ ശക്തി ആവസിച്ചപ്പോൾ അവളിൽ വചനം മാംസം ധരിക്കുകയും ദൈവപുത്രൻ അവളിലൂടെ ലോകത്തിൽ അവതരിക്കുകയും ചെയ്തു.

യേശുക്രിസ്തുവാണ് ദൈവത്തിന്റെ യഥാർത്ഥ വചനം, അനാദിയിലേ പിതാവിൽ നിന്നു പുറപ്പെട്ട നിത്യമായ വചനം. "ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവമായിരുന്നു... വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു"(യോഹ 1: 1,14). മനുഷ്യരൂപത്തിലവതരിച്ച ദൈവവചനമാണ് യേശു, എന്നാൽ മനുഷ്യഭാഷയിലവതരിച്ച ദൈവവചനമാണ് ബൈബിൾ. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വഴി കന്യാമറിയാമിൽ നിന്നും ദൈവത്തിന്റെ വചനം മനുഷ്യരൂപമെടുത്ത് നമ്മോടൊത്തു വസിച്ചു. വി. ഗ്രന്ഥത്തിന്റെ എഴുത്തുകാരിൽ പരിശുദ്ധാത്മാവിന്റെ മറ്റൊരു പ്രവർത്തനത്താൽ ദൈവവചനം മനുഷ്യഭാഷയിലവതരിച്ചു. രണ്ടി



malankaralibrary.com

ന്റേയും ഉറവിടം പിതാവായ ദൈവമാണ്. സഭാപിതാക്കന്മാരുടെ അഭിപ്രായത്തിൽ വി. ലിഖിതം വായിക്കുന്നത് ക്രിസ്തുവുമായുള്ള സംഭാഷണമാണ്. അതിനാൽ അതീവ ഭക്തിയോടും ശ്രദ്ധയോടും കൂടെ പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങളൊരുമിച്ചും വ്യക്തിപരമായും അനുദിനം ദൈവവചനം വായിക്കുന്നത് ഒരു ശീലമാക്കിമാറ്റുവാൻ പരിശ്രമിക്കണം.

ജീവദായകമായ ദൈവവചനം ഉൾക്കൊള്ളുന്നതുകൊണ്ട് വേദപുസ്തകം ജീവനുള്ള പുസ്തകമാണ്, നിർജീവമായ അക്ഷരങ്ങളാൽ നിർമ്മിതമല്ല. ബൈബിളിലൂടെ ദൈവം സ്നേഹപൂർവ്വം തന്റെ മക്കളോട് സംഭാഷണത്തിലേർപ്പെടുന്നു. പല പുസ്തകങ്ങളിലൂടെ വിവിധങ്ങളായ സാഹചര്യങ്ങളിൽ പല വ്യക്തികളാൽ എഴുതപ്പെട്ടതാണെങ്കിലും ഒരേ ദൈവവചനമാണ് ഇവയിലൂടെ നമ്മോടു സംസാരിക്കുന്നത്. മനുഷ്യരോട് മനുഷ്യരിലൂടെ ദൈവം സംസാരിച്ച വചനമാണ് വി. ഗ്രന്ഥത്തിലൂടെ നാം ശ്രവിക്കുന്നത്. "ഞങ്ങളിൽനിന്നു നിങ്ങൾ ശ്രവിച്ച ദൈവവചനം മനുഷ്യരുടെ വചനമായിട്ടല്ല, വിശ്വാസികളായ നിങ്ങളിൽ പ്രവർത്തിക്കുന്ന യഥാർത്ഥ ദൈവത്തിന്റെ വചനമായിട്ടാണു നിങ്ങൾ സ്വീകരിച്ചത്" (1തെസ 2:13). വി. ബൈബിളിന്റ ആധികാരികത അടങ്ങിയിരിക്കുന്നത് അതിലെ പുസ്തകങ്ങളെല്ലാം ദൈവനിവേശിത ഗ്രന്ഥങ്ങളാണ് എന്നതിലാണ്. "വി. ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും, ശാസനത്തിനും, തെറ്റുതിരുത്തലിനും, നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു" (2തിമോ 3:16-17). "വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്ത വ്യാഖ്യാനത്തിനുള്ളതല്ല"(2 പത്രോ 1:20-21).

വചനത്തെ വി. ഗ്രന്ഥത്തിന്റെ പരിധിക്കുള്ളിലൊതുക്കാനാവില്ല. കർത്താവ് പറഞ്ഞതും പ്രവർത്തിച്ചതുമെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുവാൻ ലോകത്തിനുതന്നെ സാധിക്കാതെവരുമെന്നാണ് വി. യോഹന്നാൻ ശ്ലീഹാ പറയുന്നത് (യോഹ 21:25). ദൈവവചനം വി. ഗ്രന്ഥത്തേക്കാളുപരിയാണ്. വി. ഗ്രന്ഥത്തിലൂടെ മാത്രമല്ല, തിരുസ്സഭയുടെ സജീവ പാരമ്പര്യത്തിലൂടെയും, ആരാധനയിലൂടെയും, പ്രപഞ്ചത്തിലുടെയുമെല്ലാം ദൈവം നമ്മോടു സംസാരിക്കുന്നു. തിരുസ്സഭാ പാരമ്പര്യം വേദപുസ്തകവിരുദ്ധമല്ല. ദൈവവചനത്തോടൊപ്പം സഭാപാരമ്പര്യത്തെയും സജീവമായി കാത്തുസംരക്ഷിക്കുന്നതിനു നമുക്ക് കടമയുണ്ടെന്നും, അതിനിണങ്ങാത്ത രീതിയിൽ ജീവിക്കുന്നവരിൽനിന്ന് അകന്നു നില്ക്കണമെന്നും വി. ഗ്രന്ഥം വഴിയായി പൗലോസ്ശ്ലീഹാ ആവർത്തിച്ചാവർത്തിച്ച് നമ്മോടാഹ്വാനം ചെയ്യുന്നു (2 തെസ 2:15; 1 കൊറി 11:2; 1 തെസ 4:12; 2 തെസ 3:6).

വി. ഗ്രന്ഥം വെളിപ്പെടുത്തുന്ന ദൈവവചനത്തിന്റെ ശക്തി അതുല്യമത്രേ. അത് ദൈവത്തിന്റെ തിരുമനസ്സും, ജ്ഞാനവും, ശക്തിയുമാണ്. അതിനു ദൈവത്തിന്റെ ശക്തിയുള്ളതുകൊണ്ട് ഉദ്ദേശിക്കുന്ന കാര്യം സഫലമാക്കുന്നു. അതുകൊണ്ടാണ് മഴയെയും മഞ്ഞിനെയുംപോലെ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുശേഷമേ ദൈവവചനം മടങ്ങിപ്പോവുകയുള്ളുവെന്ന് ഏശയ്യാ (55:10



malankaralibrary.com

–11) പറയുന്നത്. ദൈവവചനത്തിലൂടെ ദൈവത്തിന്റെ ശക്തിയും ചൈതന്യവും പ്രവാചക വ്യക്തിത്വത്തെ ഗ്രസിക്കുന്നതായും, വചനം സ്വീകരിക്കുന്നവരെയെല്ലാം അവിടുന്ന് തന്റെ അരൂപിയാൽ നിറയ്ക്കുന്നതായും പഴയ നിയമത്തിലുടനീളം വെളിപ്പെടുന്നുണ്ട്. ഇസ്രായേൽ ജനത്തിന്റെമേൽ പതിക്കുന്ന ദൈവവചനത്തിന് സ്ഫോടനാത്മകമായ ശക്തിവിശേഷമുണ്ട് (ഏശ 9:8–10). ''ദൈവവചനം അഗ്നിപോലെയും പാറ തകർക്കുന്ന കൂടം പോലെയുമാണെന്ന് ജറമിയാ പ്രവാചകനും സാക്ഷിക്കുന്നു (ജറ 23:29). ദൈവത്തിന്റെ വചനം എന്നേക്കും നിലനില്ക്കും (ഏശ 40:8). ''ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുവായ്ത്തലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിച്ചറിയുന്നതുമാണ്.... അവിടുത്തെ കൺമുമ്പിൽ സകലതും അനാവൃതവും വ്യക്തവുമാണ്'' (ഹെബ്രാ 4:12). ഈ ദൈവവചനം പ്രബോധനത്തിനും, ശാസനത്തിനും, തെറ്റുതിരുത്തലിനും, നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു (2തിമോ 3:16–17).

നോമ്പുകാല തിരുവചന ധ്യാനം അർത്ഥപൂർണ്ണമാക്കുന്നതിന് മുകളിൽ സൂചിപ്പിച്ച ദൈവവചനത്തിന്റെ അർത്ഥത്തെയും അതുല്യ ശക്തിയെയുംകുറിച്ചുള്ള വ്യക്തമായ അവബോധത്തോടൊപ്പം വലിയനോമ്പിന്റെ ശരിയായ അരൂപിയും ഉദ്ദേശ്യവും നാം ഉൾക്കൊള്ളേണ്ടതുണ്ട്.

## II. നോമ്പിന്റെ ശരിയായ അരൂപിയും ഉദ്ദേശ്യവും

ഉപവാസം, പ്രാർത്ഥന, വർജന, പരിത്യാഗം, പ്രായശ്ചിത്ത പ്രവൃത്തികൾ, ദൈവവചനധ്യാനം എന്നിവയിലൂടെയുള്ള ജീവിതനവീകരണവും കർത്താവിലേക്കുള്ള വളർച്ചയുമാണ് നോമ്പുകൊണ്ട് ലക്ഷ്യംവയ്ക്കുന്നത്. ഇക്കാര്യത്തിൽ, കായികാഭ്യാസം ശീലിക്കുന്നവനു കളരി ഏതുപ്രകാരമോ അപ്രകാരവും, പരീക്ഷയ്ക്കു പഠിക്കുന്നവന് പഠനത്തിന്റെ ബുദ്ധിമുട്ട് എപ്രകാരമോ അപ്രകാരവും, പട്ടാളക്കാരനു പരിശീലനാർത്ഥം കൂടാരവാസം എപ്രകാരമോ അപ്രകാരവും ക്രിസ്ത്യാനിക്കു നോമ്പും പ്രാർത്ഥനയും കൊണ്ടു പ്രയോജനമുണ്ടാകുന്നു എന്നാണ് മാർ ഈവാനിയോസ് പിതാവു പറയുന്നത്. ഓരോവർഷത്തിലെയും നോമ്പും പ്രാർത്ഥനകളും നമ്മെ കൂടുതൽ കൂടുതൽ വിശുദ്ധീകരിച്ച് കർത്താവിലേക്ക് അടുപ്പിക്കുന്നതിനും, അവിടുത്തെ യഥാർത്ഥ സാക്ഷികളും പ്രേഷിതരുമാക്കി മാറ്റുന്ന തിനും ഇടയാകണം. ശരിയായ അരുപിയിലും അർത്ഥത്തിലും നോമ്പുനോക്കുന്നതിന് താഴെപ്പറയുന്ന ചിന്തകൾ നമ്മെ സഹായിക്കും.

(1) ***വലിയനോമ്പ് നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങളിൽ പ്രത്യേകമാംവിധം പങ്കുചേരുന്നതിനുള്ള കാലം:*** വലിയനോമ്പിലെ ആദ്യത്തെ 40 ദിവസങ്ങൾ പരീക്ഷകളെ ജയിക്കുന്നതിനുള്ള പരിശ്രമകാലമാണ്. നമ്മുടെ കർത്താവിന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പ് അവി



malankaralibrary.com

ടുന്നനുഷ്ഠിച്ച നാല്പ്പതു ദിവസത്തെ ഉപവാസം, തിന്മയോടുള്ള പോരാട്ടവും അതിന്മേലുള്ള വിജയവും, പരസ്യജീവിതകാലത്തെ അവിടുത്തെ രക്ഷാകര പ്രവർത്ത നങ്ങളുമാണ് ഈ 40 ദിവസങ്ങളിൽ നാം അനുസ്മരിക്കുന്നത്. തുടർന്നുള്ള പത്തു ദിവസങ്ങളിൽ കർത്താവിന്റെ പീഡാസഹനം, കുരിശുമര ണം, ഉത്ഥാനം എന്നിവ നാം അനുസ്മരി ക്കുന്നു. ആരാധനക്രമപരമായ (ലിറ റർജിക്കൽ) ഈ അനുസ്മരണം കേവലം ഒരു ഓർമ്മ പുതുക്കലല്ല. പിന്നെയോ നമ്മുടെ കർത്താവിന്റെ ഉപവാസത്തിലും, തിന്മയോടുള്ള പോരാട്ടത്തിലും, പീഡാസഹനത്തിലും, ജയജീവിതത്തിലും നാം വ്യക്തിപരമായും സമൂഹമായും തിരുസ്സഭവഴിയായി ഇന്നിവിടെ പങ്കുകാരാവുകയാണ്.

(2) ***നാം തനിച്ചല്ല സഭാസമൂഹമായിട്ടാണ് നോമ്പുനോക്കുന്നത്:*** ക്രിസ്തുവിന്റെ മണവാട്ടിയായ സഭ തന്റെ മണവാളന്റെ മുമ്പാകെ നോമ്പോ ടുകുടി ചെയ്യുന്ന പ്രാർത്ഥനയിൽ ഞാനും ഉൾച്ചേരുകയാണെന്ന അവ ബോധത്തോടെയാണ് നാം നോമ്പനുഷ്ഠിക്കേണ്ടത്. അപ്പോൾ സഭമുഴുവ ന്റെയും ഉപവാസത്തിന്റെയും നോമ്പിന്റെയും പ്രാർത്ഥനയുടെയും ഫലങ്ങളിൽ നമുക്കും പങ്കുചേരുന്നതിനിടയാകും. നമ്മുടെ നോമ്പും പ്രാർത്ഥ നകളും എത്ര ചെറുതാണെങ്കിലും അവയെല്ലാം സഭാസമൂഹമായി കർത്താ വിന്റെ കുരിശിനോടു ചേർത്ത് സമർപ്പിക്കുമ്പോൾ വലിയ ശക്തിയായി മാറും. അപ്പോൾ നമ്മുടെ അനുദിനജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളും, പ്രാർത്ഥനയും സഹനങ്ങളുമെല്ലാം നമുക്കും സഭമുഴു വനും വലിയ അനുഗ്രഹമായിത്തീരും.

(3) ***നോമ്പുകാലം ദൈവത്തിന്റെ അരികിൽ വസിക്കാനും പരസ്നേ ഹത്തിൽ വളരാനുമുള്ള കാലമാണ്:*** ഉപവാസമെന്നത് ഭക്ഷണം ഉപേ ക്ഷിക്കുക എന്നതിലുപരി ദൈവത്തിന്റെ ചാരെ, അവിടുത്തോടൊത്തു വസി ക്കലാണ്. കർത്താവിനോടൊത്തായിരിക്കുമ്പോൾ ശാരീരിക ഭക്ഷണത്തേ ക്കാൾ നമ്മെ പരിപോഷിപ്പിക്കുന്ന ആത്മീയ ഭക്ഷണത്താൽ അവിടുന്നു നമ്മെ ധന്യരാക്കും. ലോകത്തിന്റെ വ്യാമോഹങ്ങളിൽനിന്നും, തിരക്കുകളിൽനിന്നും അകന്ന് ദൈവത്തോടുകൂടെ ആയിരിക്കുക. അപ്പോൾ ലോകത്തിന്റെ ആകർഷണവലയത്തേക്കാൾ എത്ര വലിയ ശക്തിയാണ് ദൈവത്തിന്റെ സ്നേഹവലയത്തിനുള്ളതെന്നു നമുക്കു മനസ്സിലാകും. ഈ ദൈവസ്നേഹ അനുഭവത്തിൽനിന്നേ യഥാർത്ഥ പരസ്നേഹപ്രവർത്തികൾ ഉണ്ടാവുക യുള്ളു.

(4) ***നോമ്പുകാലം വിശുദ്ധീകരിക്കപ്പെടുവാനും പ്രശോഭിതരാകുവാ നുമുള്ള കാലം:*** കർത്താവിന്റെ അരികിൽ വസിക്കുന്നവർ തിരുസാന്നി ദ്ധ്യത്താലും പരസ്നേഹ പ്രവർത്തനങ്ങളാലും വിശുദ്ധീകരിക്കപ്പെടും, അങ്ങേ ദിവ്യവെളിച്ചത്താൽ പ്രശോഭിതരാവുകയും ചെയ്യും. നാല്പതു ദി വസത്തെ ഉപവാസം മൂലം മോശയുടെ മുഖം തേജോമയമായി, ഏലിയാ മേല്പ്പോട്ടു കരേററപ്പെട്ടു. അതുപോലെ ഉപവാസവും നോമ്പും മൂലം നാമും രൂപാന്തരീകരിക്കപ്പെട്ട് അവിടുത്തെ നവജീവനാൽ പ്രശോഭിതരാകുന്നതിന് ഇടയാകണം.



malankaralibrary.com

**(5) *പാപത്തെ വെറുത്തുപേക്ഷിച്ച് യഥാർത്ഥ അനുതാപത്തിലേക്കു വളരാനുള്ള കാലം:*** മനുഷ്യന്റെ ശാശ്വത സൗഭാഗ്യത്തെയും ഹൃദയസമാധാനത്തെയും കാർന്നുതിന്നുന്ന ഒരു മാരകരോഗമാണ് പാപം. സർപ്പത്തിൽനിന്നെന്നപോലെ പാപത്തിൽനിന്ന് ഓടിയകലണമെന്ന് പ്രഭാഷകൻ നമ്മെ ആഹ്വാനംചെയ്യുന്നു (പ്രഭാ 21:2). നമ്മുടെ നോമ്പും പ്രാർത്ഥനകളും പാപത്തെ വെറുത്തുപേക്ഷിക്കുന്നതിനും യഥാർത്ഥ അനുതാപത്തിലൂടെ നന്മസ്വരൂപനായ ദൈവത്തിലേക്കു തിരിയുന്നതിനും നമ്മെ സഹായിക്കും. നുറുങ്ങിയ ഹൃദയമാണ് ഇതിനു നമുക്കനിവാര്യമായിരിക്കുന്നത്. നമ്മുടെ മനസ്സിനെയോ ശരീരത്തെയോ ദണ്ഡിപ്പിക്കുന്നതിലും വേദനിപ്പിക്കുന്നതിലുമല്ല നോമ്പിന്റെ യഥാർത്ഥ അരൂപി അടങ്ങിയിരിക്കുന്നത്. കർത്താവിനിഷ്ടമുള്ള യാഗം നുറുങ്ങിയ ഹൃദയമാണ് (സങ്കീ 51:17). ജഡത്തിന്റെ മോഹങ്ങളിലും ഉല്ലാസങ്ങളിലും മുഴുകിയിരിക്കുന്ന ഒരാൾക്ക് നുറുങ്ങിയ ഹൃദയം ഉണ്ടാവുക പ്രയാസമാണ്. ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുതയാണ് (യാക്കോബ് 4:4-10). പാപത്തിൽനിന്നു പിന്തിരിഞ്ഞ് അനുതാപത്തോടെ നമ്മുടെ പാപങ്ങൾ ഏററുപറഞ്ഞുകൊണ്ടാണ് നാം നോമ്പാചരിക്കേണ്ടത്. വി. കുമ്പസാരമെന്ന കൂദാശ ഇതിനു നമ്മെ സഹായിക്കുന്നു. കർത്താവേ അങ്ങേയ്ക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയുമെന്ന പ്രാർത്ഥനയോടെ ദൈവതിരുമുമ്പിൽ മുട്ടുകുത്തി വൈദീകനോട് പാപങ്ങളെല്ലാം ഏറ്റുപറഞ്ഞ് മാപ്പപേക്ഷിക്കുക. എല്ലാം പകൽപോലെ വ്യക്തമായിക്കാണുന്ന ദൈവതിരുമുമ്പിൽനിന്ന് സ്വന്തകുറ്റം മറച്ചുവയ്ക്കാനോ നീതീകരണംപറഞ്ഞ് ഒഴിഞ്ഞുമാറാനോ ശ്രമിക്കരുത്. പാപം ചെയ്തിട്ട് പാപബോധമോ അനുതാപമോ ഏററുപറച്ചിലോ ഇല്ലാതെ നടക്കുന്ന മനുഷ്യന്റെ അവസ്ഥയെന്തെന്ന് സങ്കീർത്തകൻ വ്യക്തമാക്കുന്നു (32:3-4). അനുതപിച്ച് പാപം ഏററുപറഞ്ഞപ്പോൾ ഉണ്ടായ രക്ഷകൊണ്ടു നമ്മെ പൊതിയുന്ന, അവിടുത്തെ സ്നേഹം നമ്മെ വലയം ചെയ്യുന്ന, അനുഭവത്തെയും അതേ സങ്കീർത്തകൻ വ്യക്തമാക്കുന്നുണ്ട് (32:5-11). അകൃത്യങ്ങൾ ഉപേക്ഷിച്ച് തന്റെ അടുക്കലേക്കു തിരിയുന്നവരോട് കർത്താവു പ്രദർശിപ്പിക്കുന്ന കാരുണ്യം എത്രവലുതാണെന്ന് പ്രഭാഷകനും പ്രതിപാദിക്കുന്നു (പ്രഭാഷകൻ 17:25-29). പാപബോധംതന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ മനുഷ്യഹൃദയങ്ങളെ അനുതാപത്തിലേക്കു നയിക്കണമേയെന്നു നമുക്കു പ്രാർത്ഥിക്കാം!

**(6) *തിന്മയുടെമേൽ വിജയംവരിക്കാനുള്ള കാലം:*** നോമ്പുകാലം തിന്മയിൽനിന്ന് ഒഴിഞ്ഞിരിക്കുവാനും ചെറുത്തുനില്ക്കാനും മാത്രമല്ല തിന്മയുടെമേൽവിജയംവരിച്ച്, എന്നേയ്ക്കുമായി തിന്മയെ കീഴടക്കി, മുന്നേറാനുള്ള കാലമാണ്. യേശുവിന്റെ ഉപവാസം പ്രലോഭനങ്ങളെ ചെറുത്തുനില്ക്കുന്നതിനും, തിന്മയുടെമേൽ വിജയംവരിച്ചുകൊണ്ട് സഹനത്തിന്റെ പാതയിലൂടെ തന്റെ ദൗത്യം നിറവേറ്റുന്നതിനുവേണ്ട ശക്തിയാർജിക്കുന്നതിനുമുള്ള കാലമായിരുന്നു (***ശുബുക്കോനൊ ദിനത്തിൽ*** നല്കുന്ന വിവരണം കാണുക). അവിടുന്നു ദൈവമായിരുന്നിട്ടും പരീക്ഷിക്കപ്പെട്ടു, എന്നാൽ പരാജയ



malankaralibrary.com

പ്പെട്ടില്ല. വി. യോഹന്നാൻ ശ്ലീഹാ പറയുന്നതുപോലെ വെളിച്ചത്തെ കീഴട ക്കാൻ ഇരുളിനു കഴിയുകയില്ലല്ലോ (യോഹ 1:5). അതുപോലെ നമ്മിലും നന്മയുണ്ടെങ്കിലേ തിന്മയുടെമേൽ വിജയംവരിക്കാൻ സാധിക്കുകയുള്ളു. കാരണം നന്മയുടെ പക്ഷത്തേ ദൈവം തുണയ്ക്കുകയുള്ളു.

**(7) *നോമ്പുകാലം തിന്മയെ ജയിക്കുന്നതിനുമാത്രമല്ല പുണ്യത്തിൽ വളരുന്നതിനുള്ള കാലവുമാണ്:*** നമ്മുടെ ബലഹീനതകളെ ജയിക്കുന്ന തിനും തിന്മയെ കീഴടക്കുന്നതിനുമുള്ള ഏറ്റവും എളുപ്പമാർഗ്ഗം സുകൃത ങ്ങളിൽ വളരുകയെന്നതാണ്. എല്ലാ പുണ്യങ്ങളുടെയും അടിസ്ഥാനം ദൈവ ത്തോടുള്ള സ്നേഹവും അടിപതറാത്ത വിശ്വാസവുമാണ്. വിശ്വാസത്താലെ കർത്താവിനെ കാണുകയും കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്തുകൊണ്ട് ലോകത്തെ ജയിക്കുന്നതിനും, യഥാർത്ഥ ദൈവസ്നേഹത്തോടെ അവിടുത്തെ കല്പനകൾ പാലിച്ചു ജീവിക്കുന്ന തിനും പരിശ്രമിക്കണം. അതോടൊപ്പം മറ്റു പുണ്യങ്ങളാൽ നമ്മെ അലംകൃ തരാക്കുകയും വേണം. ഇടയ്ക്കിടെയുള്ള വി. കുമ്പസാരം പാപമോചന ത്തിനുമാത്രമല്ല, പ്രലോഭനങ്ങളെ ചെറുത്തുനില്ക്കുന്നതിനും നന്മയിലും പുണ്യങ്ങളിലും വളരുന്നതിനും വേണ്ട കൃപയും കരുത്തുമേകുന്നു.

ദൈവവചനത്തിന്റെ ശക്തമായ ഇടപെടലിലൂടെ മാത്രമേ ഇന്ന് ഇത്തരത്തി ലുള്ള ഒരു നോമ്പാചരണം സാദ്ധ്യമാകൂ. വചനവർഷത്തിലെ ഈ തിരുവ ചന ധ്യാനത്തിലൂടെ നമ്മുടെ കുടുംബങ്ങളിലും സഭയിലും സമൂഹത്തിലും വചനത്തിന്റെ ശക്തിയാൽ അസ്ഥികളുടെ താഴ്‌വരയിൽ (എസക്കി 37) സംഭ വിച്ചതുപോലെ ഒരു പുനർജീവനുണ്ടാകുവാൻ പ്രാർത്ഥിക്കുകയും പരിശ്ര മിക്കുകയും ചെയ്യാം! ഈ ലക്ഷ്യം സഫലമാക്കുവാൻ താഴെപ്പറയുന്ന 5 കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:

(1) വി. ഗ്രന്ഥത്തിൽനിന്ന് ദൈവവചനം ശ്രദ്ധയോടും തീവ്രമായ ആഗ്രഹ ത്തോടുംകൂടെ പ്രാർത്ഥനാപൂർവ്വം അനുദിനം വായിക്കുക.

(2) വായിച്ച ഭാഗത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കി സന്ദേശം ഉൾക്കൊണ്ട് നിരന്തരം മനനം ചെയ്യുക. (വചനം സ്വീകരിക്കുന്നവരെ ദൈവം തന്റെ അരൂപിയാൽ നിറയ്ക്കും). അതിന്റെ വെളിച്ചത്തിൽ സ്വജീ വിതത്തെ നന്നായി ആത്മശോധനചെയ്ത് വേണ്ട പരിവർത്തനം വരു ത്തുക.

(3) വചനത്തിലൂടെ വിശുദ്ധീകരിക്കപ്പെട്ട ഹൃദയത്തോടും, ശരിയായ വ്യക്തി ബന്ധങ്ങളോടും, ഭയഭക്തിയോടുംകൂടെ ആരാധനയിൽ അർത്ഥപൂർണ്ണ മായി പങ്കുചേർന്ന് ദൈവത്തെ അനുഭവിച്ചറിയുക.

(4) ഉപവാസവും പ്രായശ്ചിത്തവും പ്രാർത്ഥനയും നിരന്തരമായ വചനധ്യാ നവും സുകൃതാഭ്യസനവുംവഴി നമ്മുടെയും ലോകത്തിന്റെ മുഴുവനും പാപങ്ങൾക്കു പരിഹാരം ചെയ്ത്, ജീവന്റെ സമൃദ്ധിയിലേക്കു വളരുക.

(5) വചനചൈതന്യത്താൽ കുടുംബങ്ങളിൽ ശരിയായ ക്രിസ്തീയ ജീവിതശൈലി രൂപപ്പെടുത്തി ക്രിസ്തുവിന്റെ സാക്ഷികളും പ്രേഷിത



malankaralibrary.com

രുമായി ജീവിക്കുക. സ്വഭവനത്തിലുള്ളവരോടും ബന്ധപ്പെടുന്നവരോടും പ്രാർത്ഥനാകൂട്ടായ്മകളിലും വചനാനുഭവം പങ്കുവയ്ക്കുക.

**ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:**

(1) ദൈവവചനത്തിന്റെ അർത്ഥത്തെയും പ്രാധാന്യത്തെയും കുറിച്ച് എന്തെല്ലാം ബോദ്ധ്യങ്ങൾ ലഭിച്ചു? എങ്ങനെ അത് അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കാം?

(2) നോമ്പിനെക്കുറിച്ച് എന്തവബോധമാണ് ഇതുവഴി ലഭിച്ചത്? നോമ്പിന്റെ അരൂപിയിൽ ജീവിക്കുന്നതിന് സ്വന്തം കുടുംബാന്തരീക്ഷത്തിൽ എന്തെല്ലാം മാറ്റങ്ങളും ക്രമീകരണങ്ങളുമാണ് വരുത്തേണ്ടതെന്ന് ചിന്തിക്കുക.

(3) നോമ്പിന്റെ ആരംഭത്തിലും, മദ്ധ്യത്തിലും, ഹാശാ ആഴ്ച്ചയിലുമായി മൂന്നു പ്രാവശ്യമെങ്കിലും കുമ്പസാരിക്കാനുള്ള തീരുമാനമെടുക്കുക.

# നോമ്പിന്റെ ഒന്നാം ഞായർ: കൊത്തിനേ ഞായർ

ഉൽ 3:1–13; 1 രാജാ 18:30–40; ഏശ 58:1–14;
1യോഹ 4:7–21; റോമ 12:9–21; യോഹ 2:1–11

കാനായിലെ കല്യാണവിരുന്നിൽ നമ്മുടെ കർത്താവ് വെള്ളത്തെ വീഞ്ഞാക്കിമാറ്റിയതിനെ അനുസ്മരിച്ച് വലിയ നോമ്പിലെ ഒന്നാം ഞായറിനെ കൊത്തിനേ ഞായർ എന്നാണറിയപ്പെടുന്നത്. ഈ ദിവസത്തെ വി. ഗ്രന്ഥവായനകളെല്ലാം നോമ്പിന്റെ യഥാർത്ഥ ലക്ഷ്യം നമ്മെ അനുസ്മരിപ്പിക്കുന്നതാണ്. തുടർന്നുള്ള ആഴ്ചകളിലെ വായനകൾ ഈ ലക്ഷ്യപ്രാപ്തിക്കായി നമ്മെ ഒരുക്കുന്നു.

**ഉൽ 3:1–13:** മനുഷ്യന്റെ പതനവും അതിന്റെ പരിണിതഫലങ്ങളുമാണ് ഈ തിരുവചന ഭാഗത്തിന്റെ ഉള്ളടക്കം. എത്ര കൗശലപൂർവ്വം മിത്രത്തിന്റെ ഭാവത്തിലാണ് തിന്മ രംഗപ്രവേശനം ചെയ്യുന്നതെന്നു ശ്രദ്ധിക്കുക. ദൈവത്തിന്റെ അഥവാ നന്മയുടെ സ്വരത്തിനു നേരേവിപരീതമായിട്ടാണ് തിന്മയുടെ അഥവാ പ്രലോഭകന്റെ സ്വരം. ദൈവമായ കർത്താവ് മനുഷ്യനോടു കല്പിച്ചു, "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും"(ഉൽ 2:17). എന്നാൽ തിന്മയുടെ പ്രതീകമായ സർപ്പം സ്ത്രീയോടു പറഞ്ഞു, "നിങ്ങൾ മരിക്കുകയില്ല, അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും തിരിച്ചറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം"(ഉൽ 3: 5). തിന്മയുടെ സ്വരത്തിനു ചെവികൊടുത്തപ്പോൾത്തന്നെ അവൾ പ്രലോഭനത്തിനടിമയായി. "കണ്ണിനു കൗതുകകരവും, നാവിനു രുചികരവും, അറിവേകാൻ അഭികാമ്യവുമാണെന്നു കണ്ട് അവൾ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു"(ഉൽ 3:6). ഇന്ദ്രിയ സുഖം പകരുന്ന പ്രലോഭനങ്ങൾ വഴിയായിട്ടാണ് തിന്മ രംഗപ്രവേശനം ചെയ്തത്. ദൈവത്തെ അവി



malankaralibrary.com

ശ്വസിക്കുകയും അവിടുത്തോടു അനുസരണക്കേടു കാണിക്കുകയും ചെയ്ത അവർ ദൈവത്തിൽ നിന്നകലുകയും (ഓടി ഒളിക്കുകയും), സ്വയം നീതീകരിക്കുവാനുള്ള ശ്രമത്തിൽ പറുദീസായ്ക്കു പുറത്താക്കപ്പെടുകയും, അനൈക്യത്തിലാവുകയും ചെയ്തു.

മനുഷ്യന് ഇത്ര പെട്ടെന്ന് ദൈവത്തെ അവിശ്വസിക്കുകയും തിന്മയുടെ സ്വരത്തെ വിശ്വസിക്കുകയും ചെയ്യാൻ എങ്ങനെ സാധിച്ചു? തിന്മ നന്മസ്വരൂപനായ ദൈവത്തെക്കാൾ ആകർഷകമോ? തിന്മയുടെ സ്വരത്തിനു ചെവി കൊടുക്കുകയോ അതിന്റെ പക്ഷത്തുചേരുകയോ ചെയ്യുകയും നന്മയുടെ സ്വരത്തെ അവിശ്വസിക്കുകയും ചെയ്യുമ്പോഴാണ് ശത്രു നമ്മിൽ പ്രബലപ്പെടുകയും തിന്മ നമുക്ക് ആകർഷകമായിത്തീരുകയും ചെയ്യുന്നത്. മനുഷ്യന്റെ അവിശ്വാസം അവനെ അനുസരണക്കേടിലേക്കും, ദൈവത്തിൽനിന്നുള്ള അകല്ച്ചയിലേക്കും അനൈക്യ ത്തിലേക്കും നയിച്ചു. ദൈവത്തെ അടുത്തനുഭവിക്കുന്നതിനു നമുക്കും തടസ്സമാകുന്നത് ഇത്തരത്തിലുള്ള പാപവും അതിന്റെ പരിണിതഫലങ്ങളുമാണ്. *സ്വന്തം അവസ്ഥയെന്തെന്ന് ആത്മശോധനചെയ്യുക. ദൈവത്തോട് അടുത്തുവരുന്നതിനും പാപത്തിൽനിന്ന് ഓടിയകലുന്നതിനും സദാ പരിശ്രമിക്കുക.*

**1 രാജാ 18:30–40:** ഇസ്രായേൽജനത്തിന് യാഹ്‌വെയോടുള്ള കടപ്പാടും, ഇതിൽനിന്നു തെററിപ്പോയ ജനത്തെ തിരിച്ചുകൊണ്ടുവന്ന് യാഹ്‌വെ ഭക്തിയിലുറപ്പിക്കുവാനുള്ള പ്രവാചക ധർമ്മവുമാണ് ഇവിടുത്തെ പ്രധാന ചിന്താവിഷയം. തന്റെ പ്രവാചകധർമ്മം നിറവേറ്റുവാനായി മുൻകയ്യെടുത്ത് ജനത്തെ സമീപിക്കുന്ന ഏലിയായെയാണ് ഇവിടെ നാം ആദ്യം കാണുന്നത് (18:21). ബാൽ ഭക്തിയിലേക്കുള്ള ദൈവജനത്തിന്റെ പ്രലോഭനത്തെ വ്യക്തമാക്കിക്കൊടുത്തുകൊണ്ട് അവരെയും ബാൽഭക്തരെയും വെല്ലുവിളിക്കുകയും ചെയ്തു. തുടർന്ന് ഏലിയാ ജനത്തെ തന്റെ അടുത്തേക്കു വിളിച്ചു (18:30). കർത്താവിന്റെ തകർന്ന ബലിപീഠം പുനർനിർമ്മിക്കുവാനുള്ള ഏലിയായുടെ ആഹ്വാനം ജനം അനുസരിച്ചു. അതായത്, ജനം മനസ്സു തിരിഞ്ഞെന്നർത്ഥം.

ജനം തന്റെപക്കലേക്കു തിരിഞ്ഞപ്പോൾ അടുത്ത പടിയെന്ന നിലയിൽ ഏലിയാ കർത്താവിലേക്കു തിരിഞ്ഞു (18:36). ഏലിയായുടെ പ്രാർത്ഥന ദൈവം കൈക്കൊണ്ടു. ഇതുകണ്ട ജനം സാഷ്ടാംഗം വീണ് വിളിച്ചുപറഞ്ഞു: കർത്താവുതന്നെ ദൈവം! കർത്താവുതന്നെ ദൈവം! ഏലിയായും ഇസ്രായേൽജനവും ഒന്നുചേർന്ന് ബാലിന്റെ പ്രവാചകരെ വധിച്ചു. അതായത് തിന്മയെ തകർത്ത് ദൈവത്തിന്റെ പരമാധിപത്യം തെളിയിച്ചു. ഈ വളർച്ചയായിരിക്കണം നമ്മുടെ നോമ്പാചരണത്തിലൂടെയും നടക്കേണ്ടത്. ഏലിയായെപ്പോലെ ദൈവമായ കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിക്കുന്നതിനും, ദൈവജനത്തിന് ശരിയായ ബോദ്ധ്യംനല്കി തെറ്റിൽ നിന്നു പിന്തിരിപ്പിച്ച് കർത്താവിലേക്കാ കർഷിക്കുന്നതിനും, എല്ലാവരും ഒന്നുചേർന്ന് തിന്മയെ ഉന്മൂലനം ചെയ്യുന്നതിനുമുള്ള ആഹ്വാനമാണ് ഈ തിരുവചനം നല്കുന്നത്.



malankaralibrary.com

**ഏശ 58:1-14:** യഥാർത്ഥമായ ഉപവാസത്തെക്കുറിച്ചു പ്രതിപാദിക്കുകയാണിവിടെ. സ്വന്തം സുഖം തേടുകയും അപരനെ ദ്രോഹിക്കുകയും ചെയ്തുകൊണ്ടുള്ള ഉപവാസം ദൈവസന്നിധിയിൽ സ്വീകാര്യമാവുകയില്ല. തിന്മകളുപേക്ഷിച്ച്, സ്വന്തം വഴിയിലൂടെ നടക്കാതെയും വ്യർത്ഥഭാഷണത്തിലേർപ്പെടാതെയും സാബത്താചരിക്കുകയും നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവർ കർത്താവിൽ ആനന്ദം കണ്ടെത്തും. ലോകത്തിലെ ഉന്നതസ്ഥാനങ്ങളിലൂടെ കർത്താവ് അവരെ സവാരി ചെയ്യിക്കുകയും ചെയ്യും. അനുതാപത്തിലൂടെ തിന്മയുടെ വഴിയിൽനിന്നു പിന്തിരിഞ്ഞ് നോമ്പനുഷ്ഠിക്കുന്നവർ പ്രാപിക്കുന്ന സൗഭാഗ്യം അഥവാ മഹത്വമാണ് ഈ തിരുവചനം വ്യക്തമാക്കുന്നത്.

**1യോഹ 4:7-21:** ദൈവം നമ്മെ സ്നേഹിച്ചതുപോലെ നാമും പരസ്പരം സ്നേഹിക്കേണ്ട ആവശ്യകതയെ വെളിപ്പെടുത്തുകയാണ് ഈ തിരുവചനം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ലെന്ന് ശ്ലീഹാ വ്യക്തമായി നമ്മെ ഉദ്ബോധിപ്പിക്കുന്നു. യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നവന് സഹോദരനെ സ്നേഹിക്കാതിരിക്കാൻ കഴിയില്ല. ദൈവസ്നേഹം സഹോദര സ്നേഹത്തിലേക്കു നയിക്കണം. നോമ്പുകാലത്ത് ഈ തിരുവചനം നമ്മിൽ അന്വർത്ഥമാക്കുവാൻ പരിശ്രമിക്കാം.

**റോമ 12:9-21:** ഈ തിരുവചനത്തിലൂടെ എന്തെല്ലാമാണ് പൗലോസ് ശ്ലീഹാ നമ്മെ ആഹ്വാനം ചെയ്യുന്നതെന്നു ശ്രദ്ധിക്കുക: (1) നിഷ്കളങ്ക സ്നേഹത്തിന്റെ ഉടമകളായിത്തീരുക (2) തിന്മയെ ദ്വേഷിക്കുകയും നന്മയെ മുറുകെപ്പിടിക്കുകയും ചെയ്യുക (3) അന്യോന്യം സഹോദരതുല്യം സ്നേഹിക്കുകയും, പരസ്പരം ബഹുമാനിക്കുകയും, സഹായിക്കുകയും ചെയ്യുക (4) ദൈവസ്നേഹതീക്ഷ്ണതയാൽ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുക (5) പ്രത്യാശയിൽ സന്തോഷിച്ചുകൊണ്ട് സഹനശീലരും പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരുമായി വളരുക (6) അതിഥിസത്ക്കാരത്തിൽ താല്പര്യമുള്ളവരായിരിക്കുക (7) മറ്റുള്ളവരുടെ സുഖ ദുഃഖങ്ങളിൽ പങ്കുചേരുക (8) പരസ്പര ഐക്യത്തിൽ എളിമയോടെ വർത്തിക്കുക (9) പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുകയും തിന്മയെ നന്മകൊണ്ടു ജയിക്കുകയും ചെയ്യുക. പ്രതികാരം ദൈവത്തിനുവിട്ടുകൊണ്ട് ശത്രുവിന്റെ ആവശ്യങ്ങളിൽ സഹായിക്കുക. ഇപ്രകാരം തിന്മയെ നന്മകൊണ്ടു ജയിക്കാൻ ശ്രമിക്കുക വഴി ശത്രുവിന്റെ ശിരസ്സിൽ തീക്കനലുകൾ കൂനകൂട്ടുമെന്നാണ് തിരുവചനം സാക്ഷിക്കുന്നത്. അതായത്, നമുക്കെതിരെ തിന്മപ്രവർത്തിക്കുന്നരോട് നാം പകരംവീട്ടാനോ അവർക്കെതിരെ തിന്മചെയ്യാനോ ശ്രമിക്കാതെ അവരോട് നന്മ പ്രവർത്തിക്കുമ്പോൾ അവർക്ക് മനഃപരിവർത്തനത്തിലേക്കു വരാതിരിക്കാനാവില്ലെന്നർത്ഥം. അങ്ങനെ ശത്രുവിനെ മിത്രമാക്കുവാൻ യഥാർത്ഥ ക്രിസ്തുശിഷ്യർക്കു സാധിക്കും. ഇപ്രകാരമുള്ള ഒരു ജീവിതശൈലി നോമ്പുകാലത്തു നമ്മിൽ രൂപപ്പെടുത്തണം.



malankaralibrary.com

**യോഹ 2:1–11:** കാനായിലെ കല്യാണവിരുന്നിൽ യേശു വെള്ളത്തെ വീഞ്ഞാക്കിമാറ്റിയ സംഭവം വിവരിക്കുന്ന തിരുവചനഭാഗമാണിത്. തന്റെ പരസ്യജീവിതത്തിന്റെ ആദ്യഘട്ടത്തിൽ യൂദയാ, സമരിയാ, ഗലീലി എന്നീ പ്രദേശങ്ങളിൽനിന്ന് അനേകരെ വിശ്വാസത്തിലേക്കുകൊണ്ടുവന്ന് കർത്താവ് തന്റെ ശിഷ്യഗണത്തിൽ ഒരുമിച്ചുചേർക്കുന്ന സംഭവങ്ങളാണ് യോഹ 1:19–4:54 -വരെയുള്ള ഭാഗത്തു വിവരിച്ചിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽനിന്നു വേണം യേശു വെള്ളം വീഞ്ഞാക്കിയ സംഭവത്തെ നാം മനസ്സിലാക്കേണ്ടത്.

"ഇതിനെക്കാൾ വലിയകാര്യങ്ങൾ നീ കാണും" (1:49) എന്ന് നഥാനിയേലിനോട് പറഞ്ഞതുപോലെ, യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനായി പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണിത് (2:11). യേശു തന്റെ മഹത്വം വെളിപ്പെടുത്തിയതിന്റെ ഉദ്ദേശ്യം സർവ്വലോകത്തിന്റെ രക്ഷകനായ തന്നിലുള്ളവിശ്വാസത്തിലേക്കും അതുവഴി പിതാവിലേക്കും മറ്റുള്ളവരെ ആകർഷിക്കുക എന്നതാണ്. നോമ്പിന്റെ ആരംഭത്തിൽ ഈ സുവിശേഷഭാഗം നമ്മുടെ വിചിന്തനത്തിനായി നിശ്ചയിച്ചിരിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യവും ഇതുതന്നെയാണ്. അതായത്, നമ്മുടെ കർത്താവിന്റെ ഉപവാസത്തിലും പീഡാനുഭവത്തിലും പങ്കുചേരുകവഴി നാം ദൈവമഹത്വം ദർശിക്കണം, നമ്മിലൂടെ ദൈവമഹത്വം ലോകത്തിനു വെളിപ്പെടുകയുംവേണം. പരിശുദ്ധ അമ്മയാണ് ഇക്കാര്യത്തിൽ നമുക്കു മാതൃക.

മറിയമാണ് വീഞ്ഞിന്റെ കുറവു മനസ്സിലാക്കി സഹായത്തിനെത്തുന്നത്. ഇത് പ. അമ്മയുടെ പരസ്നേഹപ്രവർത്തിയെ വെളിപ്പെടുത്തുന്ന ഒരു പ്രവർത്തി എന്നതിനേക്കാൾ ദൈവത്തിന്റെ രക്ഷാകരപ്രവർത്തിയിൽ തന്റെ പുത്രനോടൊത്തു സഹകരിക്കുകയും, പുത്രനോട് അപേക്ഷിക്കുകയും, പുത്രനിലേക്കു മറ്റുള്ളവരെ നയിക്കുകയും ചെയ്യുന്ന അമ്മയുടെ ചിത്രമാണ് വെളിപ്പെടുത്തുന്നത്. വി. യോഹന്നാന്റെ വീക്ഷണത്തിൽ, സമയമാകുന്നതിനുമുമ്പ്തന്നെ തന്റെ പുത്രനെ രക്ഷാകരമായ ഇടപെടലിനു പ്രേരിപ്പിക്കുന്ന രണ്ടാം ഹൗവ്വായും, തന്റെ സന്തതിയിലൂടെ സർപ്പത്തിന്റെ തലതകർക്കുന്നതിനായി ദൈവത്താൽ മുൻ നിശ്ചയിക്കപ്പെട്ട സ്ത്രീയുമാണ് (ഉൽ 3:15) മറിയം. പ. അമ്മ ആദ്യം തന്റെ പുത്രനോടപേക്ഷിച്ച് അവിടുത്തെ ശ്രദ്ധ ജനത്തിലേക്കു തിരിക്കുകയായിരുന്നു. അതിനുശേഷം അവൾ പരിചാരകരോടു പറഞ്ഞു "അവൻ പറയുന്നതുപോലെ ചെയ്യുക."

യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങൾ ഈ ഭൂമിയിൽ നിറവേറുന്നതിനും, നമ്മുടെ കുറവുകളെ നിറവാക്കി പകർത്തി നമ്മെയും അതിൽ പങ്കുകാരാക്കുന്നതിനും, ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിനുള്ള സ്ഥാനത്തെയാണ് ഈ തിരുവചനത്തിൽ ***ഒന്നാമതായി*** വ്യക്തമാക്കിയിരിക്കുന്നത്. ഇവിടെ പ. അമ്മയെ സഭാസമൂഹത്തോടുചേർത്താണ് അവതരിപ്പിച്ചിരിക്കുന്നത്. "യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു" (2:2) എന്നു പറഞ്ഞുകൊണ്ടാ



malankaralibrary.com

ണല്ലോ വിവരണം ആരംഭിക്കുന്നത്. സഭയിലാണ് (വിവാഹവിരുന്നിനെത്തിയിരുന്ന സമൂഹത്തിൽ – പരി. അമ്മയോടൊപ്പം സന്നിഹിതമായിരുന്ന ആരാധനാസമൂഹത്തിൽ) വെള്ളം വീഞ്ഞാക്കിമാറ്റുന്ന (പരിശുദ്ധ കുർബാനയെ സൂചിപ്പിക്കുന്ന) ഈ അത്ഭുതം നടക്കുന്നത്. ഇവിടെ മാത്രമല്ല, ക്രിസ്തുസംഭവത്തിലെ എല്ലാ രഹസ്യങ്ങളിലും ദൈവമാതാവായ മറിയം വിശ്വാസികളുടെ സമൂഹത്തോടൊപ്പം ഉണ്ടായിരുന്നു.

ഉദാഹരണമായി, നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം യൂദയാ ഗോത്രത്തിലായിരുന്നു (ദൈവജനമായ ഇസ്രായേൽ സഭയുടെ പ്രതീകമാണല്ലോ). യൂദയാഗോത്രത്തിൽ മറിയത്തിൽനിന്നായിരുന്നു അവിടുന്ന് ശരീരമെടുത്തത്. അവിടുത്തെ കുരിശുമരണ സമയത്തും, ഉത്ഥിതനായ കർത്താവ് പ്രത്യക്ഷപ്പെട്ടപ്പോഴും പ. അമ്മയോടൊപ്പം പുതിയ ഇസ്രായേലായ സഭാ സമുഹവും സന്നിഹിതമായിരുന്നു. യേശുവിന്റെ അമ്മയായ മറിയത്തോടൊത്ത് ശിഷ്യഗണം സെഹിയോൻ മാളികയിൽ പ്രാർത്ഥിച്ചു കാത്തിരിക്കവേയാണ് പെന്തക്കോസ്തി സംഭവവും ഉണ്ടായത്. അതുപോലെ ഇന്നു നാം ക്രിസ്തുരഹസ്യത്തിൽ പങ്കുകാരാകുന്നതും പ. അമ്മയോടൊപ്പമുള്ള സഭാ സമൂഹത്തിലാണ്. വി. ഗ്രന്ഥത്തിലെ മരിയദർശനം വ്യക്തമാക്കുന്ന തിരുവചനഭാഗങ്ങളാണിവ. പരി. അമ്മയും വിശുദ്ധരും നമുക്കു മാതൃകയും സ്വർഗ്ഗീയ മദ്ധ്യസ്ഥരുമായി സഭാസമൂഹത്തിന്റെ മുൻനിരയിലുണ്ട്. അതുകൊണ്ടാണ് വി. ഗ്രന്ഥത്തോട് പരിപൂർണ്ണമായ നീതിപുലർത്തുന്ന പൗരസ്ത്യ സഭാപാരമ്പര്യത്തിൽ പരി. അമ്മയെയും വിശുദ്ധരെയും ആരാധനക്രമ പ്രാർത്ഥനകളിൽ ഉൾച്ചേർത്തിരിക്കുന്നത്. അവർ നമ്മുടെ കേവലം വ്യക്തിപരമായ ഭക്തിയുടെ ഭാഗമല്ല, ആരാധനാസമുഹത്തിൽ ഉൾച്ചേർന്നുള്ളവരാണ്. അതിനാൽ നമ്മെ പ. അമ്മയിൽനിന്നും വിശുദ്ധരുടെ ഗണത്തിൽനിന്നും, അവരോടൊപ്പമുള്ള ഭൗമിക പറുദീസയാകുന്ന സഭാസമൂഹത്തിൽനിന്നും (വി. കത്തോലിക്കാ സഭയിൽനിന്ന്) വേർപെടുത്താനുള്ള പെന്തക്കോസ്തരുടെ പ്രയത്നം പറുദീസായിൽ നിന്ന് ആദിമാതാപിതാക്കളെ പുറത്താക്കിയ സർപ്പത്തിന്റെ (സാത്താന്റെ) വഞ്ചനാപരമായ പ്രവർത്തിപോലെയല്ലേ? എന്നു നാം തിരിച്ചറിയണം. പെന്തക്കോസ്തരുടെ ഈ ചതിയിലകപ്പെടാതിരിക്കാൻ നമുക്ക് ശ്രദ്ധാലുക്കളായിരിക്കാം! ഒപ്പം ഈ തിരുവചനഭാഗങ്ങളിലൂടെ ശരിയായ അവബോധവും ബോദ്ധ്യവും നല്കി അവരുടെ കെണിയിലകപ്പെട്ടുപോയവരെ മോചിപ്പിക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യാം!

*രണ്ടാമതായി,* യഹൂദരുടെ ശുദ്ധീകരണത്തിനു വെള്ളം നിറയ്ക്കുന്ന കൽഭരണികളിൽ വെള്ളം നിറയ്ക്കാൻ യേശു പരിചാരകരോടാവശ്യപ്പെട്ടതും, ആ വെള്ളത്തെ അവിടുന്ന് നല്ല മേൽത്തരം വീഞ്ഞാക്കിമാറ്റിതുമായ സംഭവം നമുക്കുനല്കുന്ന താഴെപ്പറയുന്ന അഞ്ചു പ്രധാന സന്ദേശങ്ങളാണ് നമ്മുടെ ചിന്തയ്ക്കു വിഷയമാക്കേണ്ടത്. (1) യഹൂദരുടെ ശുദ്ധീകരണത്തിനുപയോഗിക്കുന്ന കൽഭരണികളിലെ വെള്ളം യഹൂദരുടെ നിയമമായ തോറായെ സൂചി



malankaralibrary.com

പ്പിക്കുന്നു. യഹൂദർക്ക് ലഭിച്ച വെളിപാട് പച്ചവെള്ളം പോലെയാണെങ്കിൽ യേശുവിലൂടെ ലഭിച്ച വെളിപാട് മേൽത്തരം വീഞ്ഞിനു സമാനമാണ്. രണ്ടും തമ്മിലുള്ള അന്തരം ശ്രദ്ധിക്കുക. "എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു... എന്നാൽ നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ" (2:10) എന്ന് മണവാളനെ വിളിച്ചു പറഞ്ഞ കലവറക്കാരന്റെ വാക്കുകളും, യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് ഈ അത്ഭുതം (2:11) എന്ന ശ്ലീഹായുടെ വാക്കുകളും യേശുവിലൂടെയുള്ള വെളിപാടിന്റെ ശ്രേഷ്ഠതയെയാണ് വ്യക്തമാക്കുന്നത്. യേശുവിലൂടെ വെളിപ്പെട്ട ഈ ദൈവമഹത്വം ദർശിക്കുകയും അനേകരെ അതിലേക്കാകർഷിക്കുകയും ചെയ്യുകയാണ് വലിയനോമ്പിന്റെ ഒരു പ്രധാന ലക്ഷ്യമെന്ന് ഈ അടയാളം വ്യക്തമാക്കുന്നു.

(2) ദൈവം തന്റെ മഹത്വം വെളിപ്പെടുത്തുന്നത് അനേകരെ വിശ്വാസംവഴി തന്നിലേക്ക് അടുപ്പിക്കുന്നതിനും, അടുത്തുവന്നിട്ടുള്ളവരെ വിശ്വാസത്തിലുറപ്പിക്കുന്നതിനും വേണ്ടിയാണ്. യേശു ഈ അടയാളത്തിലൂടെ തന്റെ മഹത്വം വെളിപ്പെടുത്തിയപ്പോൾ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു എന്ന് സുവിശേഷം സാക്ഷിക്കുന്നല്ലോ (2:11).

(3) വിവാഹവിരുന്നിൽ വീഞ്ഞു തീർന്നുപോയ അവസ്ഥയും, യഹൂദരുടെ ഒഴിഞ്ഞ കൽഭരണികളിൽ നിറച്ച വെള്ളത്തെ യേശു വീഞ്ഞാക്കി മാറ്റിയതും, യഹൂദരുടെ തോറായിലൂടെയുള്ള വെളിപാടിന്റെ അപര്യാപ്തതയെയും, അതിനു പകരം യേശുവിലൂടെയുള്ള പൂർണ്ണ വെളിപാടിന്റെ അനിവാര്യതയെയും സൂചിപ്പിക്കുന്നു.

(4) യേശുവിലൂടെയുള്ള ഈ ദൈവീകവെളിപാടു സ്വീകരിക്കുന്നവരിൽ അഥവാ യേശുവിൽ വിശ്വസിക്കുന്നവരിൽ പച്ചവെള്ളം വീഞ്ഞായി രുപാന്തരപ്പെടുന്നതുപോലെയുള്ള രൂപാന്തരീകരണം സംഭവിക്കും. യഹൂദരുടെ വെളിപാട് പച്ചവെള്ളത്താൽ ബാഹ്യശുദ്ധിവരുത്തുന്നതിനേ ഉതകുകയുള്ളു. എന്നാൽ പരി. കുർബാനയിലൂടെ നമുക്കായി അവിടുന്നു നല്കുന്ന തിരുരക്തത്താലുള്ള ശുദ്ധീകരണംവഴിയായി ദൈവം നമ്മെ പരിപൂർണ്ണമായ ആന്തരീക പരിവർത്തനത്തിലേക്ക് (രുപാന്തരീകരണത്തിലേക്ക്) നയിക്കുന്നു.

**(5)** യഹൂദരുടെ തോറാ വഴി ലഭിക്കുന്ന രക്ഷയുടെ അനുഭവം പച്ചവെള്ളം കുടിക്കുന്നതിനു തുല്യമാണെങ്കിൽ യേശുവിലൂടെ ദൈവം നല്കിയ രക്ഷാദാനമോ മേൽത്തരം പുതുവീഞ്ഞു കുടിക്കുന്നതിനു തുല്യമാണ്. യേശുക്രിസ്തുവഴി നാം രക്ഷയുടെ പുതുയുഗത്തിലേക്കും, നവജീവന്റെ സമൃദ്ധിയിലേക്കും പ്രവേശിച്ചിരിക്കുന്നു എന്നർത്ഥം. അതായത്, ക്രിസ്തുവിലൂടെ സംജാതമായ രക്ഷയുടെ നവയുഗത്തിലെ മെസയാനിക വിരുന്നിന്റെ അനുഭവമാണ് ഈ അടയാളം സുചിപ്പിക്കുന്നത് എന്നർത്ഥം. പരി. കുർബാനയിലൂടെ അനുദിനം ഈ അനുഭവത്തിൽ നമുക്കു വളരാം. കർത്താവിന്റെ വാക്കിലൂടെ വെള്ളം വീഞ്ഞായിമാറിയതുപോലെ പരിശുദ്ധ കുർബാനയിൽ



malankaralibrary.com

പങ്കുചേരുന്ന നമ്മുടെ വ്യക്തിജീവിതത്തിൽ വലിയ പരിവർത്തനം സംഭവിക്കുകയും നാം മറ്റൊരുക്രിസ്തുവായി ത്രീയേകദൈവത്തിന്റെ സ്നേഹകൂട്ടായ്മയിൽ അഥവാ ജീവന്റെ സമൃദ്ധിയിൽ പങ്കുകാരാകുകയുംചെയ്യും.

നാം എന്തിനുവേണ്ടിയാണ് നോമ്പു നോക്കേണ്ടതെന്നും, തിരുസ്സഭയോടുചേർന്ന് എങ്ങനെ നോമ്പു നോക്കണമെന്നും ഈ തിരുവചനഭാഗം വ്യക്തമാക്കുന്നു. നോമ്പിന്റെ ആരംഭത്തിൽ ഈ സുവിശേഷഭാഗം നമ്മുടെ വിചിന്തനത്തിനായി നിശ്ചയിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യവും മുകളിൽപറഞ്ഞ സന്ദേശങ്ങളിൽനിന്നു തന്നെ വ്യക്തമാണ്. അതായത്, വലിയനോമ്പിലൂടെ നാം ദൈവമഹത്വം ദർശിക്കുന്നതിനും നവജീവ സമൃദ്ധിയിൽ വളരുന്നതിനും ഇടയാകണം. അതിനായി നോമ്പുകാലത്ത് നമ്മിൽ വലിയ പരിവർത്തനം സംഭവിക്കുകയും നാം വിശ്വാസത്തിൽ പടിപടിയായി വളരുകയും ചെയ്യാനിടയാകണം. ദൈവവചനവും പരി. ക്കുർബാനയുമാണ് ഇതിനെല്ലാം നമുക്ക് അടിസ്ഥാനം. നമ്മുടെ ഉപവാസവും പ്രാർത്ഥനകളും പരിത്യാഗപ്രവർത്തികളുമെല്ലാം ഫലമണിയുന്നത് പരി. കുർബാനയിലാണ്. ഈ ലക്ഷ്യബോധവും ബോദ്ധ്യവും നോമ്പിന്റെ അവസാനംവരെയും നമ്മുടെ കൺമുമ്പിലുണ്ടായിരിക്കണം. സദാ ഈ ലക്ഷ്യബോധത്തോടെ മുന്നേറുന്നതിനായി ഇടയ്ക്കിടെ ഈ ഭാഗം വായിച്ചു ധ്യാനിക്കുക. മുകളിൽ വിശദീകരിച്ച മറ്റു വായനകളും വരുന്ന ആഴ്ചകളിലെ വായനകളും എങ്ങനെ ഈ ലക്ഷ്യം പ്രാപിക്കാമെന്ന മാർഗ്ഗനിർദ്ദേശങ്ങൾ നമുക്കു നല്കുന്നു.

**ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:**

(1) ഈ ദിവസത്തെ വി.ഗ്രന്ഥ വായനകൾ എന്തെല്ലാം പ്രചോദനങ്ങളും ഉൾക്കാഴ്ച്ചകളുമാണ് നല്കിയത്?

(2) എങ്ങനെ അവ സ്വജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പ്രായോഗികമാക്കി വചനാനുഭവത്തിൽ വളരാം?

(3) നോമ്പിന്റെ ആദ്യ ദിവസങ്ങളിൽതന്നെ നല്ലൊരു കുമ്പസാരം നടത്തുക

## നോമ്പിന്റെ ഒന്നാം ദിവസം (തിങ്കൾ): ശുബ്ക്കോനോ

**എഫേ 4:25-32; മത്താ 4:1-11**

വലിയ നോമ്പിന്റെ ഒന്നാം ദിവസത്തെ ശുബ്ക്കോനൊ എന്നാണറിയപ്പെടുന്നത്. ശുബ്ക്കോനൊയെന്നത് വിശ്വാസി സകലമനുഷ്യരോടും അവരുടെ എല്ലാ അധർമ്മങ്ങളെയും ക്ഷമിക്കുകയും എല്ലാവരും തന്നോടു ക്ഷമിക്കുവാനായി സകലരോടും മാപ്പപേക്ഷിക്കുകയും ചെയ്യുന്ന ദിനമാണ്. അങ്ങനെ നോമ്പിന്റെ ആദ്യദിനത്തിൽതന്നെ എല്ലാവരും പരസ്പരം രമ്യപ്പെട്ട് സ്നേഹജീവിതത്തിൽ പ്രവേശിച്ചുകൊണ്ട് ദൈവമഹത്വം ദർശിക്കുവാനുള്ള വിശ്വാസജീവിതയാത്ര ആരംഭിക്കുകയാണ്. മൂന്നു നോമ്പിലെയും അതിനുശേഷം ശുബ്ക്കോനൊ വരെയുള്ള ദിവസങ്ങളിലെയും (പതിനെട്ടാമിടയിലെ) പരിശ്രമഫലമായുള്ള ഈ അനുരഞ്ജനം വലിയ നോമ്പിലേക്കു



malankaralibrary.com

പ്രവേശിക്കാനുള്ള പ്രാരംഭ ഒരുക്കമായിട്ടാണ് സഭ കണക്കാക്കുന്നത്. വലിയ നോമ്പിനുമുമ്പുള്ള മൂന്നു നോമ്പ് ക്രിസ്തീയ സഭയുടെ വ്യക്തിപരവും സമൂഹപരവുമായ അനുതാപത്തിന്റെ കാലമാണ്. ഈ ദിവസങ്ങളിൽ ക്രിസ്തീയ സഭ തനിക്കുവേണ്ടിയും പുറമേയുള്ള ലോകത്തിനുവേണ്ടിയും അനുതാപവും പാപപരിഹാരാർത്ഥമുള്ള ആത്മദണ്ഡനവും നടത്തുന്നു. നിനുവാക്കാർ മനസ്സുതിരിഞ്ഞ് ദൈവത്തെ വിളിച്ചപേക്ഷിച്ച് അനുഗ്രഹം പ്രാപിച്ചതുപോലെ സഭാമക്കളും സകലജനങ്ങളും ദൈവത്തിന്റെ കാരുണ്യത്തിനും അനുഗ്രഹങ്ങൾക്കും അർഹരായിത്തീരണമെന്നതാണ് ഇതിന്റെ ലക്ഷ്യം. ശുബുക്കോനോ ദിനത്തിലെ തിരുവചന വായനകൾ ഈ രമ്യതയുടെ വിവിധ തലങ്ങൾ വ്യക്തമാക്കുന്നു.

**എഫേ 4:25–32:** മാമോദീസായിലൂടെ പുതിയമനുഷ്യനെ ധരിച്ച് (4:24) ക്രിസ്തുവിൽ നവജീവിതം ആരംഭിക്കുയും ഒരേ ശരീരത്തിലെ അവയവങ്ങളായിത്തീരുകയും ചെയ്തവരുടെ ധാർമ്മികതയും ജീവിതശൈലിയും എപ്രകാരമായിരിക്കണമെന്ന് വ്യക്തമാക്കുകയാണ് ഈ തിരുവചനഭാഗത്തിലൂടെ. താഴെപ്പറയുന്ന 6 കാര്യങ്ങളാണ് ശ്ലീഹാ ഇതുവഴി നിർദ്ദേശിക്കുന്നത്. (1) വ്യാജംവെടിഞ്ഞ് പരസ്പരം സത്യം സംസാരിക്കുക. (2) കോപം പാപകരമാക്കി സാത്താനു നമ്മിൽ അവസരം കൊടുക്കരുത്. കോപിച്ചുപോയാലും അതു സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടുനില്ക്കരുത്, എത്രയുംവേഗം രമ്യപ്പെടണം. (3) ക്രിസ്തുശിഷ്യൻ ഇല്ലാത്തവനുമായി പങ്കുവയ്ക്കാൻവേണ്ടി പോലും മോഷ്ടിക്കരുത്, പകരം സ്വന്തം കൈകൾകൊണ്ട് മാന്യമായി ജോലിചെയ്തു സമ്പാദിക്കണം. (4) ക്രിസ്തുവിശ്വാസികളുടെ അധരങ്ങളിൽനിന്ന് തിന്മകരമായ ഒരു വാക്കുപോലും പുറപ്പെടരുത്, പകരം കേൾവിക്കാർക്ക് ആത്മീയ ചൈതന്യം പകരുന്ന നല്ലകാര്യങ്ങൾ സന്ദർഭോചിതമായി സംസാരിക്കണം. (5) രക്ഷയുടെ ദിനത്തിനുവേണ്ടി നമ്മെ മുദ്രിതരാക്കിയ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കുന്ന വിദ്വേഷവും, കോപവും എല്ലാത്തരം തിന്മകളും വെടിഞ്ഞ് ക്രിസ്തുവിൽ നവജീവിതം നയിക്കണം. (6) ദൈവം ക്രിസ്തുവഴി നമ്മോടു ക്ഷമിച്ചതുപോലെ നമ്മളും പരസ്പരം ക്ഷമിച്ചുകൊണ്ട് കരുണയോടും ഹൃദയാർദ്രതയോടും കൂടെ പെരുമാറണം (എഫേ 4:25–32).

**മത്താ 4:1–11:** നമ്മുടെ കർത്താവിന്റെ ഉപവാസത്തേയും മരുഭൂമിയിലെ പരീക്ഷയേയും വെളിപ്പെടുത്തുന്ന തിരുവചനഭാഗമാണിത്. വി. മർക്കോസിന്റെ സുവിശേഷത്തിൽ ഈ സംഭവം വിവരണമൊന്നും കൂടാതെ വെറും രണ്ടു വാക്യത്തിലവതരിപ്പിച്ചിരിക്കുന്നു (1:12–13). ഇതിൽനിന്ന് തങ്ങളുടെ ഗുരുവും നാഥനുമായ യേശു 40 ദിവസം ഉപവസിച്ചുവെന്നും, അവിടുന്നു പരീക്ഷിക്കപ്പെട്ടുവെന്നും ശിഷ്യന്മാർക്ക് അറിയാമായിരുന്നുവെന്നു വ്യക്തം. എന്നാൽ അത് അവിടുത്തെ ആന്തരീകമായ അനുഭവമായിരുന്നതിനാൽ എപ്രകാരമായിരുന്നു അവിടുത്തെ മനഃസാക്ഷിയിൽ ഈ പ്രലോഭനങ്ങൾ അനുഭവപ്പെട്ടതെന്ന് അവർക്കറിയാമായിരുന്നില്ല എന്നുവേണം അനു



malankaralibrary.com

മാനിക്കുവാൻ. വിശ്വാസികൾക്ക് അജപാലനപരമായ സഹായം നല്കുവാൻ പറ്റിയവിധത്തിൽ അവതരിപ്പിച്ചതായിരിക്കാം. ദൈവത്തോടൊത്തുള്ള മോശയുടെ 40 ദിവസത്തെ ഉപവാസത്തെയും (പുറ 34:8) ഏലിയായുടെ 40 ദിവസത്തെ മരുഭുയാത്രയെയും (1രാജാ 19:8), കർത്താവു നല്കിയ മന്നായ്ക്കെതിരെ പിറുപിറുക്കുകയും, അവിടുത്തെ കല്പനലംഘിച്ച് കാളക്കുട്ടിയെ ആരാധിക്കുകയും ചെയ്ത ഇസ്രായേൽജനം നാല്പതു വർഷം മരുഭൂമിയിലൂടെ അലഞ്ഞുതിരിഞ്ഞ സംഭവത്തോടും ബന്ധപ്പെടുത്തി ദൈവപുത്രനായ ക്രിസ്തുവിന്റെ ഉപവാസത്തെ അവതരിപ്പിച്ചിരിക്കുകയാണിവിടെ.

യേശുവിന്റെ പ്രലോഭനങ്ങൾ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുവാനുള്ള നിയമാ 6:5 -ലെ ദൈവകല്പനയ്ക്കെതിരെയുള്ള വിവിധതരത്തിലെ തിന്മകളാണ്. ഹൃദയം, ആത്മാവ്, ശക്തി, എന്നീ പദങ്ങളുടെ അർത്ഥത്തിന്റെ പശ്ചാത്തലത്തിൽ യേശുവിന്റെ മൂന്നു പ്രലോഭനങ്ങളെയും മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ ഇതു വ്യക്തമാകും. ***ഹൃദയം***. ഹൃദയത്തെ അന്നത്തെ റബ്ബിമാർ മനസ്സിലാക്കിയിരുന്നത് വികാരങ്ങളുടെ ഇരിപ്പിടമായിട്ടാണ്. മനുഷ്യനിൽ സ്നേഹം വെറുപ്പ് എന്നീ രണ്ട് അടിസ്ഥാന വികാരങ്ങളാണുള്ളത്. മനുഷ്യൻ തിന്മയെ വെറുത്തുപേക്ഷിച്ചുകൊണ്ട് പൂർണ്ണ ഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുകയും ദൈവതിരുമനസ്സു നിറവേറ്റുകയും ചെയ്യണം. ***ആത്മാവ്:*** ജീവന്റെ പ്രതീകമാണ്, അതിനാൽ പൂർണ്ണാത്മാവോടെ ദൈവത്തെ സ്നേഹിക്കുകയെന്നാൽ ജീവൻ ബലികഴിച്ചുപോലും നാം ദൈവത്തെ സ്നേഹിക്കണം എന്നർത്ഥം. ***ശക്തി*** എന്നതുകൊണ്ടിവിടെ അർത്ഥമാക്കുന്നത് എല്ലാവിധ സമ്പത്തും ആരോഗ്യവും അധികാരവുമാണ്.

യേശുവിന്റെ ഒന്നാമത്തെ പ്രലോഭനം കല്ല് അപ്പമാക്കി ഭക്ഷിച്ച് സ്വന്തം വിശപ്പടക്കാനായിരുന്നു. പ്രലോഭകൻ അവനെ സമീപിച്ചു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക.(4:4). എന്താണ് ഈ പ്രലോഭനത്തിന്റെ അർത്ഥം? പരമപിതാവിന്റെ തിരുഹിതപ്രകാരം മനുഷ്യകുലത്തിനുമുഴുവൻ രക്ഷയുടെ ശിലയാകേണ്ടവനെ തന്റെ രക്ഷാകര ദൗത്യത്തിൽനിന്നു പിന്തിരിപ്പിച്ച് സ്വന്തം അപ്പത്തിനുവേണ്ടിയുള്ള അദ്ധ്വാനത്തിൽ ശ്രദ്ധപതിപ്പിക്കാനുള്ള പ്രലോഭനമാണിത്. യേശുവിനെ വിശന്നും പരിക്ഷീണിതനുമായി കണ്ടില്ലായിരുന്നുവെങ്കിൽ പ്രലോഭകൻ സമീപിക്കില്ലായിരുന്നു. നമ്മുടെ വ്യക്തിജീവിതത്തിലെ പ്രതികൂല സാഹചര്യങ്ങളിലും പ്രതിസന്ധികളിലുമായിരിക്കും സാധാരണയായി നമ്മെ ലക്ഷ്യത്തിൽനിന്നു പിന്തിരിപ്പിക്കുന്ന പ്രലോഭനങ്ങളുണ്ടാവുക. യേശു പ്രലോഭിക്കപ്പെട്ടുവെങ്കിലും അവിടുന്നു നമ്മുടെ ആദിമാതാപിതാക്കളെപ്പോലെ പരാജിതനായില്ല. നിയമാ 8:3 ഉദ്ധരിച്ചുകൊണ്ട് യേശു പ്രതിവചിച്ചു: മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണു ജീവിക്കുന്നത് (മത്താ 4:4). മനുഷ്യന്റെ നിലനില്പ്പിന് അനിവാര്യമായ ശാരീ



malankaralibrary.com

രിക ഭക്ഷണത്തേക്കാൾ വിലപ്പെട്ടതായ ദൈവത്തിൽനിന്നും ദൈവവചനത്തിൽനിന്നും, മനുഷ്യന്റെ ദൈവനിശ്ചിതമായ പരമോദ്ദേശ്യത്തിൽനിന്നും, അവനെ വ്യതിചലിപ്പിക്കുന്ന എന്തെന്തു പ്രലോഭനങ്ങളാണ് ഇന്നു നമ്മുടെ ജീവിതസാഹചര്യങ്ങളിലുള്ളതെന്നു ചിന്തിക്കുക. ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ യേശു ചെയ്തതുപോലെ ദൈവത്തിലാശ്രയിച്ചുകൊണ്ട് വചനത്താൽ പ്രലോഭനങ്ങളെ ജയിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. അല്ലെങ്കിൽ തിന്മ നമ്മെ കീഴടക്കും.

യേശുവിന്റെ രണ്ടാമത്തെ പ്രലോഭനം വിശുദ്ധനഗരിയിൽവച്ചായിരുന്നു. പിശാച് യേശുവിനെ ദേവാലയത്തിന്റെ അഗ്രത്തിൽ കയറ്റിനിർത്തിയിട്ട് സങ്കീ 91:11–12 ഉദ്ധരിച്ചുകൊണ്ടു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ താഴേക്കു ചാടുക. നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാർക്കു കല്പന നല്കും; നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും എന്നെഴുതപ്പെട്ടിരിക്കുന്നു (മത്താ 4:6). പിശാചും ദൈവവചനം ഉദ്ധരിച്ചുകൊണ്ടാണ് യേശുവിനെ സമീപിച്ചതെങ്കിലും നിയമാ 6:16 ഉദ്ധരിച്ചുകൊണ്ട് യേശു പറഞ്ഞു, നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നുകൂടെ എഴുതപ്പെട്ടിരിക്കുന്നു (മത്താ 4:7). തന്റെ ജീവൻബലികഴിച്ചും പരമപിതാവിനെ മഹത്വപ്പെടുത്തുകയല്ലാതെ ദൈവകല്പന ലംഘിക്കുവാൻ യേശു തിരുമനസ്സായില്ല. അങ്ങനെ ദൈവകല്പനയ്ക്കെതിരെയുള്ള രണ്ടാമത്തെ പ്രലോഭനവും യേശു ജയിച്ചു.

പിശാച് വീണ്ടും യേശുവിനെ ഉയർന്ന ഒരു മലയിലേക്കു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വവും അവനെ കാണിച്ചുകൊണ്ടു പറഞ്ഞു, നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നല്കും (മത്താ 4:9). ഇവിടെ യേശുവിന്റെ പ്രലോഭനം സർവ്വശക്തിയോടുംകൂടെ ദൈവത്തെ സ്നേഹിക്കുന്നതിനും ശുശ്രൂഷയ്ക്കുന്നതിനും പകരമായി സമ്പത്തും അധികാരവും സ്വീകരിക്കുവാനായിരുന്നു. യേശു കല്പിച്ചു സാത്താനേ ദൂരെപ്പോവുക: (തുടർന്ന് നിയമാ 6:13–14 ഉദ്ധരിച്ചുകൊണ്ട് യേശു പറഞ്ഞു) എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവിടുത്തെ മാത്രമേ പൂജിക്കാവൂ എന്നെഴുതപ്പെട്ടിരിക്കുന്നു (മത്താ 4:10). അപ്പോൾ പിശാച് അവനെ വിട്ടുപോയി. ദൈവദൂതന്മാർ അടുത്തുവന്ന് അവനെ ശുശ്രൂഷിച്ചു (4:11). അങ്ങനെ സർവ്വശക്തിയോടുംകൂടെ ദൈവത്തെ സ്നേഹിക്കുവാനുള്ള കല്പനയ്ക്കെതിരെയുള്ള പ്രലോഭനവും യേശു ജയിച്ചു.

യേശുവിന്റെ ഈ പ്രലോഭനങ്ങൾക്ക് സാർവ്വത്രികമായ പ്രസക്തിയുണ്ട്. ശാരീരിക ഭക്ഷണവും സ്വാർത്ഥ താല്പര്യങ്ങളും, ശാരീരിക ജീവനും, സമ്പത്തും അധികാരവുമാണ് സാധാരണയായി ഇന്ന് മനുഷ്യനെ പ്രലോഭിപ്പിച്ച് ദൈവത്തിൽനിന്നകറ്റുന്ന പ്രധാന കാര്യങ്ങൾ. ദൈവത്തെ പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, സർവ്വശക്തിയോടുംകൂടെ സ്നേഹിക്കുന്നതിൽനിന്നു നമ്മെ പിന്തിരിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണിവ. പിതാവായ



malankaralibrary.com

ദൈവത്തോടുള്ള യേശുവിന്റെ അചഞ്ചലമായ സ്നേഹവും അനുസരണവുമാണ് അവിടുത്തെ വചനത്തിന്റെ സഹായത്താൽ പ്രലോഭനങ്ങളെ ജയിക്കാൻ യേശുവിനെ സഹായിച്ചത്. യേശുവിനെപ്പോലെ സ്വജീവനെപ്പോലും ത്യജിച്ചുകൊണ്ട് ദൈവത്തെ സ്നേഹിക്കാനും സേവിക്കാനും നാം തയ്യാറാകുമെങ്കിൽമാത്രമേ നമുക്കും പ്രലോഭനങ്ങളെ ജയിച്ചു മുന്നേറുവാൻ സാധിക്കുകയുള്ളു.

പ്രലോഭനങ്ങളെ ജയിക്കുന്നതിനുള്ള പരിശ്രമവും ഹാശായിൽ പങ്കുകൊള്ളുന്നതിനുള്ള പ്രയത്നവും ഒരു സംഗതിയുടെ ഇരുവശങ്ങളാണ്. പ്രലോഭനങ്ങളെ അതിജീവിക്കുന്നവർക്കുമാത്രമേ കഷ്ടാനുഭവത്തിൽ ശരിയായി പങ്കുകൊള്ളാനും അതിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കാനും സാധിക്കുകയുള്ളു. കഷ്ടാനുഭവത്തിൽ ശരിയായി പങ്കുകൊള്ളുന്നവർക്കു മാത്രമേ ഉയിർത്തെഴുന്നേല്പിന്റെ മഹിമയിൽ പങ്കുചേരാൻ സാധിക്കുകയുള്ളു. അതിനാൽ സഭാവത്സരത്തിലെ പരിശുദ്ധമായ ഈ കാലയളവിൽ തിന്മയുടേതായ എല്ലാ പ്രവർത്തികളും പരിത്യജിച്ച്, പ്രലോഭനങ്ങളെ ചെറുത്തുനില്ക്കുകയും കീഴടക്കുകയും ചെയ്തുകൊണ്ട്, സഹനത്തിന്റെ പാതയിലൂടെ മുന്നേറി ഉത്ഥാനമഹത്വത്തിൽ പങ്കുകാരാകാൻ നമുക്കു പരിശ്രമിക്കാം.

നോമ്പിന്റെ ഒന്നാമത്തെ ആഴ്ച്ചയിൽ താഴെപ്പറയുന്ന തിരുവചന ഭാഗങ്ങൾകൂടെ വായിച്ച് ധ്യാനിക്കുക. ചൊവ്വ - 2കൊരി 10:12-18; മത്താ 25:1-13; ബുധൻ - ഗലാ 4:12-20; മർ 1:35-39; വ്യാഴം- ഫിലെ 1:4-7; ലൂക്കാ 4:24-30; വെള്ളി- 2കൊരി 1:3-7; ലൂക്കാ 11:5-13; ശനി- എഫേ 6:1-4; മത്താ 7:7-12.

**ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:**

*(1)* ഇന്നത്തെ ലേഖനഭാഗവും സുവിശേഷവും നമ്മുടെ അനുദിന ജീവിതത്തിന് നല്കുന്ന പ്രചോദനങ്ങൾ എന്തെല്ലാം?

(2) മത്താ 4:1-11 ലൂടെ നമ്മുടെ കർത്താവു കാണിച്ചുതരുന്ന മാതൃക നമുക്കെങ്ങനെയെല്ലാം അനുകരിക്കാം?

# നോമ്പിലെ രണ്ടാം ഞായർ :ഗർബോ ഞായർ

സംഖ്യ 12:1-16; 2രാജാ 5:1-14; പ്രഭാ 28:1-12; യാക്കോ 1:12-18; തീത്തോ 2:11-15; മർ 1:40-45

യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തിയ സംഭവത്തെ അനുസ്മരിക്കുന്ന ദിനമായതിനാലാണ് ഈ ഞായറാഴ്ച്ചയെ ഗർബോ ഞായർ എന്നു വിളിക്കുന്നത്. ഈ ദിവസത്തെ വായനകളെല്ലാം നമ്മുടെ ചിന്തകളെ ഈ സംഭവത്തിലേക്കു തിരിക്കുന്നവയാണ്.

**സംഖ്യ 12:1-16:** മിരിയാമും അഹറോനും കർത്താവിന്റെ ദാസനായ മോശയ്ക്കെതിരെ സംസാരിച്ചപ്പോൾ മിരിയാം ശിക്ഷിക്കപ്പെട്ട് കുഷ്ഠരോഗിണിയായിത്തീർന്നതാണ് പശ്ചാത്തലം. കുഷ്ഠരോഗം ബാധിച്ച മിരിയാമിനെ അഹറോന്റെ അപേക്ഷപ്രകാരമുള്ള മോശയുടെ പ്രാർത്ഥനമൂലം കർത്താവ്



malankaralibrary.com

പിന്നീട് സുഖപ്പെടുത്തിയെങ്കിലും അവളെ ഏഴു ദിവസം പാളയത്തിനുപുറത്തു മാറ്റിപ്പാർപ്പിക്കുവാൻ അവിടുന്ന് ആവശ്യപ്പെട്ടു. ഈ സംഭവത്തിൽ ശ്രദ്ധേയമായിട്ടുള്ളത് മിരിയാമും അഹറോനും ഒരേ തെറ്റാണ് ചെയ്തത്. എന്നാൽ അഹറോനെ ദൈവം ശിക്ഷിച്ചില്ല. തെറ്റുപറ്റിയെന്നറിഞ്ഞയുടൻ അഹറോൻ മോശയോട് കുറ്റം ഏറ്റുപറഞ്ഞുകൊണ്ട് തങ്ങൾക്കുവേണ്ടി കർത്താവിനോടപേക്ഷിക്കുവാൻ യാചിച്ചു. മിരിയാമിന് ശിക്ഷയിൽനിന്നു മോചനം നല്കി അവളെ സൗഖ്യപ്പെടുത്തുന്നതിനുവേണ്ടി അപേക്ഷിച്ചതും അഹറോനാണ്. അഹറോന്റെ ക്ഷമാപണവാക്കുകൾ ശ്രദ്ധിക്കുക. "പ്രഭോ ഞങ്ങൾ ബുദ്ധിഹീനമായിട്ടാണ് പ്രവർത്തിച്ചത്; ആ പാപം ഞങ്ങളുടെമേൽ ചുമത്തരുതേ..." (12:11). തെറ്റുപറ്റുക മാനുഷീകമാണ്. എന്നാൽ അനുതാപപൂർവ്വം വിനീതമായി കുറ്റം ഏറ്റുപറഞ്ഞ് മാപ്പപേക്ഷിക്കുക ദൈവികമാണ്.

**2 രാജാ 5:1–15:** സിറിയായിലെ രാജാവിന്റെ സൈന്യാധിപനായിരുന്ന നാമാനെ കുഷ്ഠരോഗത്തിൽനിന്ന് ദൈവം സുഖപ്പെടുത്തുന്ന സംഭവമാണിവിടെ വിവരിക്കുന്നത്. രാജാവിന്റെ നിർദ്ദേശപ്രകാരം യാഹ്വെയുടെ പ്രവാചകനായ ഏലീഷായെ സമീപിച്ച നാമാനോട് ജോർദാനിൽ പോയി കുളിച്ചു ശുദ്ധിവരുത്തുവാൻ ദുതൻവഴി പ്രവാചകൻ അറിയിച്ചപ്പോൾ അവൻ "കുപിതനായി മടങ്ങിപ്പോയി. അവൻപറഞ്ഞു: ഏലീഷാ എന്റെ അടുത്ത് ഇറങ്ങിവന്ന് തന്റെ ദൈവമായ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുമെന്നും, കരം വീശി കുഷ്ഠം സുഖപ്പെടുത്തുമെന്നും ഞാൻ വിചാരിച്ചു. ദമാസ്കസിലെ അബാനായും ഫാർപാറും ഇസ്രായേലിലെ നദികളെക്കാൾ ശ്രേഷ്ഠമല്ലേ? അവയിൽകുളിച്ച് എനിക്കു ശുദ്ധി പ്രാപിച്ചുകൂടേ? അങ്ങനെ അവൻ ക്രുദ്ധനായി അവിടെനിന്നു തിരിച്ചുപോയി" (10–12). നാമാന്റെ ഈ പ്രതികരണം അദ്ദേഹത്തിന്റെ അഹന്തയും വിനയമില്ലായ്മയും, അനുതാപമില്ലായ്മയും വിശ്വാസക്കുറവുമെല്ലാമാണ് സൂചിപ്പിക്കുന്നത്. അദ്ദേഹം സ്വന്തം കുറവു മനസ്സിലാക്കുന്നതിനുപകരം പ്രവാചകനിൽ കുറ്റം ആരോപിക്കുകയായിരുന്നു.

എന്നാൽ ഭൃത്യന്മാർ അവനോടു പറഞ്ഞു, പിതാവേ പ്രവാചകൻ ഭാരിച്ച ഒരു കാര്യമാണു കല്പിച്ചിരുന്നതെങ്കിൽ അങ്ങു ചെയ്യുമായിരുന്നില്ലേ? അപ്പോൾ കുളിച്ചു ശുദ്ധനാകുക എന്നു പറയുമ്പോൾ എത്രയോകൂടുതൽ താത്പര്യത്തോടെ അങ്ങ് അതുചെയ്യേണ്ടതാണ്. ഭൃത്യന്മാരുടെ ഈ ഇടപെടൽ ശ്രദ്ധിക്കുക. തങ്ങളുടെ യജമാനന്റെ പക്ഷംചേർന്ന് അവർക്കും പ്രവാചകന്റെമേൽ കുറ്റം ആരോപിച്ച് യജമാനനെ നീതീകരിക്കാമായിരുന്നു. അവരുടെ നീതിപൂർവ്വവും നിഷ്പക്ഷവുമായ വിലയിരുത്തലും, വിശ്വാസത്തോടും ഉറച്ച നിലപാടോടുംകൂടെയുള്ള വിനീതവും വിവേകപൂർവ്വവുമായ ഇടപെടലുമാണ് ഇവിടെ പ്രകടമാകുന്നത്. ഭൃത്യന്മാരുടെ വാക്കുകേട്ട നാമാൻ അവരുടെ അപേക്ഷസ്വീകരിച്ച് ഏലീഷാ കല്പിച്ചപ്രകാരം ജോർദാനിൽ പോയി കുളിച്ചു. അപ്പോൾ അവന്റെ കുഷ്ഠം മാറി അവൻ ശുദ്ധനായിത്തീർന്നു. അങ്ങനെ അവൻ ദൈവമഹത്വം ദർശിച്ചു. ഉടനേ അവൻ ഭൃത്യന്മാരൊത്ത് ഏലീഷായുടെ



malankaralibrary.com

അടുത്തുചെന്നു പറഞ്ഞു, *ഭൂമിയിൽ ഇസ്രായേലിന്റേതല്ലാതെ മറ്റൊരു. ദൈവമില്ലെന്ന് ഞാൻ ഇപ്പോൾ അറിയുന്നു.* ഇസ്രായേലിന്റെ ദൈവമായ കർത്താവിനെ അവൻ മഹത്വപ്പെടുത്തി.

നാമാൻ സൗഖ്യംപ്രാപിക്കുന്നതിൽ ക്രമാനുഗതമായ ഒരു പ്രോസസ് (process) കാണുന്നു: രാജാവിന്റെ നിർദ്ദേശപ്രകാരം അവൻ പ്രവാചകന്റെയടുക്കൽ പോകുന്നു, പ്രവാചകന്റെ നിർദ്ദേശത്തോടുള്ള നിഷേധാത്മകമായ പ്രതികരണം, ഭൃത്യന്മാരുടെ വിനീതവും വിവേകപൂർവ്വവുമായ ഉപദേശപ്രകാരം അവൻ കുളത്തിൽപോയി കുളിച്ചു ശുദ്ധിപ്രാപിക്കുന്നത്, അങ്ങനെ അവസാനം അവൻ ദൈവമഹത്വം ദർശിക്കുന്നത്, അപ്പോഴുണ്ടായ അവന്റെ വിശ്വാസ പ്രഖ്യാപനം. ഇതിൽ നാമാന്റെ ഭൃത്യന്മാരുടെ ഇടപെടലിന്റെ രീതി പ്രത്യേകം ശ്രദ്ധേയമാണ്. *(1) ഇവ നമുക്കു നല്കുന്ന സന്ദേശമെന്തെന്നും സ്വഭവനത്തിലെ പ്രതികൂലസാഹചര്യങ്ങളെയും, നിഷേധാത്മകമായി പ്രതികരിക്കുന്ന വ്യക്തികളെയും (നാമാനെപ്പോലെ) എങ്ങനെ മാറ്റിയെടുക്കാമെന്നു ചിന്തിക്കുക. (2) ഭൃത്യന്മാരുടെ ഇടപെടൽപോലെ മറ്റുവ്യക്തികളെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുകയും സഹായിക്കുകയും ചെയ്യാമെന്നു ചിന്തിക്കുക.*

**പ്രഭാ 28:1–12:** നാം മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുന്നില്ലെങ്കിൽ നമ്മുടെ തെറ്റുകൾ ദൈവവും ക്ഷമിക്കുകയില്ലെന്ന യാഥാർത്ഥ്യം വളരെ വ്യക്തമായി അവതരിപ്പിച്ചിരിക്കുകയാണ് ഈ തിരുവചനഭാഗത്ത്. പ്രസ്തുതഭാഗമെടുത്ത് പലപ്രാവശ്യം വായിക്കുക. "പ്രതികാരം ചെയ്യുന്നവനോട് കർത്താവു പ്രതികാരം ചെയ്യും; അവിടുന്ന് അവന്റെ പാപം മറക്കുകയില്ല. അയല്ക്കാരന്റെ തിന്മകൾ ക്ഷമിച്ചാൽ നീപ്രാർത്ഥിക്കുമ്പോൾ നിന്റെ പാപങ്ങളും ക്ഷമിക്കപ്പെടും"(1–2). സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ ഇതു പ്രത്യേകം ഓർക്കുക. തിരുവചനത്തിലൂടെ കർത്താവ് നമ്മോടു ചോദിക്കുകയാണ് "അയല്ക്കാരനോടു പക വച്ചുപുലർത്തുന്നവന് കർത്താവിൽനിന്നു കരുണ പ്രതീക്ഷിക്കാമോ? തന്നെപ്പോലെയുള്ളവനോട് കരുണ കാണിക്കാത്തവൻ പാപമോചനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതെങ്ങനെ? മർത്യൻ വിദ്വേഷം വച്ചുകൊണ്ടിരിക്കുന്നെങ്കിൽ അവന്റെ പാപങ്ങൾക്ക് ആര് പരിഹാരം ചെയ്യും?" (3–5) കർത്താവ് നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു, "ജീവിതാന്ത്യം ഓർത്ത് ശത്രുത അവസാനിപ്പിക്കുക; നാശത്തെയും മരണത്തെയും ഓർത്ത് കല്പനകൾ പാലിക്കുക. കല്പനകളനുസ്മരിച്ച് അയല്ക്കാരനോടു കോപിക്കാതിരിക്കുക; അത്യുന്നതന്റെ ഉടമ്പടി അനുസ്മരിച്ച് മറ്റുള്ളവരുടെ കുറ്റങ്ങൾ അവഗണിക്കുക" (6–7).

കലഹത്തിൽ നിന്നും, കോപത്തിൽനിന്നും, ശത്രുതയിൽനിന്നും, ദുശ്ശാഠ്യത്തിൽനിന്നും പിന്തിരിയാനുള്ള ആഹ്വാനമാണ് തുടർന്നുള്ള വാക്യങ്ങളിൽ നല്കുന്നത്. ഈ തിരുവചനം ജീവിതത്തിലുടനീളം ഇടയ്ക്കിടെ വായിച്ചു ധ്യാനിക്കുക. അതിന്റെ വെളിച്ചത്തിൽ സ്വജീവിതത്തെ ശോധന ചെയ്യുകയും വേണം. ഇതോടൊപ്പം ഹെബ്രാ 3:12–19–ഉം വായിച്ചു



malankaralibrary.com

*ധ്യാനിക്കുക. ഈ തിരുവചനം സ്വന്തം വ്യക്തിജീവിതത്തിനും കുടുംബ ത്തിനും നല്കുന്ന സന്ദേശങ്ങൾ എന്തൊക്കെയെന്നു ചിന്തിക്കുക.*

**യാക്കോബ്: 1:12–18:** വിശ്വാസത്തിന്റെ വെളിച്ചത്തിൽ പരീക്ഷ കളെ ക്ഷമയോടെ സഹിച്ചുകൊണ്ട് നാം എപ്രകാരം നോമ്പുനോക്കണമെ ന്നാണ് ഈ തിരുവചനത്തിലൂടെ യാക്കോബ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പി ക്കുന്നത്. "പരീക്ഷകൾ ക്ഷമയോടെ സഹിക്കുന്നവൻ ഭാഗ്യവാൻ എന്തെ ന്നാൽ അവൻ പരീക്ഷകളെ അതിജീവിച്ചു കഴിയുമ്പോൾ തന്നെ സ്നേഹി ക്കുന്നവർക്ക് ദൈവം വാഗ്ദാനംചെയ്തിരിക്കുന്ന ജീവന്റെ കിരീടം അവനു ലഭിക്കും". എന്നാൽ "പരീക്ഷിക്കപ്പെടുമ്പോൾ താൻ ദൈവത്താലാണ് പരീ ക്ഷിക്കപ്പെടുന്നത് എന്ന് ഒരുവനും പറയാതിരിക്കട്ടെ എന്തെന്നാൽ ദൈവം തിന്മയാൽ പരീക്ഷിക്കപ്പെടുന്നില്ല, അവിടുന്ന് ആരെയും പരീക്ഷിക്കുന്നുമി ല്ല." ശ്ലീഹായുടെ അഭിപ്രായത്തിൽ, "ഓരോരുത്തരും പരീക്ഷിക്കപ്പെടുന്നത് സ്വന്തം ദുർമോഹങ്ങളാൽ വശീകരിക്കപ്പെട്ട് കുടുക്കിലാകുമ്പോഴാണ്. ദുർമോഹം ഗർഭംധരിച്ച് പാപത്തെ പ്രസവിക്കുന്നുവെന്നും, പാപം പൂർണ്ണ വളർച്ചപ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു". വിശ്വാസികൾക്ക് മാർഗ്ഗ ഭ്രംശം സംഭവിക്കാതിരിക്കാൻ വ്യക്തമായ പ്രബോധനമെന്നനിലയിൽ അദ്ദേഹം പറയുന്നു, "ഉത്തമവും പൂർണ്ണവുമായ എല്ലാ ദാനങ്ങളും ഉന്നത ത്തിൽനിന്ന്, മാററമോ മാററത്തിന്റെ നിഴലോ ഇല്ലാത്ത പ്രകാശങ്ങളുടെ പിതാ വിൽനിന്നു വരുന്നു. തന്റെ സൃഷ്ടികളിൽ ആദ്യഫലമാകേണ്ടതിന് സത്യ ത്തിന്റെ വചനത്താൽ, നമുക്ക് ജന്മം നല്കാൻ അവിടുന്ന് തിരുമനസ്സായി." ആകയാൽ തിന്മയെ ദൂരീകരിച്ചുകൊണ്ട്, ശരിയായ വിശ്വാസത്തോടും സമ ചിത്തതയോടുംകൂടെ പരീക്ഷകളെ ജയിച്ച് അവിടുത്തെ തിരുഹിതം നമ്മിൽ നിറവേറ്റുവാൻ നാം സദാ പരിശ്രമിക്കേണ്ടതാണ്.

**മർ 1: 40–45:** യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന സംഭവ മാണിത്. ഒരു കുഷ്ഠരോഗി യേശുവിന്റെ അടുത്തെത്തി മുട്ടുകുത്തി അപേ ക്ഷിച്ചു, "അങ്ങേയ്ക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും. കർത്താവിന് കരുണതോന്നി കൈനീട്ടി അവനെ സ്പർശിച്ചുകൊണ്ടു പറഞ്ഞു: എനിക്കു മനസ്സുണ്ട്; നിനക്കു ശുദ്ധിയുണ്ടാകട്ടെ. തത്ക്ഷണം കുഷ്ഠം മാറി അവനു ശുദ്ധിവന്നു." കർത്താവിന്റെ വാക്കും സ്പർശനവും അവന്റെ വിശ്വാസമാണ് അവനെ സുഖപ്പെടുത്തിയത്. അന്നത്തെ സാമൂ ഹിക ചുറ്റുപാടുകളുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഒരു കുഷ്ഠരോഗി ശിഷ്യഗണത്തോടൊപ്പം യാത്രയിലായിരിക്കുന്ന യേശുവിന്റെ മുന്നിലേക്ക് വന്നു മുട്ടുകുത്തുക എന്നത് അസാദ്ധ്യമാണ്, യേശു അവനെ കൈനീട്ടി സ്പർശിക്കുക എന്നത് അതിലും അസാദ്ധ്യം. എന്നിട്ടും കുഷ്ഠരോഗി അ തിനു മനസ്സായത് അവന് കർത്താവിലുള്ള വലിയ ശരണത്തിന്റെയും അവന്റെ വിശ്വാസത്തിന്റെയും, വിനയത്തിന്റെയും, തുറവിയുടെയുമെല്ലാം പ്രതിഫലനമാണ്. അതിൽനിന്നു ലഭിച്ച അനുഗ്രഹം എത്രവലുതാണെന്നു



malankaralibrary.com

ചിന്തിക്കുക. കർത്താവിന് അവനോടു കരുണതോന്നി. തന്റെ കരുണയുടെ കരംനീട്ടി അവനെ സ്പർശിച്ച് ഉടനടി സുഖപ്പെടുത്തി.

അനുതാപത്തോടും ഉറച്ചവിശ്വാസത്തോടും വിനയപൂർവ്വം കർത്താവിലേക്കു തിരിയുന്ന പാപിയുടെമേൽ കർത്താവിന് കരുണതോന്നാതിരിക്കില്ല, അവിടുന്നവനെ ശുദ്ധിവരുത്തി രക്ഷയുടെ പാതയിലേക്കു നയിക്കുകതന്നെ ചെയ്യും എന്ന സന്ദേശമാണ് ഈ തിരുവചനഭാഗം നമുക്കു നല്കുന്നത്. നാമാന്റെയും മിരിയാമിന്റെയും ഉദാഹരണവും ഇത്തരുണത്തിൽ അനുസ്മരിക്കുക. എന്നാൽ ഈ സുവിശേഷത്തിൽ പറയുന്ന കുഷ്ഠരോഗിയോ! അവൻ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടാണ് യേശുവിനെ സമീപിച്ചത്, സുഖംപ്രാപിച്ചതിനുശേഷമല്ല. അതിനാൽ ഉടനടി അവൻ ദൈവമഹത്വം ദർശിക്കുകയും സുഖം പ്രാപിക്കുകയുംചെയ്തു. സുഖംപ്രാപിച്ചുകഴിഞ്ഞപ്പോൾ, നീ ഇതേപ്പററി ആരോടും ഒന്നും സംസാരിക്കരുത്. പോയി, പുരോഹിതനു നിന്നെത്തന്നെ കാണിച്ചുകൊടുക്കുക. മോശയുടെ കല്പനയനുസരിച്ച് ജനങ്ങൾക്കു സാക്ഷ്യത്തിനായി ശുദ്ധീകരണക്കാഴ്ച്ചകൾ സമർപ്പിക്കുകയും ചെയ്യുക, എന്ന് യേശു അവനെ കർശനമായി താക്കീതുചെയ്തു പറഞ്ഞിട്ടും അവൻ പുറത്തുചെന്ന് വളരെക്കാര്യങ്ങൾ പ്രഘോഷിക്കാനും ഇതു പ്രസിദ്ധമാക്കാനും തുടങ്ങി. തന്മൂലം, പിന്നീട് പട്ടണത്തിൽ പരസ്യമായി പ്രവേശിക്കുവാൻ യേശുവിനു സാധിച്ചില്ല. അവൻ പുറത്ത് വിജനപ്രദേശങ്ങളിൽ തങ്ങി. എങ്കിലും ജനങ്ങളാകട്ടെ, എല്ലായിടങ്ങളിലുംനിന്ന് അവന്റെയടുത്ത് വന്നുകൊണ്ടിരുന്നു.

ഈ ദിവസത്തെ വായനകൾ കഴിഞ്ഞ ആഴ്ചയിലെ വായനയോടു ചേർത്തു ചിന്തിക്കുമ്പോൾ മൂന്നു കാര്യങ്ങൾ മനസ്സിലാകും. ***ഒന്നാമതായി,*** കൊത്തിനെ ഞായറിലെ കാനായിലെ കല്യാണവിരുന്നിലെ സംഭവംവഴി പഴയനിയമത്തിൽ യഹൂദരുടെ തോറായിലൂടെ ലഭിച്ച വെളിപാടിനേയും രക്ഷയെയുംകാൾ യേശുവിലൂടെ നല്കപ്പെട്ട ദൈവീകവെളിപാടിന്റെയും രക്ഷയുടെയും ശ്രേഷ്ഠതയെ പ്രതീകാത്മകമായി സൂചിപ്പിച്ചു. എന്നാൽ ഗർബോഞായറിലൂടെ ഇത് യേശു വ്യക്തമായി വെളിപ്പെടുത്തി. അങ്ങനെ പ്രതീകാത്മകമായി വെളിപ്പെടുത്തിയത് യാഥാർത്ഥ്യമാക്കിത്തീർത്തു. *രണ്ടാമതായി,* പഴയ നിയമത്തിൽ നിന്നുള്ള വായനയിൽ സൂചിപ്പിച്ചതുപോലുള്ള ബാഹ്യശുദ്ധിയല്ല യേശു സുഖപ്പെടുത്തിയ കുഷ്ഠരോഗിക്കു ലഭിച്ചത്. ഇതുവഴി കൊത്തിനെ ഞായറിൽ സൂചിപ്പിച്ച യേശുവിലൂടെയുള്ള ആന്തരീക ശുദ്ധീകരണവും സമൂലപരിവർത്തനവും പ്രകടമായി. ***മൂന്നാമതായി,*** പഴയനിയമത്തിലെ തോറായിൽനിന്നു വ്യത്യസ്ഥമായി യേശുവിലൂടെ നല്കപ്പെട്ട രക്ഷയുടെ നവയുഗത്തെക്കുറിച്ചുള്ള സൂചന ഇന്നു നിറവേറി. യേശുവിലുള്ള യഥാർത്ഥ വിശ്വാസമുള്ളവർക്കേ ഈ വിശുദ്ധീകരണ അനുഭവത്തിലേക്കും, ദൈവമഹത്വ ദർശനത്തിലേക്കും, രക്ഷയുടെ അഥവാ നവജീവസമൃദ്ധിയുടെ, അനുഭവത്തിലേക്കും കടന്നുവരാൻ സാധിക്കുകയുള്ളു.



malankaralibrary.com

**ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:**

(1) ഈ ദിവസത്തെ വി. ഗ്രന്ഥ വായനകൾ നല്കുന്ന ഉൾക്കാഴ്ച്ചകളെ ന്തെല്ലാം? അവ പ്രാവർത്തികമാക്കുവാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്തുക

(2) അഹറോനും, മിറിയാമും, മോശയും, നാമാനും, നാമാന്റെ ഭൃത്യന്മാരും, സുവിശേഷത്തിലെ കുഷ്ഠരോഗിയും നമ്മെ എങ്ങനെ സ്വാധീനിക്കുന്നു

# നോമ്പിന്റെ മൂന്നാം ഞായർ: മ്ശറിയോ ഞായർ

നിയമാ 31:19–30; എസക്കി 34: 1–12; ഏശ 5:18–25;
യാക്കോ 3:1–12; റോമ 2:1–7; മർക്കോ 2:1–12

**നിയമാ 31:19–30:** കർത്താവ് മോശയ്ക്കു നല്കുന്ന അന്തിമനിർദ്ദേശമാണിത്. ഇസ്രായേൽജനം ഒരുമിച്ചു സമ്മേളിക്കുമ്പോഴെല്ലാം എല്ലാവരും കേൾക്കെ വായിക്കുവാനായി മോശ കർത്താവിന്റെ നിയമങ്ങളെഴുതിയതിനു (31:9–13) സമാന്തരമായി ഇസ്രായേൽ ജനം തന്നോടുകാട്ടാനിരിക്കുന്ന അവിശ്വസ്തതയെക്കുറിച്ചും അതുവഴി അവരുടെമേൽ വരാനിരിക്കുന്ന ദൈവകോപത്തെക്കുറിച്ചുമുള്ള ഗീതം എഴുതുവാൻ കർത്താവ് മോശയോടു കല്പിച്ചു. ഇതാണ് നിയമാ 31:16–21 –ൽ വിവരിച്ചിരിക്കുന്നത്: "കർത്താവു മോശയോട് അരുളിച്ചെയ്തു: ഇതാ നീ നിന്റെ പിതാക്കന്മാരോടുകൂടെ നിദ്രപ്രാപിക്കാറായിരിക്കുന്നു. ഈ ജനം തങ്ങൾ വസിക്കാൻപോകുന്ന ദേശത്തെ അന്യദേവന്മാരെ പിൻചെന്ന് അവരുമായി വേശ്യാവൃത്തിയിലേർപ്പെടുകയും ഞാൻ അവരോടു ചെയ്ത ഉടമ്പടി ലംഘിക്കുകയും ചെയ്യും. അന്ന് അവരുടെ നേരേ എന്റെ കോപം ജ്വലിക്കും. ഞാൻ അവരെ പരിത്യജിക്കുകയും അവരിൽനിന്ന് എന്റെ മുഖം മറയ്ക്കുകയും ചെയ്യും. അവർ നാശത്തിനിരയാകും. അനേകം അനർത്ഥങ്ങളും കഷ്ടതകളും അവർക്കുണ്ടാകും. നമ്മുടെ ദൈവം നമ്മുടെ ഇടയിൽ ഇല്ലാത്തതുകൊണ്ടല്ലേ ഈ കഷ്ടപ്പാടുകൾ നമുക്ക് വന്നു ഭവിച്ചതെന്ന് ആ ദിവസം അവർ പറയും.... അവരുടെ പിതാക്കന്മാർക്കു നല്കുമെന്നു ശപഥം ചെയ്ത തേനും പാലും ഒഴുകുന്ന ഭൂമിയിൽ ഞാൻ അവരെ എത്തിക്കും. അവിടെ അവർ ഭക്ഷിച്ച് തൃപ്തരായി തടിച്ചുകൊഴുക്കും. അപ്പോൾ അവർ അന്യദേവന്മാരുടെ നേരേതിരിഞ്ഞ് അവരെ സേവിക്കും. എന്റെ ഉടമ്പടി ലംഘിച്ച് എന്നെ നിന്ദിക്കും.... അവർക്കു നല്കുമെന്നു ശപഥം ചെയ്ത ദേശത്ത് ഞാൻ അവരെ എത്തിക്കുന്നതിനുമുമ്പുതന്നെ അവരിൽ കുടികൊള്ളുന്ന വിചാരങ്ങൾ എനിക്കറിയാം."

അന്നുതന്നെ മോശ ഈ ഗാനമെഴുതി ഇസ്രായേൽജനത്തെ പഠിപ്പിച്ചു (31:22). എന്തിനാണ് കർത്താവ് മോശയോടിപ്രകാരം കല്പിച്ചത്? ജനം പാലിക്കേണ്ട ദൈവത്തിന്റെ നിയമം എഴുതിക്കൊടുക്കുകവഴി ദൈവത്തോടും ദൈവജനത്തോടുമുള്ള അവരുടെ കടപ്പാടുകളെക്കുറിച്ചു ബോദ്ധ്യം നല്കുകയായിരുന്നു. അതോടൊപ്പം അവരുടെ ഹൃദയവിചാരങ്ങളറിയാവുന്ന കർത്താവ്



malankaralibrary.com

അവർ തന്നോടു കാണിക്കാനിരിക്കുന്ന അവിശ്വസ്തതയെക്കുറിച്ചും അതുവഴി അവരുടെമേൽ വരാനിരിക്കുന്ന ദൈവകോപത്തെക്കുറിച്ചുമുള്ള ഗാനം (31:16–21) എഴുതാനാവശ്യപ്പെട്ടത് അവർ തെററിൽ വീഴാതിരിക്കാൻ മുൻകൂട്ടിയുള്ള ഒരു മുൻകരുതലെന്നപോലെയും താക്കീതെന്നപോലെയുമാണ്.

മോശയുടെ നിയമപുസ്തകമെടുത്ത് കർത്താവിന്റെ ഉടമ്പടിയുടെ പ്രമാണങ്ങൾ (കല്പനകൾ) വച്ചിരുന്ന പേടകത്തിനരികിൽ വയ്ക്കാൻ ഉടമ്പടിയുടെ പേടകം വഹിച്ചിരുന്ന ലേവ്യരോടു മോശ കല്പിച്ചു (31:24–26). തുടർന്ന് കർത്താവു നല്കിയ ജനത്തിന്റെ അവിശ്വസ്തതയുടെ ഗാനം (31:16–21) അവസാനംവരെ ഇസ്രായേൽ സമൂഹത്തെ മുഴുവൻ മോശ ചൊല്ലികേൾപ്പിച്ചു (31:30). തന്റെ ജനം തിന്മയിൽ വീഴാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും നിർദ്ദേശങ്ങളും നല്കുന്ന ഒരു ദൈവത്തെയാണ് ഇവിടെ നമുക്ക് ദർശിക്കാനാവുക.

**എസക്കി 34: 1–12:** ഇസ്രായേലിന്റെ ഇടയന്മാർക്കെതിരേയുള്ള കർത്താവിന്റെ വാക്കുകളാണ് 1 മുതൽ 10 വരെയുള്ള വാക്യങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നത്: "തങ്ങളെത്തന്നെ പോററുന്ന ഇടയന്മാരേ നിങ്ങൾക്കു ദുരിതം! ഇടയന്മാർ ആടുകളെയല്ലേ പോറേറണ്ടത്? എന്നാൽ നിങ്ങൾ ആടുകളെ പോററുന്നില്ല. ദുർബ്ബലമായതിന് നിങ്ങൾ ശക്തികൊടുത്തില്ല; മുറിവേററതിനെ വച്ചുകെട്ടിയില്ല; വഴിതെററിയതിനെ തിരികെക്കൊണ്ടുവരുകയോ കാണാതായതിനെ തേടുകയോ ചെയ്തില്ല. മറിച്ച് കഠിനമായും ക്രൂരമായും നിങ്ങൾ അവയോടു പെരുമാറി. ഇടയനില്ലാത്തതിനാൽ അവ ചിതറിപ്പോയി... ആകയാൽ ഇടയന്മാരേ കർത്താവിന്റെ വചനം ശ്രവിക്കുവിൻ. ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ഇതാ ഞാൻ ഇടയന്മാർക്കെതിരാണ്. എന്റെ ആടുകൾക്കു ഞാൻ അവരോടു കണക്കുചോദിക്കും..." ഇടയന്മാരുടെ അജപാലന ധർമ്മത്തിനും, അധികാരികളുടെയും യജമാനന്മാരുടെയും പരിപാലന ധർമ്മത്തിനും വ്യക്തമായ കാഴ്ച്ചപ്പാടുകൾ നല്കുന്ന ഈ തിരുവചനഭാഗം *ഇന്നു നമുക്കു നല്കുന്ന ആനുകാലികമായ സന്ദേശങ്ങളെക്കുറിച്ച് ചിന്തിക്കുക.*

11, 12 വാക്യങ്ങളിൽ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു, "ഇതാ ഞാൻതന്നെ എന്റെ ആടുകളെ അന്വേഷിച്ചു കണ്ടുപിടിക്കും. ആടുകൾ ചിതറിപ്പോയാൽ ഇടയൻ അവയെ അന്വേഷിച്ചിറങ്ങും. അതുപോലെ ഞാൻ എന്റെ ആടുകളെ അന്വേഷിക്കും. കാറു നിറഞ്ഞ് അന്ധകാരപൂർണ്ണമായ ആ ദിവസം ചിതറിപ്പോയ ഇടങ്ങളിൽനിന്നെല്ലാം ഞാൻ അവയെ വീണ്ടെടുക്കും." പ്രവാസികളായി ചിതറിക്കപ്പെട്ട ഇസ്രായേൽ മക്കളെ നല്ലിടയനായ കർത്താവ് തേടിയിറങ്ങുകയും തിരികെ കൊണ്ടുവരുകയും ചെയ്യുമെന്നർത്ഥം. കർത്താവിന്റെ അന്തിമ വാക്ക് ശിക്ഷയുടേതല്ല, രക്ഷയുടേതാണ്.

**ഏശ 5:20–25:** അനീതി പ്രവർത്തിക്കുന്ന; സൈന്യങ്ങളുടെ ദൈവമായ കർത്താവിന്റെ നിയമത്തെ നിരസിക്കുകയും ഇസ്രായേലിന്റെ പരിശുദ്ധനായ



malankaralibrary.com

വന്റെ വചനത്തെ നിന്ദിക്കുകയുംചെയ്ത ദൈവജനത്തിനെതിരായ ദൈവകോപത്തെ ചിത്രീകരിക്കുന്ന പ്രവാചകവചനങ്ങളാണിവ.

**യാക്കോബ് 3:2–12:** മനുഷ്യന്റെ നാവു വരുത്തിവയ്ക്കുന്ന വിനാശത്തെക്കുറിച്ചും, നാവിനെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വളരെ വ്യക്തമായി പ്രതിപാദിക്കുന്ന ഒരു തിരുവചനഭാഗമാണിത്. നാമെല്ലാവരും പലവിധത്തിൽ തെററു ചെയ്യുന്നു എങ്കിലും സംസാരത്തിൽ തെററു വരുത്താത്ത ഏവനും പൂർണ്ണനാണ് കാരണം തന്റെ ശരീരത്തെമുഴുവൻ നിയന്ത്രിക്കാൻ അവനു കഴിയും എന്നാണ് ശ്ലീഹാ സാക്ഷിക്കുന്നത്. നമ്മെ അനുസരിക്കുന്നതിനുവേണ്ടി കുതിരയുടെ വായിൽ കടിഞ്ഞാണിടുമ്പോൾ അതിന്റെ ശരീരത്തെ മുഴുവനെയും നമുക്കു നിയന്ത്രിക്കാൻ കഴിയുന്നതുപോലെയും, വളരെ വലുതും ശക്തമായ കാററിനാൽ പായിക്കപ്പെടുന്നതുമായ കപ്പലുകളെ വളരെ ചെറിയ ചുക്കാനുപയോഗിച്ച് ആഗ്രഹിക്കുന്ന സ്ഥലത്തേക്ക് കപ്പിത്താൻ നയിക്കുന്നതുപോലെയും, നാവു നിയന്ത്രിക്കാൻ കഴിയുന്നവന് ശരീരത്തെമുഴുവൻ നിയന്ത്രിക്കാൻ കഴിയും (1–4).

തിന്മകരമായ നാവിനെക്കുറിച്ചു വിവരിക്കുകയാണ് 5 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ. വളരെ ചെറിയ അവയവമാണെങ്കിലും അതു വൻപുപറയുന്നു. ചെറിയ ഒരു തീപ്പൊരി എത്ര വലിയ വനത്തെയാണ് ചാമ്പലാക്കുക! അതുപോലെ നാവു തീയാണ്. അതു ദുഷ്ടതയുടെ ഒരു ലോകംതന്നെയാണെന്നും, നമ്മുടെ അവയവങ്ങളിലൊന്നായ അത് ശരീരം മുഴുവനെയും മലിനമാക്കുന്നു എന്നുമാണ് ശ്ലീഹാ പറയുന്നത്. അത് അനിയന്ത്രിതമായ തിന്മയും മാരക വിഷവുമാണ്. ഈ നാവുകൊണ്ട് കർത്താവിനെയും പിതാവിനെയും നാം സ്തുതിക്കുന്നു. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരെ അതേ നാവുകൊണ്ട് ശപിക്കുകയും ചെയ്യുന്നു. ഒരേ വായിൽനിന്ന് അനുഗ്രഹവും ശാപവും പുറപ്പെടുന്നു. നോമ്പിന്റെ ഈ കാലയളവിൽ നമ്മുടെ നാവിനെ നിയന്ത്രിക്കേണ്ട ആവശ്യകതയിലേക്കു വെളിച്ചംവീശുകയാണ് ഈ തിരുവചനഭാഗം. സ്വന്തം നാവിന്റെ അവസ്ഥയെന്തെന്ന് നന്നായി ആത്മശോധനചെയ്യുവാൻ ഈ തിരുവചനം നമ്മെ സഹായിക്കുന്നു.

**റോമ 2:1–7:** ഈ തിരുവചനത്തിലൂടെ മൂന്നു പ്രധാന ചിന്തകളാണു പൗലോസ് ശ്ലീഹാ നമുക്കു നല്കുന്നത്. **(1)** മറ്റൊരുവനെ വിധിക്കുന്നവനു ന്യായീകരണമില്ല. അപരനെ വിധിക്കുമ്പോൾ നാം നമ്മെത്തന്നെയാണു വിധിക്കുന്നത് എന്തെന്നാൽ, വിധിക്കുന്നവനും അതേ കുറ്റങ്ങൾ ചെയ്യുന്നു. അപരനെ വിധിക്കുകയും എന്നാൽ അവതന്നെ സ്വയം പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യന് ദൈവത്തിന്റെ വിധിയിൽനിന്ന് ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല.

**(2)** നമ്മെ അനുതാപത്തിലേക്കു നയിക്കുകയാണ് ദൈവത്തിന്റെ കരുണയുടെ ലക്ഷ്യം. എന്നാൽ, ഒരുവൻ തന്റെ കഠിനവും അനുതാപരഹിതവുമായ ഹൃദ



malankaralibrary.com

യംനിമിത്തം, ദൈവത്തിന്റെ നീതിയുക്തമായ വിധി വെളിപ്പെടുന്ന ക്രോധത്തിന്റെ ദിനത്തിലേക്ക് അവനുതന്നെ ക്രോധം സംഭരിച്ചു വയ്ക്കുകയാണ്. **(3)** ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് അവിടുന്നു പ്രതിഫലം നല്കും. സൽക്കർമ്മത്തിൽ സ്ഥിരതയോടെ നിന്ന് മഹത്വവും ബഹുമാനവും അക്ഷയത്വവും അന്വേഷിക്കുന്നവർക്ക് അവിടുന്ന് നിത്യജീവൻ പ്രദാനംചെയ്യും.

**മർക്കോ 2:1–12:** യേശു തളർവാതരോഗിയെ സുഖപ്പെടുത്തിയ സംഭവമാണ് ഈ ഞായറാഴ്ച നമ്മുടെ ധ്യാനചിന്തക്കായി തിരുസ്സഭാമാതാവ് നിശ്ചയിച്ചുതന്നിട്ടുള്ള സുവിശേഷഭാഗത്തിന്റെ ഉള്ളടക്കം. ഈ ഞായറാഴ്ചത്തെ മററു വായനകളിലെല്ലാം ഇസ്രായേൽ ജനത്തിന്റെയോ, മനുഷ്യന്റെ വ്യക്തിപരമോ ആയ വിവിധങ്ങളായ തിന്മകളെക്കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. അതിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ സുവിശേഷത്തിൽ പറയുന്ന തളർവാതരോഗം തിന്മയുടെ പരിണിതഫലമാണ്. മാത്രമല്ല, മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു (2:5) എന്ന യേശുവിന്റെ വാക്കുകളും ഇതു വ്യക്തമാക്കുന്നു. ദൈവത്തോടുള്ള അവിശ്വസ്തതയും മുകളിൽ സൂചിപ്പിച്ച മററു തിന്മകളും വിശ്വാസത്തെ നിർജ്ജീവമായ അവസ്ഥയിലേക്കെത്തിച്ചു. ഈ നിർജ്ജീവാവസ്ഥയിൽ തളർവാതരോഗിക്കു സ്വയം തന്റെ പാപത്തിനു പരിഹാരം ചെയ്യാനോ വിശ്വാസത്തിലേക്കു കടന്നുവരാനോ സാധിക്കില്ല.

കഴിഞ്ഞ ആഴ്ച്ചയിൽ കർത്താവ് കുഷ്ഠരോഗിയെ സുഖപ്പെടുത്തിയ സംഭവത്തിൽ ദൈവത്തിന്റെ കരുണാർദ്ര സ്നേഹവും കുഷ്ഠരോഗിയുടെ വിശ്വാസവുമാണ് അവനെ ശുദ്ധീകരിക്കുകയും സുഖപ്പെടുത്തുകയും ചെയ്തത്. അവന്റെ വിശ്വാസവും ദൈവാശ്രയവുംമൂലമാണ് അവൻ ദൈവമഹത്വം ദർശിച്ചതും. എന്നാൽ ഇവിടെ തളർവാതരോഗിയുടെ നിർജ്ജീവ വിശ്വാസത്തിന് പാപപരിഹാരം നേടാനോ അവനെ സുഖപ്പെടുത്താനോ കഴിയില്ല. തളർവാതരോഗിയെ കർത്താവിന്റെ പക്കൽ കൊണ്ടുപോയ വ്യക്തികളുടെ വിശ്വാസം കണ്ടിട്ടാണ് യേശു അവന്റെ പാപങ്ങൾ ക്ഷമിക്കുകയും അവനെ സുഖപ്പെടുത്തുകയും ചെയ്തത്. എല്ലാ പ്രതിബന്ധങ്ങളെയും തരണംചെയ്ത് ആ രോഗിയെ യേശുവിന്റെ അടുത്തെത്തിക്കാൻ അവർ എടുത്ത മടുക്കാത്ത പരിശ്രമവും അവരുടെ വിശ്വാസവും കണ്ടപ്പോൾ യേശു പറഞ്ഞു: മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.... എഴുന്നേററ് നിന്റെ കിടക്കയുമെടുത്ത് വീട്ടിലേക്കു പോവുക. ഈ സംഭവം താഴെപ്പറയുന്ന പ്രധാന സന്ദേശങ്ങൾ നമുക്കു നല്കുന്നു.

***ഒന്നാമതായി,*** ഈ സംഭവത്തിലൂടെ നോമ്പുവഴി നമ്മിൽ സംഭവിക്കേണ്ട വിശ്വാസവളർച്ചയെ വ്യക്തമാക്കുന്നു. അതായത്, നോമ്പിന്റെ രണ്ടാം ഞായറിൽ കുഷ്ഠരോഗിയിലൂടെ സൂചിപ്പിക്കുന്ന അവന്റെ വിശ്വാസം തന്നെത്തന്നെ ശുദ്ധീകരിച്ചപ്പോൾ, നോമ്പിന്റെ മൂന്നാം ഞായറിൽ സൂചിപ്പിക്കുന്ന



malankaralibrary.com

തളർവാതരോഗിയെ കർത്താവിന്റെയടുക്കൽ എടുത്തുകൊണ്ടുപോയവരുടെ വിശ്വാസം അപരന്റെ ശുദ്ധീകരണത്തിനും നിർജ്ജീവ വിശ്വാസത്തെ ഉയിർപ്പിക്കുന്നതിനും പര്യാപ്തമായതായിരുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സ്വയം വിശുദ്ധീകരിക്കപ്പെട്ട് വിശ്വാസത്തിൽ ശക്തിപ്രാപിക്കുന്നവർക്ക് തളർവാതരോഗം ബാധിച്ചവരെക്കൂടെ വിശുദ്ധീകരിക്കുന്നതിനും അങ്ങനെ അവരുടെ വിശ്വാസത്തെ ഉണർത്തുന്നതിനും, രക്ഷയുടെ അനുഭവത്തിലേക്കവരെ നയിക്കുന്നതിനും സാധിക്കും.

*രണ്ടാമതായി,* ഈ വിവരണത്തിനിടയിലെ ഫരിസേയരുമായുള്ള യേശുവിന്റെ തർക്കവും തുടർന്നുള്ള യേശുവിന്റെ വാക്കുകളും പ്രവർത്തിയും യേശുവിന്റെ ആധികാരികതയെ വെളിപ്പെടുത്തുന്നു; പ്രത്യേകിച്ച്, "ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന്, ഞാൻ നിന്നോടു പറയുന്നു, എഴുന്നേററ് നിന്റെ കിടക്കയുമെടുത്ത് വീട്ടിലേക്കു പോവുക" എന്ന യേശുവിന്റെ വാക്കുകൾ. പാപങ്ങൾ ക്ഷമിക്കാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളു. ഇവിടെ യേശു തന്നെ സൂചിപ്പിക്കുവാൻ മനുഷ്യപുത്രൻ എന്നു പറഞ്ഞിരിക്കുന്നതും യേശുവിന്റെ ആധികാരികതയെ സൂചിപ്പിക്കുന്ന പദമാണ്. അതായത്, യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തിയതിനേക്കാളധികമായി തളർവാതരോഗിയെ സുഖപ്പെടുത്തുന്ന സംഭവത്തിൽ അവിടുത്തെ മഹത്വവും (കരുണാർദ്ര സ്നേഹവും) ആധികാരവും വെളിപ്പെടുന്നു.

***മൂന്നാമതായി,*** കാനായിലെ കല്യാണവിരുന്നിൽ അടയാളമായി സൂചിപ്പിച്ചത് ഈ സംഭവത്തിൽ യേശുവിന്റെ വാക്കിലുടെയും പ്രവൃത്തിയിലൂടെയും കൂടുതൽ വ്യക്തമായി വെളിപ്പെട്ടു. യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തിയ സംഭവത്തേക്കാളധികമായി തളർവാതരോഗിയെ സുഖപ്പെടുത്തുന്ന സംഭവത്തിൽ, പാപംമോചിച്ച് ജനത്തെ വിശുദ്ധീകരിച്ച് രക്ഷയിലേക്കു നയിക്കാനുള്ള അവിടുത്തെ അധികാരവും, കഴിവും, കരുണാർദ്ര സ്നേഹവും, പരസ്യമായി വെളിപ്പെടുത്തുകയാണിവിടെ.

**ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:**

(1) മുകളിൽ നല്കിയ വിശദീകരണങ്ങളുടെ വെളിച്ചത്തിൽ സ്വന്തം വിശ്വാസജീവിതത്തെ വിലയിരുത്തുക. വിശകലനവിധേയമാക്കിയ വിശ്വാസജീവിതത്തിന്റെ പശ്ചാത്തലത്തിൽ നമുക്ക് നമ്മോടു തന്നെ ചോദ്യങ്ങൾ ചോദിക്കാം. ദൈവമേ ഞാൻ എവിടെ നില്ക്കുന്നു? എന്റെ വിശ്വാസം കുഷ്ഠരോഗിയുടേതുപോലെയാണോ, തളർവാതരോഗിയുടേതുപോലെയാണോ? തളർവാതരോഗിയെപ്പോലെ വിശ്വാസം നിർജ്ജീവമായ അവസ്ഥയിലാണോ ഞാൻ? സ്ഥിരോത്സാഹത്തോടെയുള്ള മുന്നേറ്റമില്ലാതെ എന്റെ ജീവിതം മുരടിച്ച് വിശ്വാസം മന്ദീഭവിച്ച അവസ്ഥയിലാണോ? തളർവാതരോഗിയെ എടുത്തുകൊണ്ടുപോയവരുടെ വിശ്വാസത്തിലേക്ക് ഉയരാൻ എനിക്കു സാധിക്കുമോ? ദൈവത്തിലുള്ള എന്റെ ആശ്രയവും ശരണവും ഉറപ്പും എന്തുമാത്രമുണ്ട്? സുഖത്തിലും ദുഃഖത്തിലും, വിജയത്തിലും പരാജയത്തിലും, എനിക്ക് ഒരു



malankaralibrary.com

പോലെ ദൈവപരിപാലനയുടെ കരം ദർശിക്കാൻ കഴിയുന്നുണ്ടോ? ദൈവ തിരുമനസ്സിനോടുള്ള എന്റെ വിധേയത്വം എന്തുമാത്രമുണ്ട്? ജീവിതപ്രതിസന്ധികളിൽ എന്റെ വിശ്വാസം എങ്ങനെ പ്രതിഫലിക്കുന്നു. *തിരുഹിതമെന്തും അടിയനു സന്തോഷം* എന്ന മനോഭാവത്തോടെ ശരിയായ വിശ്വാസപാതയിൽ മുന്നേറുന്നതിന് എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും എന്തുമാത്രം സാധിക്കുന്നുണ്ട്? യേശുവിന്റെ കരുണാർദ്രസ്നേഹം ഞാൻ മറ്റുള്ളവരോട് കാണിക്കുന്നുണ്ടോ?

(2) മൂന്നാഴ്ചകളിലെയും വായനകൾ പരസ്പരം ബന്ധിപ്പിച്ച് വിശ്വാസത്തിലേക്കും, വിശുദ്ധീകരണത്തിലേക്കും, രക്ഷയുടെ അനുഭവത്തിലേക്കും, ദൈവമഹത്വം ദർശിക്കുന്നതിലേക്കുമുള്ള വളർച്ചയുടെ പാതയെ വിലയിരുത്തുകയും പരസ്പരം ചർച്ചചെയ്യുകയും ചെയ്യുക.

# നോമ്പിന്റെ നാലാം ഞായർ: ക്നാനായ്ത്തെ ഞായർ

1 സാമു 7:10–17; ഹഗ്ഗായി 1:7–11; ഏശ 56:1–8; 1 യോഹ 2:1–6; റോമ 7:13–25; മത്താ 15:21–28

**ഹഗ്ഗായി 1:7–11:** പ്രവാസികളുടെതിരിച്ചു വരവിനുശേഷം ദേവാലയം പുനരുദ്ധരിക്കാനുള്ള കർത്താവിന്റെ ആഹ്വാനമാണ് ആദ്യഭാഗത്തു നാം ശ്രവിക്കുന്നത്: "സൈന്യങ്ങളുടെ കർത്താവരുളിച്ചെയ്യുന്നു: കർത്താവിന്റെ ആലയം പുനരുദ്ധരിക്കുന്നതിനുള്ള സമയമായിട്ടില്ലെന്ന് ഈ ജനം പറയുന്നു..... നിങ്ങളുടെ ഈ സ്ഥിതിയെപ്പററി ചിന്തിക്കുവിൻ. നിങ്ങൾ മലയിൽച്ചെന്ന് തടി കൊണ്ടുവന്ന് ആലയം പണിയുവിൻ; ഞാൻ അതിൽ സംപ്രീതനാകും. മഹത്വത്തോടെ ഞാനതിൽ പ്രത്യക്ഷനാകും – കർത്താവരുളിച്ചെയ്യുന്നു."

"നിങ്ങൾ ഏറെത്തേടി, ലഭിച്ചതോ അല്പം മാത്രം. നിങ്ങൾ അതു വീട്ടിലേക്കു കൊണ്ടുവന്നു; ഞാൻ അത് ഊതിപ്പറത്തി. എന്തുകൊണ്ട്? (ഈ ചോദ്യം ഇസ്രായേലിന്റെ പ്രവാസകാലത്തെ ചിതറിക്കലിനെ സൂചിപ്പിക്കുന്നു). സൈന്യങ്ങളുടെ കർത്താവു ചോദിക്കുന്നു. നിങ്ങൾ ഓരോരുത്തരും തന്റെ ഭവനത്തെപ്രതി വ്യഗ്രത കാട്ടുമ്പോൾ എന്റെ ആലയം തകർന്നു കിടക്കുന്നതുകൊണ്ടുതന്നെ. അതുകൊണ്ട് ആകാശം നിങ്ങൾക്കുവേണ്ടി മഞ്ഞു പെയ്യിക്കുന്നില്ല, ഭൂമി വിളവു നല്കുന്നുമില്ല. ദേശത്തിലും മലകളിലും ധാന്യത്തിലും പുതുവീഞ്ഞിലും, എണ്ണയിലും ഭൂമിയിൽ മുളയ്ക്കുന്നവയിലും, മനുഷ്യരിലും കന്നുകാലികളിലും അവരുടെ അദ്ധ്വാനത്തിലും ഞാൻ വരൾച്ച വരുത്തിയിരിക്കുന്നു" (9–11) ഇസ്രായേലിനെതിരെയുള്ള കർത്താവിന്റെ ന്യായവിധിയെക്കുറിച്ചുള്ള പ്രവചനമാണിത്.

***ഏശ 56:1–7:*** പ്രവാസകാലം അവസാനിപ്പിച്ച് രക്ഷയുടെ ദിനത്തിലേക്ക് തന്റെ ജനത്തെ ആഹ്വാനംചെയ്തുകൊണ്ട് കർത്താവരുളിച്ചെയ്യുന്നു: "ന്യായം പാലിക്കുക, നീതി പ്രവർത്തിക്കുക. ഞാൻ രക്ഷ നൽകാൻ പോകു



malankaralibrary.com

ന്നു; എന്റെ നീതി വെളിപ്പെടും. ഇവ പാലിക്കുന്നവൻ, ഇവ മുറുകെപ്പിടിക്കുന്ന മർത്ത്യൻ, സാബത്ത് അശുദ്ധ മാക്കാതെ ആചരിക്കുകയും തിന്മ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവൻ, അനുഗൃഹീതൻ.'' ഇസ്രായേൽ ജനത്തെ മാത്രമല്ല അവിടുത്തെ തിരുഹിതം അനുവർത്തിക്കുന്ന ഏവരേയും കർത്താവിന്റെ രക്ഷയിലേക്ക് അവിടുന്ന് ആഹ്വാനം ചെയ്യുകയാണിവിടെ: ''എന്റെ സാബത്താചരിക്കുകയും, എന്റെ ഹിതം അനുവർത്തിക്കുകയും, എന്റെ ഉടമ്പടിയോടു വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന ഷണ്ഡന്മാർക്ക് ഞാൻ എന്റെ ആലയത്തിൽ, മതിലുകൾക്കുള്ളിൽ പുത്രീ പുത്രന്മാരേക്കാൾ ശ്രേഷ്ഠമായൊരു സ്മാരകവും നാമവും നല്കും. ഒരിക്കലും തുടച്ചുമാററപ്പെടാത്ത ശാശ്വതനാമമായിരിക്കും അത്.'' ''എന്നെ സേവിക്കാനും, എന്റെ നാമത്തെ സ്നേഹിക്കാനും, എന്റെ ദാസരായിരിക്കാനും, എന്നോടു ചേർന്നു നിൽക്കുകയും സാബത്ത് അശുദ്ധമാക്കാതെ ആചരിക്കുകയും, എന്റെ ഉടമ്പടിയോട് വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പരദേശികളേയും ഞാൻ എന്റെ വിശുദ്ധ ഗിരിയിലേക്കു കൊണ്ടുപോകും'' എന്നാണ് ഏശയ്യാ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്യുന്നത്. യേശുക്രിസ്തുവിലൂടെ സമാഗതമാകാനിരിക്കുന്ന സാർവ്വത്രീക രക്ഷയിലേക്കാണ് ഈ പ്രവാചക വചസ്സുകൾ വിരൽചൂണ്ടുന്നത്.

**1 പത്രോ 2:21-25:** ക്രിസ്തുവിനെ അനുകരിക്കാനുള്ള ക്രൈസ്തവന്റെ വിളിയെക്കുറിച്ചാണ് ഈ തിരുവചനത്തിന്റെ ആദ്യഭാഗത്തു ശ്ലീഹാ പറയുന്നത്: ''ഇതിനായിട്ടാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ, ക്രിസ്തു നിങ്ങൾക്കുവേണ്ടി സഹിക്കുകയും നിങ്ങൾ അനുകരിക്കുന്നതിനുവേണ്ടി നിങ്ങൾക്കു മാതൃക നല്കുകയും ചെയ്തിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല, അവന്റെ അധരത്തിൽ വഞ്ചന കാണപ്പെട്ടുമില്ല. നിന്ദിക്കപ്പെട്ടപ്പോൾ അവൻ പകരം നിന്ദിച്ചില്ല; പീഡനമേററപ്പോൾ അവൻ ഭീഷണിപ്പെടുത്തിയില്ല; പിന്നെയോ, നീതിയോടെ വിധിക്കുന്നവന് തന്നെത്തന്നെ ഭരമേല്പിക്കുകയാണു ചെയ്തത്.''

നമ്മുടെ പാപത്തിനുപരിഹാരമായിത്തീർന്ന ക്രിസ്തുവിന്റെ കുരിശുമരണത്തെയും അതുവഴി നമുക്കു കൈവന്ന രക്ഷയെയുംകുറിച്ചാണ് ശ്ലീഹാ തുടർന്ന് പ്രതിപാദിക്കുന്നത്: ''നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത്, നാം പാപത്തിനു മരിച്ച് നീതിക്കായി ജീവിക്കേണ്ടതിനാണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു. അലഞ്ഞു നടക്കുന്ന ആടുകളെപ്പോലെയായിരുന്നു നിങ്ങൾ. എന്നാൽ, ഇപ്പോൾ നിങ്ങൾ നിങ്ങളുടെ ഇടയനും പാലകനുമായവന്റെ അടുത്തേക്കു മടങ്ങിവന്നിരിക്കുന്നു.''

***റോമ 7:13-25:*** ''നിയമം ആത്മീയമാണെന്നു നാം അറിയുന്നു. ഞാൻ പാപത്തിന് അടിമയായി വില്ക്കപ്പെട്ട ജഡികനാണ്. ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ എനിക്കു മനസ്സിലാകുന്നില്ല. എന്തെന്നാൽ, ഞാൻ ഇച്ഛിക്കുന്ന



malankaralibrary.com

തല്ല, വെറുക്കുന്നതാണ് ഞാൻ പ്രവർത്തിക്കുന്നത്.... ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതു ഞാൻ ചെയ്യുന്നുവെങ്കിൽ അത് ചെയ്യുന്നത് ഒരിക്കലും ഞാനല്ല, എന്നിൽ വസിക്കുന്ന പാപമാണ്. അങ്ങനെ നന്മ ചെയ്യാൻ ആഗ്രഹിക്കുന്ന എന്നിൽത്തന്നെ തിന്മയുണ്ട് എന്നൊരു തത്വം ഞാൻ കാണുന്നു. എന്റെ അന്തരംഗത്തിൽ ഞാൻ ദൈവത്തിന്റെ നിയമം ഓർത്ത് ആഹ്ലാദിക്കുന്നു. എന്റെ അവയവങ്ങളിലാകട്ടെ എന്റെ മനസ്സിന്റെ നിയമത്തോടു പോരാടുന്ന വേറൊരു നിയമം ഞാൻ കാണുന്നു. അത് എന്നിലുള്ള പാപത്തിന്റെ നിയമത്തിന് എന്നെ അടിമപ്പെടുത്തുന്നു. ഞാൻ ദുർഭഗനായ മനുഷ്യൻ! മരണത്തിനധീനമായ ശരീരത്തിൽനിന്ന് എന്നെ ആരു മോചിപ്പിക്കും?... ചുരുക്കത്തിൽ ഞാൻ എന്റെ മനസ്സുകൊണ്ട് ദൈവത്തിന്റെ നിയമത്തെ സേവിക്കുന്നു; എന്റെ ശരീരംകൊണ്ട് പാപത്തിന്റെ നിയമത്തെയും.''

സാധരണ വളരെയേറെ തെറ്റിദ്ധാരണയുളവാക്കുന്ന ഒരു തിരുവചന ഭാഗമാണിത്. സ്വയം പാപത്തിൽ വീണിട്ട് പലരും പൗലോസ് ശ്ലീഹായുടെ ഈ വാക്യങ്ങളിൽ പലതും ഉദ്ധരിച്ചുകൊണ്ട് സ്വയം നീതീകരിക്കാറുണ്ട്. ഉദാഹരണമായി, ചിലർ പറയുന്നത്, ''ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതു ഞാൻ ചെയ്യുന്നുവെങ്കിൽ അത് ചെയ്യുന്നത് ഒരിക്കലും ഞാനല്ല, എന്നിൽ വസിക്കുന്ന പാപമാണ്'' എന്ന് പൗലോസ് ശ്ലീഹാപോലും പറഞ്ഞിട്ടില്ലേ? അപ്പോൾ പിന്നെ എനിക്കിതു സംഭവിക്കുന്നതിൽ എന്ത് അതിശയോക്തിയാണുള്ളത്? യഥാർത്ഥത്തിൽ ഈ തിരുവചനഭാഗത്ത് പൗലോസ് തന്റെ സ്വന്തം പാപാവസ്ഥയെക്കുറിച്ചല്ല പ്രതിപാദിക്കുന്നത്. പിന്നെയോ, മനുഷ്യന്റെ തിന്മയിലേക്കുള്ള പ്രവണതകളെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

**മത്താ 15:21–28:** ദൈവരാജ്യത്തിന്റെ സുവിശേഷത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ യേശു തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും, അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും പകർന്നു നല്കിക്കൊണ്ട് ടയിർ സീദോൻ എന്നീ പ്രദേശങ്ങളിലെത്തിയപ്പോൾ, ആ പ്രദേശത്തുനിന്നൊരു കാനാൻകാരി വന്ന് കരഞ്ഞപേക്ഷിച്ചു: ''കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ! എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു. എന്നാൽ അവൻ ഒരു വാക്കുപോലും ഉത്തരം പറഞ്ഞില്ല. ശിഷ്യന്മാർ അവനോടഭ്യർത്ഥിച്ചു, അവളെ പറഞ്ഞയച്ചാലും: അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ.''

യേശു മറുപടി പറഞ്ഞു: ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അവൾ അവനെ പ്രണമിച്ച് കർത്താവേ, എന്നെ സഹായിക്കണമേ



malankaralibrary.com

എന്നപേക്ഷിച്ചു. അവൻ പറഞ്ഞു, "മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കെറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല." അപ്പോൾ അവൾ പറഞ്ഞു: അതേ, കർത്താവേ നായ്ക്കളും യജമാനന്മാരുടെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷ്ണങ്ങൾ തിന്നുന്നല്ലോ. യേശു പറഞ്ഞു: "സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്, നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി".

ഈ ദിവസത്തെ പഴയനിയമ വായനകളിൽ ഇസ്രായേലിന്റെ അവിശ്വാസത്തെയും അവിശ്വസ്തതയെയുമാണ് എടുത്തു പറയുന്നത്. എന്നാൽ അതിൽനിന്നു വ്യത്യസ്തമായി ഒരു കാനാൻകാരിയുടെ വിശ്വാസം നോക്കുക! യേശു കാനാൻകാരിയുടെ മകളെ സുഖപ്പെടുത്തുന്ന സംഭവം വഴി താഴെപ്പറയുന്ന രണ്ടു പ്രധാനകാര്യങ്ങൾ നമ്മുടെ ചിന്തക്കായി തിരുസ്സഭ നല്കുന്നു.

***ഒന്നാമതായി,*** കാനാൻകാരി സ്ത്രീയെ യേശു സുഖപ്പെടുത്തുന്ന സംഭവംവഴി യേശുവിലൂടെയുള്ള സാർവ്വത്രീക രക്ഷയെക്കുറിച്ചുള്ള ഏശയ്യായുടെ പ്രവചനം: "എന്നെ സേവിക്കാനും, എന്റെ നാമത്തെ സ്നേഹിക്കാനും, എന്റെ ദാസരായിരിക്കാനും, എന്നോടു ചേർന്നു നിൽക്കുകയും സാബത്ത് അശുദ്ധമാക്കാതെ ആചരിക്കുകയും, എന്റെ ഉടമ്പടിയോട് വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പരദേശികളേയും ഞാൻ എന്റെ വിശുദ്ധ ഗിരിയിലേക്കു കൊണ്ടുപോകും" എന്ന തിരുവചനം നിറവേറി.

*രണ്ടാമതായി,* അവളുടെ വിശ്വാസത്തിലൂടെ നോമ്പുകാലത്തെ ഓരോ ആഴ്ച്ചയിലെയും തിരുവചന ധ്യാനത്തിലൂടെയും നമ്മിലുണ്ടാകേണ്ട വിശ്വാസ വളർച്ചയെന്തെന്ന് വ്യക്തമാക്കുന്നു. അമ്മ തല്ലുമ്പോൾ അമ്മയെത്തന്നെ കെട്ടിപ്പിടിച്ചു കരയുന്ന കുഞ്ഞിനെപ്പോലെ തട്ടിയെറിഞ്ഞിട്ടും പിന്മാറാതെ എളിമയോടെ കർത്താവിൽ ശരണപ്പെട്ടപ്പോൾ കാനാൻകാരി സ്ത്രീക്കു കൈവന്ന ഭാഗ്യം എത്രവലുതാണ്! ഇതുപോലുള്ള വിശ്വാസത്തിൽ വളരുന്നതിനു നമുക്കും പരിശ്രമിക്കാം!

**ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:**

(1) നോമ്പിന്റെ ആദ്യത്തെ നാല് ആഴ്ച്ചയിലെയും വായനകളെക്കുറിച്ചുള്ള വിവരണത്തിൽനിന്ന് നമ്മിലെ തിന്മകൾ അകററുന്നതിനും, നമ്മെയും ലോകത്തെയും വിശുദ്ധീകരിക്കുന്നതിനുമായി ലഭിച്ച മാർഗ്ഗങ്ങളേവ?

(2) ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളരുന്നതിനായി പ്രസ്തുത വായനകൾ നല്കുന്ന നിർദ്ദേശങ്ങളേവ?

(3) വിശ്വാസത്തിൽ ശക്തി പ്രാപിച്ച് ദൈവീകജീവനിൽ അഥവാ രക്ഷയുടെ അനുഭവത്തിൽ വളരുന്നതിനും, ദൈവമഹത്വം ദർശിക്കുന്നതിനും സഹായകമായി ലഭിച്ച ചിന്തകളും പ്രായോഗിക നിർദ്ദേശങ്ങളും എന്തെല്ലാം? അനുദിന ജീവിതസാഹചര്യങ്ങളിൽ അവ എങ്ങനെ പ്രായോഗികമാക്കുവാൻ സാധിക്കുമെന്നു ചിന്തിക്കുക.



malankaralibrary.com

# പകുതി നോമ്പ് - ഗോഗുൽത്താ സ്ഥാപനം

സംഖ്യ 21:1-9; സങ്കീ 106:12-23; സഖറി 12: 6-14;
അപ്പ 2:22-28; 1കൊറി 10: 1-13; യോഹ 3:13-21

**സംഖ്യ 21:1-9:** ഇസ്രായേൽ ജനത്തിന്റെ മരുഭൂയാത്രയിലെ അവിസ്മരണീയമായ ഒരു സംഭവത്തെയാണ് ഈ തിരുവചനഭാഗം നമ്മുടെ വിചിന്തനത്തിനായി ഇന്നു നല്കുന്നത്. മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യേ ഇസ്രായേൽജനം അക്ഷമരായി ദൈവത്തിനും മോശയ്ക്കുമെതിരായി ഇപ്രകാരം സംസാരിച്ചു: "ഈ മരുഭൂമിയിൽ മരിക്കാൻ നീ ഞങ്ങളെ കൊണ്ടുവന്നതെന്തിന്? ഇവിടെ അപ്പമോ വെള്ളമോ ഇല്ല; വിലകെട്ട ഈ അപ്പം തിന്ന് ഞങ്ങൾ മടുത്തു." യഥാർത്ഥത്തിൽ ദൈവത്തോടുള്ള എത്രവലിയ മറുതലിപ്പാണിത്. ദൈവം ദാനമായി നല്കിയ അനുഗ്രഹത്തിന്റെ അപ്പമായ മന്നായെ, *വിലകെട്ട ഈ അപ്പം* എന്നും അതു *തിന്ന് ഞങ്ങൾ മടുത്തു* എന്നുമാണ് ഇസ്രായേൽജനം പറഞ്ഞത്. തങ്ങളുടെ ജീവിതത്തിൽ പ്രത്യേകമാംവിധം ഇടപെട്ട് വഴിനടത്തുന്ന കർത്താവിനെ അവർ നിന്ദിച്ചു.

"അപ്പോൾ അവിടുത്തെ വാക്കുകൾ അവർ വിശ്വസിച്ചു; അവർ അവിടുത്തേക്ക് സ്തുതി പാടി. എങ്കിലും അവർ അവിടുത്തെ പ്രവൃത്തികൾ വേഗം മറന്നുകളഞ്ഞു.... ഈജിപ്തിൽ വച്ച് വൻകാര്യങ്ങൾ ചെയ്ത തങ്ങളുടെ രക്ഷകനായ ദൈവത്തെ അവർ മറന്നു... എന്ന സങ്കീർത്തന വാക്യം (സങ്കീ 106:12-23) ഇവിടെ അന്വർത്ഥമായി. ജനത്തിന്റെ ഈ നന്ദിഹീനമായ വാക്കുകൾകേട്ട് കർത്താവ് ഇസ്രായേൽജനത്തിന്റെ ഇടയിലേക്ക് ആഗ്നേയ സർപ്പങ്ങളെ അയച്ചു. അവയുടെ ദംശനമേററ് ഇസ്രായേലിൽ വളരെപ്പേർ മരിച്ചു. അപ്പോൾ ജനം മോശയുടെ അടുക്കൽ വന്നു പറഞ്ഞു, അങ്ങേയ്ക്കും കർത്താവിനുമെതിരായി സംസാരിച്ച് ഞങ്ങൾ പാപം ചെയ്തു. ഈ സർപ്പങ്ങളെ പിൻവലിക്കാൻ കർത്താവിനോടു പ്രാർത്ഥിക്കണമേ.

മോശ ജനത്തിനുവേണ്ടി പ്രാർത്ഥിച്ചു. കർത്താവ് മോശയോട് അരുളിച്ചെയ്തു, ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തുക. ദംശനമേല്ക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല. മോശ പിച്ചളകൊണ്ടൊരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തി നിർത്തി. ദംശനമേററവർ പിച്ചളസർപ്പത്തെനോക്കി അവർ ജീവിച്ചു. യേശുവിന്റെ കുരിശുമരണത്തെയും, അവിടുത്തെ ഉത്ഥാനത്തിലുള്ള നമ്മുടെ പങ്കുചേരലിന്റെയും മുൻസൂചനയാണിത്. "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (യോഹ 3:15) എന്ന യേശുവിന്റെ വാക്കുകളും, ".... അപ്പോൾ തങ്ങൾ കുത്തിമുറിവേല്പിച്ചവനെ നോക്കി ഏകജാതനെപ്രതി എന്നപോലെ അവർ കരയും...." എന്ന സഖറിയാ പ്രവാചകന്റെ വാക്കുകളും (12: 6-14) മുകളിൽ പറഞ്ഞ ആശയംതന്നെ വ്യക്തമാക്കുന്നു.



malankaralibrary.com

**അപ്പ 2:22–28:** യേശുവിന്റെ കുരിശുമരണവും ഉത്ഥാനവുമടങ്ങുന്ന ക്രിസ്തു സംഭവത്തെക്കുറിച്ചുള്ള ആദിമസഭയുടെ സമഗ്ര ദർശനം നല്കുന്ന ഒരു തിരുവചന ഭാഗമാണിത്. ഇതിൽ പ്രധാനമാ യും മൂന്നു ചിന്തകളാണ് അടങ്ങിയിരിക്കുന്നത്. ***ഒന്നാമതായി,*** ദൈവം യേശുവിനെ താൻ അവൻവഴി നമ്മുടെയിടയിൽ പ്രവർത്തിച്ച മഹത്തായ കാര്യങ്ങൾകൊണ്ടും തന്റെ അത്ഭുതകൃത്യങ്ങളും അടയാളങ്ങളുംകൊണ്ടും നമുക്ക് സാക്ഷ്യപ്പെടുത്തി ത്തന്നു. *രണ്ടാമതായി,* അവൻ ദൈവത്തിന്റെ നിശ്ചിത പദ്ധതിയും പൂർവ്വ ജ്ഞാനവുമനുസരിച്ചാണ് മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെട്ടത്, അല്ലെ ങ്കിൽ മനുഷ്യർക്ക് അവനെ ഒന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല. ***മൂന്നാ മതായി,*** അധർമ്മികളുടെ കൈകളാൽ നാം അവനെ കുരിശിൽ തറച്ചുകൊന്നു എങ്കിലും, ദൈവം അവനെ മൃത്യുപാശത്തിൽനിന്ന് വിമു ക്തനാക്കി ഉയിർപ്പിച്ചു. കാരണം അവൻ മരണത്തിന്റെ പിടിയിൽ കഴിയുക അസാദ്ധ്യമായിരുന്നു. അവനെക്കുറിച്ചാണ് ദാവീദ് ഇപ്രകാരം പറഞ്ഞിരിക്കു ന്നത് "…. എന്തെന്നാൽ എന്റെ ആത്മാവിനെ അവിടുന്ന് പാതാളത്തിൽ ഉപേ ക്ഷിക്കുകയില്ല, അവിടുത്തെ പരിശുദ്ധൻ ജീർണ്ണിക്കാൻ അവിടുന്ന് അനുവ ദിക്കുകയുമില്ല. ജീവന്റെ വഴികൾ അവിടുന്നെനിക്ക് കാണിച്ചുതന്നു. തന്റെ സാന്നിദ്ധ്യത്താൽ അവിടുന്ന് എന്നെ സന്തോഷഭരിതനാക്കും."

**1കൊറി 10: 1–13:** ഇസ്രായേൽ ജനത്തിന് മരുഭൂയാത്രയിൽ ദാഹജലം നല്കിയ പാറയെ, തങ്ങളെ അനുഗമിച്ച ആത്മീയശിലയായ ക്രിസ്തുവെന്നാ ണ് വി. പൗലോസ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. ഇസ്രായേൽജനത്തിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല, അവരുടെ അവിശ്വസ്തതമൂലം അവ രെല്ലാം മരുഭൂമിയിൽവച്ച് ചിതറിക്കപ്പെട്ടു. അവരെപ്പോലെ നാം തിന്മ ആഗ്ര ഹിക്കാതിരിക്കാനും അവരുടെ തിന്മകൾ ആവർത്തിക്കാതിരിക്കാനും ഇത് നമുക്ക് ഒരു പാഠമാകേണ്ടതിനുംവേണ്ടിയാണ് ഇവയെല്ലാം എഴുതപ്പെട്ടിരി ക്കുന്നതെന്നാണ് ശ്ലീഹാ പറയുന്നത്.

നാം അവിടുത്തോട് അവിശ്വസ്തരായെങ്കിലും ദൈവം വിശ്വസ്ത നായിത്തന്നെ നിലകൊണ്ടു എന്നും, നമ്മുടെ ശക്തിക്കതീതമായ പ്രലോഭന ങ്ങളുണ്ടാകുവാൻ അവിടുന്ന് അനുവദിക്കുകയില്ലെന്നും, പ്രലോഭനങ്ങളു ണ്ടാകുമ്പോൾ അവയെ അതിജീവിക്കാനുള്ള ശക്തി അവിടുന്നു നമുക്ക് നല്കുമെന്നുമാണ് ശ്ലീഹാ പറയുന്നത്.

**യോഹ 3:13–21:** യേശുക്രിസ്തുവിന്റെ കുരിശുമരണവും ഉത്ഥാനവും വഴിയായി നമുക്കു കൈവന്ന രക്ഷയെക്കുറിച്ചാണ് ഈ സുവിശേഷഭാഗം അവ തരിപ്പിക്കുന്നത്. സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന മനുഷ്യപുത്രൻ അല്ലാതെ മറ റാരും ഇതുവരെ സ്വർഗ്ഗത്തിൽ കയറിയിട്ടില്ലെന്നും, മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്നുമുള്ള യേശുവിന്റെ വാക്കുകൾ മനുഷ്യരക്ഷയ്ക്കും നിത്യജീവനുമായുള്ള യേശു



malankaralibrary.com

വിന്റെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും അനിവാര്യതയെ സൂചിപ്പിക്കുന്നു.

യേശുവിന്റെ കുരിശുമരണത്തെ ഭൂമിയിൽനിന്നുള്ള ഉയർത്തപ്പെടലായിട്ടാണ് ശ്ലീഹാ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഉയർത്തപ്പെടലിന്റെ ലക്ഷ്യം അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുക എന്നതാണ്. യോഹന്നാൻ ശ്ലീഹായുടെ അഭിപ്രായത്തിൽ ഇതിൽ ദൈവസ്നേഹത്തിന്റെ പാരമ്യമാണ് വെളിപ്പെട്ടിരിക്കുന്നത്: "തന്റെ ഏകജാതനെ നല്കുവാൻതക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു." ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല, പ്രത്യുത അവൻവഴി ലോകം രക്ഷപ്രാപിക്കാനാണ്.

വി. യോഹന്നാൻ ശ്ലീഹായുടെ അഭിപ്രായത്തിൽ ലോകത്തിൽ ഒരേ ഒരു പാപമേയുള്ളു, യേശുവിൽ വിശ്വസിക്കാതിരിക്കുക. ഈ അവിശ്വാസമാണ് എല്ലാ പാപങ്ങളുടെയും അടിസ്ഥാന കാരണം. അതുകൊണ്ടാണ് ശ്ലീഹാ പറയുന്നത്, അവനിൽ വിശ്വസിക്കുന്ന ഒരുവനും ശിക്ഷയ്ക്കു വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവനോ, ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിക്കായ്കമൂലം നേരത്തേതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു. ഇതാണു ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാളധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു. തിന്മ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്തു വരുന്നുമില്ല. സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ അവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്ന് വെളിപ്പെടുന്നു.

ചുരുക്കത്തിൽ മോശ മരുഭൂമിയിലുയർത്തിയ പിത്തളസർപ്പത്തിന്റെ സ്ഥാനത്ത് മനുഷ്യരക്ഷയ്ക്കും നിത്യജീവനുമായുള്ള യേശുവിന്റെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും, അവനിലുള്ള വിശ്വാസത്തിന്റെ അനിവാര്യതയെയാണ് ഈ തിരുവചനത്തിൽ എടുത്തു പറയുന്നത്. മലങ്കരകത്തോലിക്കരുടെ ആരാധനക്രമപ്രകാരമുള്ള പകുതിനോമ്പിലെ ഗോഗുൽത്താ പ്രതിഷ്ഠയിലെ സ്ലീബാ ആഘോഷത്തിലെ പ്രാർത്ഥനകളിൽ ഇതു വ്യക്തമായി അനുസ്മരിക്കുന്നു. നമ്മുടെ ചിന്തയിലും മനസ്സിലും സദാ സ്മരിക്കുവാൻ ചില പ്രാർത്ഥനകൾ ഇവിടെ ഉദ്ധരിക്കുന്നു. "ഞങ്ങളുടെ മിശിഹാ തമ്പുരാനേ, പ്രവാചകതലവനായ മോശയുടെ വടി സൂചിപ്പിക്കുന്ന രഹസ്യം നിന്നെ ദൃഷ്ടാന്തപ്പെടുത്തി. ഇസ്രായേൽക്കാരുടെ പാളയമദ്ധ്യത്തിൽ അതു സ്ഥാപിക്കപ്പെട്ടപ്പോൾ രക്ഷാകരമായ നിന്റെ കുരിശിനെ അതു സൂചിപ്പിച്ചു. വി. സഭ അവളുടെ മക്കളുടെ കാവലിനും ആണ്ടുവട്ടത്തിന്റെ അനുഗ്രഹത്തിനും വിളവുകളുടെ സമൃദ്ധിക്കും സകലവിധനാശനഷ്ടങ്ങളിൽനിന്നുമുള്ള അവയുടെ സംരക്ഷണത്തിനും ശിക്ഷകളുടെ ദുരീകരണ



malankaralibrary.com

ത്തിനും വേണ്ടി ഈ വി. നോമ്പിന്റെ മദ്ധ്യത്തിൽ ജീവദായകമായ നിന്റെ സ്ലീബായെ ആഘോഷിക്കുന്നു.... പിത്തള സർപ്പത്തെ ദർശിച്ചവരെല്ലാം സുഖംപ്രാപിച്ചിരുന്നു. സ്ലീബായെ വന്ദിക്കുന്നവരാകട്ടെ അവരുടെ ക്ലേശങ്ങൾക്കു ശമനം കണ്ടെത്തുന്നു.'' (പെരുനാളുകൾ പേജ് 132).

''ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങൾ നിഗളത്തിൽനിന്നും ആത്മപ്രശംസയിൽനിന്നും വിമോചിതരായി വി. ദീർഘദർശിമാർ മുൻകൂട്ടി സൂചിപ്പിച്ച നിന്റെ വി. രഹസ്യങ്ങളെ അനുസ്മരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ജീവദായകമായ നിന്റെ സ്ലീബായുടെ രക്ഷാകരമായ അടയാളം ഞങ്ങളുടെ ഹൃദയത്തിൽ പതിക്കണമെ. അതിന്റെ ദർശനത്താൽ ഞങ്ങളുടെ മനസ്സു നിർമ്മലമാവുകയും അതിനെ വന്ദിക്കുന്നതിനാൽ ഞങ്ങളുടെ വിചാരങ്ങൾ ശുദ്ധീകരിക്കപ്പെടുകയും ചെയ്യണമെ. സകല ദുഷ്ടസേനകളും ഞങ്ങളിൽനിന്ന് ഓടിയകലട്ടെ. സ്ലീബായുടെ അടയാളം വഹിക്കുന്ന ഞങ്ങൾ വഞ്ചകാത്മാക്കൾക്കു ഭയകാരണമായിത്തീരണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ആമ്മീൻ'' (പെരുനാളുകൾ പേജ് 133).

നോമ്പിന്റെ മദ്ധ്യത്തിൽ ജീവദായകമായ സ്ലീബായുടെ അടയാളം നമുക്കായി സ്ഥാപിച്ച രക്ഷകന്റെ വിസ്മയനീയ വ്യാപാരം എത്രയോ വിശിഷ്ടമാകുന്നു. അതിനാൽ കരുണാസമ്പന്നനായ കർത്താവേ, നിന്നോടുഞ്ഞങ്ങൾ അപേക്ഷിക്കുന്നു. കുറി.... (പേജ് 133)

മനുഷ്യരായ നമുക്കു ദുഷ്ടനോടെതിരിടാൻ ശക്തിയില്ലാതിരുന്നതിനാൽ കർത്താവു നോമ്പോടൊപ്പം ജീവപ്രദമായ സ്ലീബാ നമുക്കു തന്നു. അതിനാൽ കരുണാസമ്പന്നനായ കർത്താവേ, നിന്നോടുഞ്ഞങ്ങൾ അപേക്ഷിക്കുന്നു. കുറി.... (പേജ് 134)

പിത്തളസർപ്പത്താൽ സൂചിപ്പിക്കപ്പെടുകയും ഉപമിക്കപ്പെടുകയും ചെയ്ത മിശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. പാപത്തിന്റെ മാരകവിഷം ഞങ്ങളിൽനിന്നു നീക്കിക്കളയണമെ.... പിത്തളസർപ്പത്തിൽ ദൃഷ്ടിയുറപ്പിച്ചവരെ അതു സുഖമാക്കിയതുപോലെ ഞങ്ങളുടെ ദൃഷ്ടി നിന്നിലും നിന്റെ സ്ലീബായിലും പതിഞ്ഞിരിക്കുന്നതിനാൽ ഞങ്ങളുടെ ക്ലേശങ്ങളും രോഗങ്ങളും നീ സുഖമാക്കണമെ... (പേജ് 135).

ഈ പ്രാർത്ഥനകൾ നേരത്തെ വായിച്ചു ധ്യാനിച്ചാൽ ഗോഗുൽത്താ പ്രതിഷ്ഠ പ്രാർത്ഥനയിൽ സജീവമായി പങ്കുചേരുന്നതിനു സാധിക്കും. തുടർന്നുള്ള ദിനങ്ങളിൽ ദേവാലയ മദ്ധ്യത്തിൽ സ്ഥാപിച്ചിരിക്കുന്ന ഗോഗുൽത്തായിലേക്കു നോക്കുമ്പോൾ മുകളിൽ നല്കിയ തിരുവചന ചിന്തകളും പ്രാർത്ഥനകളും മനസ്സിൽ സ്മരിച്ചുകൊണ്ട് സ്വജീവിതത്തെയും ലോകത്തെ മുഴുവനും വിശുദ്ധീകരിച്ച് ക്രിസ്തുവിലൂടെ കരഗതമായ ദൈവീക കൂട്ടായ്മയിലേക്കുയർത്തുന്നതിനായി നിരന്തരം നമുക്കു പ്രാർത്ഥിക്കാം! പ്രയത്നിക്കാം!



malankaralibrary.com

## ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:

(1) ഇന്നത്തെ തിരുവചനഭാഗങ്ങൾ നല്കിയ പ്രചോദനങ്ങൾ
(2) ഈ വർഷത്തെ നോമ്പുകാല തിരുവചന ധ്യാന-പഠനം വഴി ലഭിച്ച പ്രയോജനങ്ങൾ എന്തെല്ലാമെന്നു വിലയിരുത്തുക
(3) ഇതുവരെയുള്ള തിരുവചന ധ്യാനത്തിന്റെ വെളിച്ചത്തിൽ നന്നായി ആത്മശോധനചെയ്ത് നല്ലൊരു കുമ്പസാരം നടത്തുക

# നോമ്പിന്റെ അഞ്ചാം ഞായർ: ക്പിഫ്തൊ ഞായർ

സംഖ്യ 14: 1-10; പ്രഭാ 40:1-11; ഹോസി 6:1-6
1 പത്രോ 3:8-17; ഗലാ 5:16-21; ലൂക്കാ 13:10-17

യേശു കൂനിയെ സൗഖ്യപ്പെടുത്തിയതിനെ സ്മരിച്ചുകൊണ്ട് ഈ ദിവസത്തെ ക്പിഫ്തൊ ഞായർ എന്നാണറിയപ്പെടുന്നത്.

**സംഖ്യ 14:1-10:** കാനാൻദേശം ഒറ്റുനോക്കുവാൻപോയവരുടെ തെറ്റായ സാക്ഷ്യം കേട്ട് രാത്രിമുഴുവൻ നിലവിളിയ്ക്കുകയും മോശയ്ക്കും അഹറോനുമെതിരെ പിറുപിറുക്കുകയും ചെയ്ത ഇസ്രായേൽജനത്തിന്റെ ചിത്രമാണ് ഈ തിരുവചനഭാഗത്തു വരച്ചുകാട്ടുന്നത്. ദൈവമായ കർത്താവ് തങ്ങളുടെ ജീവിതത്തിൽ ഇടപെട്ട് നിരന്തരം നയിച്ച വഴികളും നിരവധിയായ അത്ഭുതങ്ങളും അടയാളങ്ങളുമെല്ലാം വിസ്മരിച്ച് ദൈവപരിപാലനയിൽ അല്പംപോലും ശരണപ്പെടാതെയാണവർ നിലവിളിക്കുകയും പിറുപിറുക്കുകയും ചെയ്യുന്നത്. വേറൊരു നേതാവിനെ തിരഞ്ഞെടുത്ത് ഈജിപ്തിലേക്കു തിരിച്ചുപോകുവാൻപോലും അവർ തീരുമാനിച്ചു. വിശ്വാസതീർത്ഥാടനപാതയിലെ ക്ലേശങ്ങൾ പ്രത്യാശയോടെ തരണംചെയ്തു മുന്നേറുന്നതിനേക്കാൾ അഭികാമ്യമായി അടിമത്തത്തിന്റെ നുകത്തിൻകീഴിലമരുന്നതാണ് നല്ലതെന്നവർ ധരിച്ചു!

ഇതുവരെയും ഇസ്രായേല്യർ ആത്മാർത്ഥമായ അനുതാപത്തിലേക്കും ഹൃദയപരിവർത്തനത്തിലേക്കും കടന്നുവന്നിട്ടില്ലെന്നു വ്യക്തമാക്കുകയാണ് ഈ തിരുവചനഭാഗം. ഇതോടൊപ്പം ഇസ്രായേൽജനത്തിന്റെ ആത്മാർത്ഥമല്ലാത്ത അനുതാപത്തെക്കുറിച്ച് ഹോസിയാ 6:1-6-ൽ പറയുന്ന കാര്യങ്ങളും ചിന്തയ്ക്കു വിഷയമാക്കുക. ഈ പശ്ചാത്തലത്തിൽ ഇന്നത്തെ സുവിശേഷഭാഗം അവതരിപ്പിക്കുന്ന കൂനിയുടെ വിശ്വാസത്തെ വിലയിരുത്തുക

**ലൂക്കാ 13:10-17:** നോമ്പിന്റെ ഓരോ ഞായറാഴ്ചയിലും നമ്മുടെ കർത്താവു തന്റെ പരസ്യജീവിതത്തിൽ പ്രവർത്തിച്ച ഓരോ അത്ഭുതങ്ങൾ അവതരിപ്പിച്ചുകൊണ്ട് അതുവഴി വെളിപ്പെടുന്ന ദൈവമഹത്വത്തിലേക്ക്, അതായത് ദൈവത്തിന്റെ കരുണാർദ്രവും ജീവദായകവുമായ സ്നേഹത്തിലേക്ക്, നമ്മുടെ ശ്രദ്ധയെ ആകർഷിക്കുകയാണ്. അതുദർശിക്കുകവഴി അനുതാപത്തിലേക്കും, ജീവിതപരിവർത്തനത്തിലേക്കും, വിശ്വാസ നവീകരണത്തിലേക്കും, അതുവഴിയുള്ള ആത്മീയ വളർച്ചയിലേക്കും നവജീവന്റെ സമൃദ്ധി



malankaralibrary.com

യിലേക്കുമാണ് തിരുസ്സഭ തന്റെ വിശ്വാസികളെ ക്ഷണിക്കുന്നത്. കഴിഞ്ഞ ഞായറാഴ്ച നമ്മുടെ കർത്താവ് കാനാൻകാരിയുടെ മകളെ സുഖപ്പെടുത്തിയ സംഭവമായിരുന്നു നമ്മുടെ വിചിന്തനത്തിനു വിഷയമാക്കിയത്. അവളുടെ വിശ്വാസത്തെ കർത്താവു പരീക്ഷിച്ചു. എന്നാൽ പട്ടിയെപ്പോലെ തട്ടിയെറിഞ്ഞിട്ടും പിന്മാറാതെ അവൾ പ്രശംസനീയമാം വിധം വിജയം വരിച്ചു. ഇസ്രായേലിൽപ്പോലും ഞാൻ ഇതുപോലൊരു വിശ്വാസം കണ്ടിട്ടില്ലെന്നു പറഞ്ഞ് കർത്താവ് അവളെ പ്രശംസിക്കുകയും അവളുടെ അപേക്ഷ ശ്രവിക്കുകമാത്രമല്ല അവളാഗ്രഹിക്കുന്നതുപോലെ ഭവിക്കട്ടെയെന്നു പറഞ്ഞ് കർത്താവ് അവളെ അനുഗ്രഹിക്കുകയും ചെയ്തു. കാനാൻകാരിയുടെ ഈ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഇന്നത്തെ പഴയനിയമവായനയിൽ വെളിപ്പെടുത്തിയ ദൈവത്തിന്റെ സ്വന്തജനത്തിന്റെ അവസ്ഥയെ വിലയിരുത്തുക.

നോമ്പിന്റെ അഞ്ചാം ഞായറായ ഈ ദിവസം നമ്മുടെ വിചിന്തനത്തിനും ധ്യാനത്തിനുമായി തിരുസ്സഭ നിർദ്ദേശിച്ചിട്ടുള്ള സുവിശേഷഭാഗം ലൂക്കാ 13:10–17 ആണ്. പതിനെട്ടു വർഷം കൂനിയായിരുന്ന ഒരു സ്ത്രീയെ സുഖപ്പെടുത്തുന്ന സംഭവമാണ് ഈ സുവിശേഷത്തിൽ വിവരിക്കുന്നത്. അവൾ ദേവാലയത്തിൽ ഉണ്ടായിരുന്നുവെന്നും യേശു അവളെ കണ്ടുവെന്നുമാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത് (13:11). യേശു അവളെ കണ്ടപ്പോൾ അടുത്തു വിളിച്ചു പറഞ്ഞു: “സ്തീയേ നിന്റെ രോഗത്തിൽനിന്ന് നീ മോചിക്കപ്പെട്ടിരിക്കുന്നു. അവൻ അവളുടെമേൽ കൈകൾ വച്ചു. തൽക്ഷണം അവൾ നിവർന്നു നില്ക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു.” കർത്താവിന്റെ കാരുണ്യവും കൂനിയുടെ വിശ്വാസത്തോടുകൂടെയുള്ള കാത്തിരിപ്പുമാണ് കൂനിയെ സുഖപ്പെടുത്തുന്ന സംഭവത്തിൽ പ്രധാനമായും വെളിപ്പെടുന്നത്. കർത്താവ് അവളെ സന്ദർശിച്ചു രക്ഷിച്ചു.

കാനാൻകാരിയായ സ്ത്രീ സഹായത്തിനായി നിലവിളിച്ചുകൊണ്ട്, തട്ടിയെറിഞ്ഞിട്ടും പിന്തിരിയാതെ, കർത്താവിന്റെ പിന്നാലെ പോയതുപോലെ കൂനിയായ സ്ത്രീ പോയില്ല. പ്രത്യാശയോടെ, ആവലാതിയും പിറുപിറുപ്പുമില്ലാതെ, കാത്തിരുന്ന തന്റെ മകളെത്തേടി കർത്താവ് അരികിലെത്തുകയാണു ചെയ്തത്. നിരന്തരം യാചകരെപ്പോലെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റിക്കിട്ടുവാനായി ദൈവത്തെ സമീപിക്കുന്നതിനേക്കാൾ ഉയർന്ന വിശ്വാസമാണ് ദൈവതിരുമനസ്സിനുവിധേയരായി അവിടുത്തെ രക്ഷാകരമായ ഇടപെടലിനുവേണ്ടി പ്രത്യാശയോടെ കാത്തിരിക്കുന്നത്.

സാത്താൻ ബന്ധിച്ചിട്ടിരുന്ന അബ്രഹാത്തിന്റെ പുത്രിയെന്നാണ് യേശു അവളെ വിശേഷിപ്പിച്ചിരിക്കുന്നത് (13:16). എന്തുകൊണ്ടാണ് അവളെ അബ്രഹാത്തിന്റെ പുത്രിയെന്നു വിശേഷിപ്പിച്ചിരിക്കുന്നത്? ഇസ്രായേൽ വംശജയും, എന്നാൽ പ്രതികൂലസാഹചര്യങ്ങളിൽ നിരന്തരം പിറുപിറുത്ത ഇസ്രായേൽ ജനത്തിൽനിന്നു വ്യത്യസ്തമായി ആവലാതി കൂടാതെ ദേവാലയത്തിൽ സ്വയം സന്നിഹതയായി കർത്താവിന്റെ രക്ഷയ്ക്കായി, വിശ്വാസികളുടെ പിതാവായ അബ്രഹാമിനെപ്പോലെ പ്രത്യാശയോടെ കാത്തിരുന്നവൾ



malankaralibrary.com

എന്ന അർത്ഥത്തിലാണ് കർത്താവ് അവളെ അബ്രഹാമിന്റെ പുത്രിയെന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ഇസ്രായേൽജനം അബ്രഹാമിന്റെ സന്തതികളെ ന്നഭിമാനിക്കുന്നവരാണ്. എന്നാൽ അവർക്ക് വിശ്വാസസ്ഥിരതയില്ല.

ദൈവമക്കളെന്നും ദൈവത്താൽ പ്രത്യേകമാംവിധം വിളിച്ചുവേർതിരിക്കപ്പെട്ടവരെന്നും അഭിമാനിക്കുന്ന ക്രിസ്ത്യാനികളായ നമുക്ക് ഇന്നത്തെ തിരുവചന വായനകൾ നല്കുന്ന സന്ദേശം എന്താണ്? നമുക്കുചുറ്റുമുള്ള അക്രൈസ്തവരായ സഹോദരങ്ങളിൽനിന്ന് വ്യത്യസ്തമായി എന്തു മേന്മയാണ് നമ്മുടെ വിശ്വാസജീവിതത്തിനുള്ളത്. കർത്താവ് കൂനിയെ പ്രശംസിച്ചതുപോലെ പ്രശംസനീയമായി എന്തെങ്കിലുമുണ്ടോ? നമ്മുടെ കുടുംബങ്ങൾ വിശ്വാസജീവിതപാതയിൽ മാതൃകാപരമായി മുന്നേറുന്നവരാണോ?

സ്വന്തം വിശ്വാസജീവിതത്തെ നന്നായി വിശകലനം ചെയ്യുന്നതിന് ഒരു സംഭവകഥ സഹായിക്കുമെന്നു തോന്നുന്നു. അറിവ് നേടാനായി നിരന്തരം പരിശ്രമിച്ചിരുന്ന ഒരു പണ്ഡിതനായ മനുഷ്യനോട് ഒരിക്കൽ ദൈവം പറഞ്ഞു *ഇന്നു ഞാൻ നിന്നെ ഒരു വലിയ കാര്യം പഠിപ്പിക്കാം. നീ സമീപത്തുള്ള ആ ദേവാലയത്തിലേക്കു ചെല്ലുക.* ദൈവം പറഞ്ഞതനുസരിച്ച് ആ പണ്ഡിതൻ അടുത്തുള്ള ദേവാലയത്തെ ലക്ഷ്യമാക്കി പുറപ്പെട്ടു. ദേവാലയ അങ്കണത്തിലേക്കുള്ള പ്രവേശന കവാടത്തിനടുത്ത് ഒരു കുഷ്ഠരോഗി ഭിക്ഷ യാചിച്ചുകൊണ്ട് കിടക്കുകയായിരുന്നു. ആ കുഷ്ഠരോഗിയെ നോക്കി പണ്ഡിതൻ പറഞ്ഞു "Good Morning!" അതിനു മറുപടിയായി കുഷ്ഠരോഗി പറഞ്ഞു "എനിക്ക് ഒരിക്കലും bad morning ഉണ്ടായിട്ടില്ല". ഇതുകേട്ടു തിരിഞ്ഞ് നിന്ന് ആ പണ്ഡിതൻ കൂട്ടിച്ചേർത്തു *നിനക്ക് നല്ലതു ഭവിക്കട്ടെ.* അപ്പോൾ കുഷ്ഠരോഗി പറഞ്ഞു "ദൈവ കൃപയാൽ എന്റെ ജീവിതത്തിൽ ഇന്നുവരെ നല്ലതല്ലാതെ ഒന്നും സംഭവിച്ചിട്ടില്ല". ഇതുകേട്ടപ്പോൾ *ദൈവം നിന്നെ അനുഗ്രഹിക്കട്ടെ* എന്നു പറഞ്ഞുകൊണ്ട് കടന്നുപോകാൻ ഭാവിച്ച ആ പണ്ഡിതനോട് കുഷ്ഠരോഗി പറഞ്ഞു, "സാറേ എന്റെ ദൈവം എന്നെ അനുഗ്രഹിക്കുകയല്ലാതെ ഒരിക്കലും ശപിച്ചിട്ടില്ല". ഈ ഉത്തരംകേട്ട് കുപിതനായി പണ്ഡിതൻ തിരിഞ്ഞു നിന്ന് ചോദിച്ചു *നീ എന്തിനാണ് ഇങ്ങനെ തർക്കുത്തരം പറയുന്നത്?* "സാറേ ഞാൻ തർക്കുത്തരം പറയുകയല്ല യാഥാർത്ഥ്യം പറയുകയായിരുന്നു. ദൈവത്തിൽ നിന്ന് വളരെയേറെ അനുഗ്രഹങ്ങൾ പ്രാപിച്ച ഒരു വ്യക്തിയാണ് ഞാൻ. എനിക്ക് നല്ലൊരു കുടുംബം, ഭാര്യ, മക്കൾ, സമ്പത്ത് എല്ലാം ദൈവം നല്കി. ഞാൻ കുഷ്ഠരോഗിയായപ്പോൾ എന്നെ എല്ലാവരും പുറത്താക്കി, എന്നാൽ എന്റെ ദൈവം എന്നെ ഉപേക്ഷിച്ചില്ല, അവിടുന്ന് എന്നോടു കൂടെയുണ്ട് അതിനാൽ ഇന്നും ഞാൻ സന്തുഷ്ടനാണ്".

ഒരു കുഷ്ഠരോഗി ഇപ്രകാരം പറയുന്നതു കേട്ടിട്ട് അതംഗീകരിക്കാനാവാതെ കൂടുതൽ ചൊടിച്ചുകൊണ്ട് പണ്ഡിതൻ ചോദിച്ചു *എന്നാൽ ഇന്ന് നിന്റെ ആ ദൈവം നിന്റെ ജീവനെടുക്കുകയും നിന്നെ നരകത്തിലേക്ക് തള്ളിയിടുകയും ചെയ്യുകയാണെന്നിരിക്കട്ടെ, എന്തായിരിക്കും നിന്റെ പ്രതികരണം?* പുഞ്ചിരിച്ചു



malankaralibrary.com

കൊണ്ട് ആ കുഷ്ഠരോഗി പറഞ്ഞു, "നല്ല ദൈവത്തിന് അങ്ങനെ ചെയ്യാൻ കഴിയുകയില്ലെന്നാണ് എന്റെ ഉറപ്പ്. ഇനി അഥവാ അങ്ങനെ ചെയ്താൽ എളിമയാകുന്ന ഇടതുകരംകൊണ്ട് ഞാൻ എന്നെ അവിടുത്തെ തൃപ്പാദത്തിലർപ്പിച്ച് തിരുഹിതത്തിന് വിധേയപ്പെടും. സ്നേഹമാകുന്ന വലതുകരംകൊണ്ട് ഞാൻ അവിടുത്തെ ചുറ്റിപ്പിടിക്കും അപ്പോൾ എന്റെകൂടെ നരകത്തിൽ വരാതിരിക്കാൻ അവിടത്തേക്കു കഴിയുകയില്ല. അങ്ങനെ ദൈവമുള്ള നരകം എനിക്ക് സ്വർഗ്ഗം പോലെ ആയിത്തീരും". ഇതു കേട്ട് ആശ്ചര്യഭരിതനായി അല്പസമയം ആ കുഷ്ഠരോഗിയെ നോക്കി നിന്നിട്ട് ദൈവം ഈ കുഷ്ഠരോഗിയിലൂടെ ഇന്നു എന്നെ വലിയൊരു പാഠം പഠിപ്പിച്ചുവെന്ന കൃതാർത്ഥതയോടെ ആ പണ്ഡിതൻ മടങ്ങിപ്പോയി.

ഈ കുഷ്ഠരോഗിയുടെ മനോഭാവത്തോടെ പ്രതികൂല സാഹചര്യങ്ങളിൽ പിറുപിറുക്കാതെ, ദൈവത്തെയും മറ്റുള്ളവരേയും പഴിക്കാതെ, നരകത്തെപ്പോലും സ്വർഗ്ഗമാക്കിമാററാനും വിശ്വാസത്തിൽ സ്ഥിരതയും ശക്തിയും പ്രാപിച്ചുകൊണ്ട് ദൈവമഹത്വം ദർശിക്കാനും നോമ്പിന്റെ ഈ അനുഗൃഹീത കാലയളവിൽ നമുക്കു പരിശ്രമിക്കാം! അതുവഴി നമുക്കുമാത്രമല്ല സകലജനത്തിനും രക്ഷയുടെ അനുഭവത്തിലേക്കു കടന്നുവരാനുള്ള കൃപ യാചിക്കുകയും ചെയ്യാം!

### ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:

(1) ഇന്നത്തെ വി. ഗ്രന്ഥവായനകൾ നമ്മുടെ വിശ്വാസജീവിതത്തെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുന്നുവെന്ന് ആത്മശോധന ചെയ്യുക

(2) കൂനിയായ സ്ത്രീയുടെ അനുഭവവും, സംഭവകഥയിലെ കുഷ്ഠരോഗിയുടെ ജീവിതവും സ്വന്തം ജീവിതത്തെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുന്നു? ഏതു സാഹചര്യത്തിലും പ്രത്യാശയോടെ കാത്തിരിക്കാൻ സാധിക്കുന്നുണ്ടോ?

## നോമ്പിന്റെ ആറാം ഞായർ: സമിയോ ഞായർ

നിയമാ 25:13–19; ജോബ് 29:7–16; ഏശ 1:10–17;
1 പത്രോ 4:12–19; റോമ 14:13–23; യോഹ 9:1–41

യേശു ജന്മനാ അന്ധനായവനെ സുഖപ്പെടുത്തുന്ന സംഭവത്തെ അനുസ്മരിക്കുന്ന ദിനമായതിനാലാണ് ഈ ഞായറാഴ്ചയെ സമിയോ ഞായർ എന്നറിയപ്പെടുന്നത്. നമ്മെ ആത്മീയമായ അന്ധതയിലേക്കു നയിക്കുന്ന കാര്യങ്ങളും അതിൽനിന്നു മോചനംപ്രാപിക്കാനുള്ള മാർഗ്ഗങ്ങളും വ്യക്തമാക്കുകയാണ് ഈ ദിവസത്തെ വായനകളിലൂടെ.

**നിയമാ 25:13–19:** നിർവ്യാജവും നീതിയുക്തവുമായ ഒരു ജീവിതശൈലിയിലേക്ക് ദൈവം നമ്മെ ക്ഷണിക്കുകയാണ് ഈ തിരുവചനത്തിലൂടെ. വാഗ്ദത്തഭൂമിയിലേക്കു പ്രവേശിക്കുന്നതിന് എല്ലാത്തരം നീതിരഹിതമായ പ്രവൃത്തികളും, തിന്മയും പരിപൂർണ്ണമായും ഉപേക്ഷിച്ചേ മതിയാവൂ എന്ന്



malankaralibrary.com

കർത്താവ് മുന്നറിയിപ്പു നല്കുകയാണ്.

**ജോബ് 29:7–16:** നീതിമാനായ ജോബിന്റെ നീതിയുക്തമായ പ്രവൃത്തികൾ എന്തൊക്കെയാണെന്നു വിവരിക്കുകയാണ് ഈ തിരുവചനഭാഗത്ത്. "...നിലവിളിക്കുന്ന ദരിദ്രനെയും നിരാശ്രയനായ അനാഥനെയും ഞാൻ രക്ഷിച്ചു. വിധവയുടെ ഹൃദയം ആനന്ദഗീതം ആലപിക്കാൻ ഞാൻ ഇടയാക്കി. ഞാൻ കുരുടനു കണ്ണുകളും മുടന്തന് കാലുകളുമായിരുന്നു. ദരിദ്രർക്കു ഞാൻ പിതാവായിരുന്നു. എനിക്ക് അപരിചിതനായവന്റെ വ്യവഹാരം ഞാൻ നടത്തി...." *നീതിമാനായ ജോബിന്റെ ഈ നന്മപ്രവർത്തികൾ ചെയ്യുവാൻ ഈ നോമ്പുകാലത്ത് തിരുസ്സഭ നമ്മെയും ആഹ്വാനം ചെയ്യുന്നു.*

**ഏശ 1:10–17:** എശയ്യാ 1:1–9 –ന്റെ പശ്ചാത്തലത്തിൽവേണം 10–17 വാക്യങ്ങൾ മനസ്സിലാക്കാൻ. ദൈവജനത്തിന്റെ അവിശ്വസ്തതയിൽ സഹികെട്ട കർത്താവ്, അവർ തന്റെ വാക്കു കേൾക്കാത്തതിൽ ഖേദിച്ച് പ്രതികരിക്കാൻ കഴിയാത്ത ആകാശത്തോടും ഭൂമിയോടും വിളിച്ചു പറയുകയാണ്, തിരിച്ചറിവില്ലാത്ത കാളയും കഴുതയും തങ്ങളുടെ ഉടമസ്തനെയും യജമാനന്റെ തൊഴുത്തും അറിയുന്നു, എങ്കിലും ഞാൻ ബുദ്ധിയും വിവേകവും നല്കി സൃഷ്ടിക്കുകയും ഉടമ്പടിചെയ്തു സ്വന്തമാക്കുകയും ചെയ്ത എന്റെ സ്വന്ത ജനം എന്നെ അറിയുന്നില്ല (1:2–3). തന്റെ ജനത്തിന്റെ അതിക്രമങ്ങളോരോന്നും എടുത്തുപറഞ്ഞശേഷം അവരുടെ ബലികളിലും നേർച്ച കാഴ്ച്ചകളിലുമുള്ള തന്റെ മടുപ്പ് വ്യക്തമാക്കുകയാണ് 10–15 വാക്യങ്ങളിൽ. എങ്കിലും കർത്താവിന്റെ അന്തിമമായ വാക്ക് ശിക്ഷാവിധിയല്ല, രക്ഷാവാഗ്ദാനമാണ്. തങ്ങളെത്തന്നെ കഴുകിവെടിപ്പാക്കി ദുഷ്കർമ്മങ്ങൾ നീക്കി അകൃത്യങ്ങൾ അവസാനിപ്പിച്ച് നന്മ ചെയ്യാനും, നിതി പ്രവർത്തിച്ച് തന്നോടു രമ്യപ്പെടാനുമാണ് 15–20 വാക്യങ്ങളിൽ കർത്താവ് തന്റെ ജനത്തോടാവശ്യപ്പെടുന്നത്.

ഇന്നത്തെ ദൈവജനത്തിന്റെ അവസ്ഥയും ഇതുതന്നെയല്ലേ? ലോകത്തെ എത്രയധികമായി നാം ആരാഞ്ഞറിഞ്ഞാലും അവയുടെയെല്ലാം സ്രഷ്ടാവിനെ അറിയുന്നില്ലെങ്കിൽ എന്തു പ്രയോജനം? ദൈവത്തെ തേടുവാനുള്ള ഒരു അന്വേഷണധ്വര അഥവാ അന്തർദ്ദാഹം മനുഷ്യ-ഹൃദയങ്ങളിൽ സ്രഷ്ടാവായ ദൈവം ആലേഖനം ചെയ്തിട്ടുണ്ട്. മനുഷ്യചരിത്രത്തിലിടപെട്ട് അവിടുന്ന് തന്നെത്തന്നെ പൂർണ്ണമായി വെളിപ്പെടുത്തുകയും ചെയ്തു. എങ്കിലും ലൗകീകവ്യഗ്രതകളും, സ്വാർത്ഥ താല്പര്യങ്ങളും, ജഢികാസക്തികളും മൂലം അന്ധമാക്കപ്പെട്ട ഇന്നത്തെ മനുഷ്യൻ തന്റെ സ്രഷ്ടാവിനെ മറന്നുപോയി. ഈ നോമ്പുകാലം ഉപവാസവും, പ്രാർത്ഥനയും, പരിത്യാഗങ്ങളുംവഴി നമ്മിലും മനുഷ്യഹൃദയങ്ങളിലും ഒളിഞ്ഞുകിടക്കുന്ന ദൈവത്തിനുവേണ്ടിയുള്ള അന്തർദ്ദാഹത്തെ തൊട്ടുണർത്താൻ നമുക്കു പരിശ്രമിക്കാം!

**1 പത്രോ 4:12–19:** ക്രിസ്തീയമായി സഹനത്തെ എങ്ങനെ സമീപിക്കണമെന്നാണ് പത്രോസ് ശ്ലീഹാ ഈ തിരുവചനം വഴി നമുക്കു വ്യക്തമാക്കിത്തരുന്നത്. ***ഒന്നാമതായി,*** "നിങ്ങളുടെ വിശ്വാസത്തെ ശോധനചെയ്യുവാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെ



malankaralibrary.com

ന്നപോലെ പരിഭ്രമിക്കരുത്.'' മാത്രമല്ല ''ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ! അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും.'' സ്വന്തം അകൃത്യങ്ങൾ മൂലമുണ്ടായ സഹനങ്ങളിലും പരാജയത്തിലുംപോലും, മിഖാ 7:8-13 -ൽ പറയുന്നതുപോലെ, നാം മനസ്സിടറാതെ അനുതാപപൂർവ്വം ദൈവത്തിലാശ്രയിക്കുകയും, *ഞാൻ തെററു ചെയ്തുപോയി, എങ്കിലും അവിടുന്നെന്നെ വെളിച്ചത്തിലേക്കു നയിക്കും, ഞാൻ അവിടുത്തെ രക്ഷ ദർശിക്കും,* എന്ന പ്രത്യാശയോടെ കർത്താവിന്റെ രക്ഷാവാഗ്ദാനം കാത്തിരിക്കുകയും ചെയ്യണം.

*രണ്ടാമതായി,* ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദിക്കപ്പെട്ടാൽ ദൈവാത്മാവു നമ്മിൽ വസിക്കുന്നു എന്ന ബോദ്ധ്യത്തോടെ അതു ഭാഗ്യമായി കരുതണം. ***മൂന്നാമതായി,*** തിന്മചെയ്തിട്ടു പീഡസഹിക്കാനിടവരുത്താതെ, ക്രിസ്ത്യാനി എന്ന നിലയിൽ നന്മചെയ്തുകൊണ്ടു പീഡസഹിക്കുകയും, അതിൽ ലജ്ജിക്കാതെ അഭിമാനപൂർവ്വം ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യണം. പത്രോസ് ശ്ലീഹാ പറയുന്നതുപോലെ, ''ദൈവഹിതമനുസരിച്ചു സഹിക്കുന്നവർ നന്മചെയ്തുകൊണ്ടു വിശ്വസ്തനായ സ്രഷ്ടാവിനു തങ്ങളുടെ ആത്മാക്കളെ ഭരമേല്പിക്കട്ടെ'' (4:19). സ്വന്തം തിന്മകൾമൂലം സഹിക്കാനിടവരുന്നത് ദൈവഹിതമനുസരിച്ചുള്ള സഹനമല്ല എന്നും ഇതിൽനിന്നു വ്യക്തമാണല്ലോ. സ്വന്തം തിന്മകൾമൂലമല്ലാതെ നന്മചെയ്തു സഹിക്കുന്നവരാകാം നമുക്ക്?

നോമ്പിന്റെ ഇനിയുള്ള ദിവസങ്ങളിലും തുടർന്നുള്ള നമ്മുടെ ജീവിതത്തിലും സഹനത്തെക്കുറിച്ചുള്ള ഈ മൂന്നു പാഠങ്ങളും അഭ്യസിച്ചുകൊണ്ട് നമ്മുടെ സഹനങ്ങളെ രക്ഷാകരമാക്കിമാറ്റുവാൻ നമുക്കു നിരന്തരം പരിശ്രമിക്കാം! അതുവഴി ''സഹനം വേണ്ടേ വേണ്ട'' എന്ന മനോഭാവത്തോടെ അതിൽനിന്ന് ഏതുവിധേനയും ഓടിയൊളിക്കുവാൻ ശ്രമിക്കുന്ന ഇന്നത്തെ മനുഷ്യകുലത്തെ ക്രിസ്തുവിനോടു ചേർന്നുനിന്നുകൊണ്ട് ക്രിസ്തീയസഹനത്തിലേക്ക് ആകർഷിക്കാം! സഹനം ദൈവമഹത്വത്തിലേക്കു നമ്മെ നയിക്കുന്ന രക്ഷാകരമായ പാതയാണെന്ന ബോദ്ധ്യത്തിലേക്കു വളരാം. അങ്ങനെ നമുക്ക് ക്രിസ്തീയ സഹനത്തിന്റെ പങ്കാളികളും സാക്ഷികളും പ്രഘോഷകരുമായിത്തീരാം!

**റോമ 14:13-23:** ചില ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ച് വിശ്വാസികളുടെയിടയിലുണ്ടായ അഭിപ്രായഭിന്നതയാണ് ഇതെഴുതുവാൻ പൗലോസ് ശ്ലീഹായെ പ്രേരിപ്പിച്ചത്. പരസ്പരം വിധിക്കാതെയും, അപരന് ഇടർച്ചവരുത്താതെയും സ്നേഹത്തിന്റെ അരൂപിയിൽ അവനവന്റെ മനസ്സാക്ഷിയനുസരിച്ച് വിശ്വാസത്തോടെ വസിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ശ്ലീഹാ ഇവിടെ ഊന്നിപ്പറയുന്നത്. ഭക്ഷണപാനീയങ്ങൾക്കല്ല, ദൈവരാജ്യത്തിന്റെ മൂല്യങ്ങളായ നീതി, സമാധാനം, പരിശുദ്ധാത്മാവിലുള്ള സന്തോഷം, എന്നിവയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ട്, ക്രിസ്തുവിനെ ശുശ്രൂഷിക്കുവാനാണ് ഈ ലേഖനഭാഗംവഴിയായി ശ്ലീഹാ ക്രിസ്തുശിഷ്യരെ ആഹ്വാനം ചെയ്യുന്നത്.



malankaralibrary.com

**യോഹ 9:1–41:** യേശു ജന്മനാ അന്ധനായ ഒരുവനെ സുഖപ്പെടുത്തുന്ന സംഭവവും അതുവഴി യഹൂദനേതാക്കന്മാരുടെ ആത്മീയ അന്ധതയെ ചൂണ്ടിക്കാട്ടുകയും ചെയ്യുന്ന സുദീർഘമായ ഒരു സുവിശേഷഭാഗമാണിത്. യഹൂദരോടുള്ള യേശുവിന്റെ വിവാദത്തിന്റെ പശ്ചാത്തലത്തിൽനിന്നുവേണം ഈ സംഭവത്തെ നാം വിശകലനംചെയ്യേണ്ടത്. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു അബ്രഹാം ഉണ്ടാകുന്നതിനുമുമ്പ് ഞാൻ ഉണ്ട് എന്ന കർത്താവിന്റെ ആധികാരികമായ സ്വയം വെളിപ്പെടുത്തലോടെ ആ വിവാദം അവസാനിപ്പിച്ച ഉടനേയാണ് യേശു അന്ധനെ സുഖപ്പെടുത്തുന്നത്. വി. യോഹന്നാന്റെ സുവിശേഷത്തിൽ യേശു പ്രവൃത്തിച്ച അത്ഭുതങ്ങളെല്ലാം അടയാളങ്ങളായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. നോമ്പിന്റെ ഒന്നാമത്തെ ഞായർ യോഹന്നാന്റെ സുവിശേഷത്തിലെ ഒരടയാളത്തോടെ ആരംഭിക്കുകയും ആറാമത്തെ ഞായർ ഇതേ സുവിശേഷത്തിലെ മറ്റൊരു അടയാളത്താലെ അവസാനിപ്പിക്കുകയും ചെയ്യുന്നത് പ്രത്യേകം ശ്രദ്ധേയമത്രേ. ഈ സുവിശേഷഭാഗം താഴെപ്പറയുന്ന അഞ്ചു പ്രധാന ചിന്തകളാണു നമുക്ക് നല്കുന്നത്.

**(1)** ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ? എന്ന ശിഷ്യന്മാരുടെ ചോദ്യത്തിന് മറുപടിയായി യേശു പറഞ്ഞത്, ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ് എന്നാണ്. ഇവിടെ ദൈവത്തിന്റെ പ്രവൃത്തികൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അവിടുത്തെ രക്ഷാകരമായ ഇടപെടലുകളെയും വെളിപ്പെടുത്തലുകളുമാണ്. *നമ്മുടെ ജീവിതത്തിലും ഇപ്രകാരമുള്ള പ്രതിസന്ധികളും പ്രയാസങ്ങളും അനുഭവിക്കുന്ന നിമിഷങ്ങളിൽ ഇത് അവിടുത്തെ പ്രവർത്തികൾ എന്നിൽ പ്രകടമാകേണ്ടതിനാണെന്നു വിശ്വസിച്ച് പ്രത്യാശയോടുകൂടെ ദൈവത്തിന്റെ ഇടപെടലിനുവേണ്ടി കാത്തിരിക്കാൻ നമുക്കു സാധിക്കുമോ?* പഴയനിയമത്തിലെ തോബിത്തിനു കാഴ്ച ലഭിച്ചയുടനേ സന്തോഷത്തോടെ ദൈവത്തെ സ്തുതിച്ച് ആനന്ദക്കണ്ണുനീർ പൊഴിച്ചുകൊണ്ട് അവൻ പറഞ്ഞു: ദൈവമേ അങ്ങു വാഴ്ത്തപ്പെട്ടവനാണ്. അങ്ങയുടെ നാമം എന്നേയ്ക്കും വാഴ്ത്തപ്പെട്ടതാണ്.... അവിടുന്ന് എനിക്കു ദുരിതങ്ങൾ അയച്ചു. എന്നാലും എന്നോടു കരുണകാട്ടി (തോബി 11:14–15). *തോബിത്തിനോടുകൂടെ ഇപ്രകാരം പറയുവാൻ നമുക്കും സാധിക്കണം.*

**(2)** യേശു ജന്മനാ അന്ധനായവനെ സുഖപ്പെടുത്തുകവഴി താൻ ലോകത്തിന്റെ പ്രകാശമാണെന്ന സത്യം പ്രഖ്യാപിക്കുകയായിരുന്നു. ഈ സത്യവെളിച്ചമായ മിശിഹായുടെ പ്രവർത്തികളാണ് ലോകത്തെമുഴുവനും അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്കും രക്ഷയുടെ അനുഭവത്തിലേക്കും നയിക്കുന്നത്. കാനായിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കി മാററുകവഴി പ്രതീകാത്മകമായി തന്നെത്തന്നെ വെളിപ്പെടുത്തിയ യേശു, ഇവിടെ താൻ ലോകത്തിന്റെ വെളിച്ചമാണെന്ന് പരസ്യമായി പ്രഖ്യാപപിക്കുന്നു. ദൈവം പ്രകാശമാണെന്നും അവന്റെ കൂട്ടായ്മയിലായിരിക്കുന്നവർക്ക് അന്ധ



malankaralibrary.com

കാരത്തിൽ നടക്കാനാവില്ലെന്നും, അവിടുത്തെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം നമ്മെ എല്ലാ പാപങ്ങളിൽനിന്നും ശുദ്ധീകരിച്ച് സത്യവെളിച്ചത്തിലേക്കു നയിക്കുന്നുവെന്നുമുള്ള യാഥാർത്ഥ്യം യോഹന്നാൻ തന്റെ ലേഖനത്തിലും വ്യക്തമാക്കുന്നുണ്ട് (1യോഹ 1:5-10). ഈ സത്യ പ്രകാശത്തിലേക്കു വരാത്തവർ ആത്മീയ അന്ധതയിലാണത്രേ.

*നാം യേശുവിൽ വിശ്വസിക്കുന്നു എന്നു പറഞ്ഞാലും നാമമാത്ര ക്രിസ്ത്യാനികളല്ലേ? കർത്താവിനെ യഥാർത്ഥത്തിൽ ദർശിക്കുവാൻ സാധിക്കാത്തവിധമുള്ള എന്തെല്ലാം തിന്മകളും പ്രശ്നങ്ങളുമാണ് സ്വന്തംജീവിതത്തിലുള്ളതെന്ന് ആത്മശോധനചെയ്യുക.*

**(3)** യേശു ജന്മനാ അന്ധനായവനെ സുഖപ്പെടുത്തുന്ന സംഭവത്തിൽ ദൈവത്തിന്റെ പ്രവൃത്തിയും മനുഷ്യന്റെ സഹകരണവും നാം ദർശിക്കുന്നു. യേശു തുപ്പൽകൊണ്ട് ചെളിയുണ്ടാക്കി അവന്റെ കണ്ണുകളിൽ പൂശിയിട്ട് പറഞ്ഞു, നീ പോയി സീലോഹാ കുളത്തിൽ കഴുകുക. അവൻ കർത്താവ് കല്പിച്ചതനുസരിച്ച് പ്രവർത്തിച്ച് കാഴ്ച്ചയുള്ളവനായി തിരിച്ചുവന്നു. ഇതിൽനിന്ന് മനുഷ്യന് ദൈവമഹത്വം ദർശിക്കുന്നതിനും അവിടുത്തെ രക്ഷാകര പ്രവൃത്തികൾ അവനിൽ പ്രകടമാകുന്നതിനും അവന്റെ സഹകരണം അനിവാര്യമാണെന്നു വ്യക്തം.

**(4)** ഈ അന്ധനു കാഴ്ച്ചലഭിക്കുന്നത് ഒരു മിസ്റ്റിക്കൽ അനുഭവമാണ്. ദൈവമാണ് ഇവിടെ മുൻകൈ എടുക്കുന്നത്. അന്ധനായ മനുഷ്യൻ കർത്താവിനെ അറിയുകയോ തന്നെ സുഖപ്പെടുത്തണമെന്നപേക്ഷിക്കുകയോ ചെയ്തില്ല. അവൻ സൗഖ്യം പ്രാപിച്ചതും യേശുവിനെ കണ്ടതും അവനിലുള്ള വിശ്വാസം ഏററുപറഞ്ഞതുമെല്ലാം ദൈവത്തിന്റെ പ്രത്യേക ഇടപെടൽവഴിയാണ്. ദൈവത്തിന്റെ മഹത്വം അവിടുന്ന് അവനിൽ പ്രകടമാക്കി. നോമ്പിന്റെ ആദ്യത്തെ അഞ്ചാഴ്ചകളിലുടെയും വ്യക്തികളിലുണ്ടാകേണ്ട പടിപടിയായ വിശ്വാസവളർച്ചയെ നാം മനസ്സിലാക്കി. എന്നാൽ ഇവിടെ ഈ അന്ധനിലൂടെ വെളിപ്പെടുന്ന ദൈവമഹത്വവും വിശ്വാസവളർച്ചയും ദൈവത്തിന്റെ പ്രത്യേക കൃപാദാനമാണ് (മിസ്റ്റിക്കൽ ഗ്രെയ്സ് - mystical grace). ഈ അവബോധം അഥവാ ഉൾക്കാഴ്ച തീർച്ചയായും വിശ്വാസത്തിന്റെ ഒരുന്നതതലം (മിസ്റ്റിക്കൽ അനുഭവം mystical experience) തന്നെയാണ്.

ഈ അന്ധന്റെ വിശ്വാസത്തിൽ പടിപടിയായ ഒരു വളർച്ചയുടെ പാത ദൃശ്യമാണ്. യേശു അവനു കാഴ്ച നല്കിയെങ്കിലും അപ്പോൾ അവൻ യേശുവിനെ തിരിച്ചറിഞ്ഞില്ല. എങ്കിലും അവൻ യേശുവിൽ വിശ്വസിക്കുകയും അവൻ പറഞ്ഞതുപോലെ പ്രവർത്തിക്കുകയും അവനെക്കുറിച്ചു സാക്ഷ്യം നല്കുകയും ചെയ്തു. അതായത് അവനറിയാത്തവനാണ് യേശുവെങ്കിലും അവനറിയാതെതന്നെ അവന്റെ വിശ്വാസത്തെ തൊട്ടുണർത്തി ഹൃദയത്തെ കർത്താവു സ്വാധീനിച്ചിരുന്നു, പ്രത്യേകിച്ച് അവന് കാഴ്ച്ച നല്കുന്ന അടയാളത്തിലൂടെ. പിന്നീട് മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ? എന്ന് ചോദിച്ചുകൊണ്ട് ആ അന്ധനിൽ യേശുവിനെ അറിയാനുള്ള കൂടുതൽ ആഗ്രഹം ജനിപ്പിക്കുകയും, കർത്താവേ ഞാൻ അവനിൽ വിശ്വസിക്കേണ്ട



malankaralibrary.com

തിന് അവൻ ആരാണ് എന്നു ചോദിച്ചപ്പോൾ "നീ അവനെ കണ്ടുകഴിഞ്ഞു. നിന്നോടു സംസാരിക്കുന്നവൻതന്നെയാണ് അവൻ" (9:36–38) എന്നുപറഞ്ഞു കൊണ്ട് അവിടുന്നു തന്നെത്തന്നെ അവനു പൂർണ്ണമായി വെളിപ്പെടുത്തി ക്കൊടുക്കുകയും ചെയ്തു.

"നീ അവനെ കണ്ടുകഴിഞ്ഞു" എന്ന് യേശു പറയുന്നിടത്ത് *എവുറാക്ക (ewraka)* എന്ന ഗ്രീക്കു പദമാണ് ഉപയോഗിച്ചിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ ***കാണുക*** എന്നതിനെ സൂചിപ്പിക്കുവാൻ ബാഹ്യമായ കാഴ്ച്ച, നിരന്തര വിചിന്തനത്തിലൂടെ ലഭിക്കുന്ന പടിപടിയായുള്ള വിശ്വാസപരമായ ഉൾക്കാഴ്ച്ചയിലുള്ള വളർച്ച, ആഴമായ മിസ്റ്റിക്കൽ ഉൾക്കാഴ്ച്ച, എന്നീ അർത്ഥങ്ങൾ വരുന്ന പല ഗ്രീക്കുപദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. നമ്മിൽ ഒരിക്കലും മായാത്ത മുദ്രപതിപ്പിക്കുന്ന ആഴമായ മിസ്റ്റിക്കൽ ഉൾക്കാഴ്ച്ചയെ കാണിക്കുവാൻ ഉപയോഗിക്കുന്ന *എവുറാക്ക* എന്ന പദമാണ് 9:36–38 –ൽ ഉപയോഗിച്ചിരിക്കുന്നത്. അതിനുമുമ്പുള്ള വാക്യങ്ങളിൽ മറ്റു പദങ്ങളാണുപയോഗിച്ചിരിക്കുന്നത്. ഇതിൽനിന്ന് യോഹന്നാന്റെ വീക്ഷണത്തിൽ ആഴമായ മിസ്റ്റിക്കൽ അനുഭവങ്ങൾ ഒരുനിമിഷംകൊണ്ടു കിട്ടുന്നതല്ല, നിമിഷനേരത്തേക്കു മാത്രം ഉള്ളതുമല്ല എന്നു വ്യക്തമാകുന്നു. അത്ഭുതങ്ങളും അടയാളങ്ങളും കണ്ടതുകൊണ്ടുള്ള വിശ്വാസം പൂർണ്ണമല്ലെന്നും, യഥാർത്ഥ ക്രിസ്തുരഹസ്യം ഗ്രഹിച്ച് നാം അവനിലേക്കു വളരണമെന്നും ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. അന്ധന്റെ കണ്ണുതുറന്ന കർത്താവേ, ഞങ്ങളുടെ ആത്മനയനങ്ങൾ തുറന്ന് അങ്ങയെ യഥാർത്ഥമായി ദർശിക്കുവാനും തിരിച്ചറിയുവാനുമുള്ള കൃപയരുളണമേയെന്നു നമുക്കും പ്രാർത്ഥിക്കാം!

**(5) യഥാർത്ഥമായ ക്രിസ്താനുഭവം** പ്രേഷിതതീക്ഷ്ണതയിലേക്കും സത്യത്തോടുള്ള തുറവിയിലേക്കും നയിക്കും. അന്ധന് ദൈവം നല്കിയ ഉന്നതമായ വിശ്വാസ അനുഭവമാണ് അവന്റെ വിശ്വാസ സാക്ഷ്യത്തിലൂടെയും പ്രഘോഷണത്തിലൂടെയും പ്രകടമാകുന്നത്. തന്നെ സിനഗോഗിൽനിന്നു പുറത്താക്കുമെന്നും, തന്റെ ജീവൻപോലും അപകടത്തിലാകുമെന്നും അറിയാമായിരുന്നിട്ടും അവൻ ഒട്ടും ഭയപ്പെടാതെ യേശുവിനെ സാക്ഷ്യപ്പെടുത്തി. യേശു അവനെ സുഖപ്പെടുത്തിയശേഷം ആരാണ് താനെന്നു സ്വയം വെളിപ്പെടുത്തിക്കൊടുത്തപ്പോൾ അവൻ ഒരു യഹൂദനായിരുന്നിട്ടും ഒട്ടും മടിക്കാതെ കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നുപറഞ്ഞുകൊണ്ട് അവിടുത്തെ പ്രണമിച്ചു. *വിശ്വാസത്തിന്റെ പക്വതയിലേക്കു വളരുമ്പോൾ നാം സത്യത്തോടു തുറവിയുള്ളവരും മടികൂടാതെ സത്യത്തെ ആശ്ലേഷിക്കുന്നവരുമാകും.*

## ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:

(1) ഇന്നത്തെ വി. ഗ്രന്ഥവായനകളിലൂടെ വെളിപ്പെടുന്ന വിശ്വാസജീവിതത്തിനു തടസ്സവും ആത്മീയ അന്ധതയുളവാക്കുന്നതുമായ കാര്യങ്ങൾ എന്തൊക്കെയാണ്?

(2) ആന്തരികനയനങ്ങളെ തുറക്കുകയും വിശ്വാസത്തെ പരിപോഷിപ്പിക്കുകയുംചെയ്യുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

(3) ഇന്നത്തെ വായനകൾ നല്കുന്ന പ്രധാന സന്ദേശങ്ങളെന്തെല്ലാം?



malankaralibrary.com

# നാല്പതാം വെള്ളിയാഴ്ച

ഉൽ 3:1–7; നിയമാ 8:1–10; സങ്കീ 91:9–16;

1യോഹ 2:15–17;ഫിലിപ്പി 2:15–17; മത്താ 4:1–11

നാല്പ്പതാം വെള്ളിയാഴ്ച നമ്മുടെ കർത്താവു നോമ്പുവിട്ടദിവസമാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവിടുന്നു സാത്താനെ ജയിച്ച ദിവസമാണിത്. കർത്താവ് ഉപവാസത്താലും പ്രാർത്ഥനയാലും ദൈവവചനത്താലെ പ്രലോഭനങ്ങളെ ജയിച്ചതിലേക്കും, ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ആവശ്യകതയിലേക്കും, പ്രയോജനത്തിലേക്കും നമ്മുടെ ചിന്തകളെ നയിക്കുന്നവയാണ് ഈ ദിവസത്തെ തിരുവചന വായനകളെല്ലാം.

**ഉൽ 3:1–7:** മനുഷ്യനുണ്ടായ പ്രലോഭനവും, അവന്റെ പതനവും അതിന്റെ പരിണിതഫലവുമാണ് ഈ തിരുവചന ഭാഗത്തിന്റെ ഉള്ളടക്കം. എത്ര കൗശലപൂർവ്വം മിത്രത്തിന്റെ ഭാവത്തിലാണ് തിന്മ രംഗപ്രവേശനം ചെയ്തതെന്ന് 3:1 വ്യക്തമാക്കുന്നു. ദൈവമായ കർത്താവ് മനുഷ്യനോട് ഇപ്രകാരം കല്പിച്ചിരുന്നു: "നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും" (ഉൽ 2:17; 3:3). ദൈവ പ്രമാണങ്ങളാണ് നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് നന്മ തെരഞ്ഞെടുക്കാൻ നമ്മെ സഹായിക്കുന്നത്. "യഥാർത്ഥ ഉടമ്പടിയുടെ ദാസന്മാർക്ക് കർത്താവിന്റെ കല്പന ആനന്ദമാണ്" (സങ്കീ 1:2). അത് ജീവനിലേയ്ക്കു നയിക്കുന്ന സുനിശ്ചിത മാർഗ്ഗമാണ്.

ദൈവകല്പന ആദത്തെ ജീവന്റെയും മരണത്തിന്റെയും അഥവാ നന്മയുടെയും തിന്മയുടെയും മദ്ധ്യേ നിർത്തി (പില്ക്കാലത്ത് ഇസ്രായേൽക്കാരോടു ചെയ്തതുപോലെ). കല്പന പാലിച്ചില്ലെങ്കിൽ ആദം മരിക്കും, പാലിച്ചാൽ മരിക്കുകയില്ല. പുരാതന മദ്ധ്യപൂർവ്വദേശത്ത് മരിക്കുകയില്ല എന്നു പറഞ്ഞാൽ ഒരു ദേവൻ ആയിത്തീരും എന്നാണ് അർത്ഥം. എന്തെന്നാൽ അമർത്യരായിട്ട് ദേവന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. അങ്ങനെയെങ്കിൽ ഇവിടെ വി. ഗ്രന്ഥത്തിൽ മരിക്കുകയില്ല അഥവാ ജീവിക്കും എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ദൈവത്തെപ്പോലെ ആയിത്തീരും അഥവാ ദൈവീകവല്കരിക്കപ്പെടും (divinisation) എന്നാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ജീവന്റെ പൂർണ്ണതയിലേക്കു വളരും എന്നാണർത്ഥം. *മരിക്കുക* എന്നതു കൊണ്ടിവിടെ അർത്ഥമാക്കുന്നതോ ദൈവീകകൂട്ടായ്മയിൽ നിന്നുള്ള അകൽച്ചയെയത്രേ. അതായത് ദൈവത്തിന്റെ പറുദീസായിൽ നിന്ന് സ്ത്രീയും പുരുഷനും പുറത്താക്കപ്പെടു മെന്നർത്ഥം. പ്രലോഭകനും തിന്മയുടെ പ്രതീകവുമായ സർപ്പം കൗശലപൂർവ്വം സ്ത്രീയെ സമീപിച്ച് അവളോടു പറഞ്ഞു, "നിങ്ങൾ മരിക്കുകയില്ല, അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും തിരിച്ചറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം"(ഉൽ 3: 5). ദൈവത്തിന്റെ സ്വരത്തിനു നേരേവിപരീതമായിട്ടാണ് തിന്മയുടെ അഥവാ പ്രലോഭകന്റെ സ്വരം എന്ന സത്യം തിരിച്ചറിയാനുള്ള കഴിവും, ഇതിനെ എതിർക്കുവാനുള്ള മുൻകരുതലും കരുത്തുമാർജിക്കാതെ തിന്മയുടെ സ്വരത്തിനു ചെവികൊടുത്തപ്പോൾത്തന്നെ അവൾ പ്രലോഭനത്തിനടിമയായി. "കണ്ണിനു കൗതുകകരവും, നാവിനു രുചികരവും, അറിവേകാൻ അഭികാമ്യവുമാ



malankaralibrary.com

ണെന്നു കണ്ട് അവൾ അതു പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു" (ഉൽ 3:6). "ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്ന് അവരറിഞ്ഞു" (3:7). ഇവിടെ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടത് ജ്ഞാനത്താലല്ല, പിന്നെയോ, പാപത്തിന്റെ പരിണിതഫലമായ ലജ്ജയാലാണ്. അനുസരണക്കേടുമൂലം അവരുടെ നിഷ്കളങ്കത നഷ്ടപ്പെട്ടു, തങ്ങൾ നഗ്നരാണെന്നവർ തിരിച്ചറിഞ്ഞു.

ഇന്ദ്രിയ സുഖം പകരുന്ന പ്രലോഭനങ്ങൾ വഴിയായിട്ടാണ് തിന്മ രംഗപ്രവേശനം ചെയ്തത്. തിന്മയുടെ സ്വരത്തെ ദൈവകല്പനയുടെ വെളിച്ചത്തിൽ വിവേചിച്ചറിഞ്ഞ് ചെറുത്തു നില്ക്കാൻ കഴിഞ്ഞിരുന്നെങ്കിൽ പ്രലോഭനത്തിനടിമപ്പെടുകയില്ലായിരുന്നു. അതിനു കഴിയായ്കയാൽ ദൈവസ്വരത്തോട് അവിശ്വാസം തോന്നുകയും തിന്മയുടെ പ്രലോഭനസ്വരത്തോട് വിശ്വാസംതോന്നുകയും ചെയ്തു. ദൈവത്തെ അവിശ്വസിക്കുകയും അവിടുത്തോടു അനുസരണക്കേടു കാണിക്കുകയും ചെയ്ത അവർ ദൈവത്തിൽ നിന്നകലുവാനിടയായി. ഇതുപോലെ തിന്മയുടെ സ്വരത്തിനു ചെവികൊടുക്കുകയോ അതിന്റെ പക്ഷത്തുചേരുകയോ ചെയ്യുകയും നന്മയുടെ സ്വരത്തെ അവിശ്വസിക്കുകയും ചെയ്യുമ്പോഴാണ് ശത്രു നമ്മിൽ പ്രബലപ്പെടുകയും തിന്മ നമുക്ക് ആകർഷകമായിത്തീരുകയും ചെയ്യുന്നത്. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി നമ്മുടെ കർത്താവായ യേശുമിശിഹാ എപ്രകാരമാണ് പരീക്ഷകളെ ജയിച്ചതെന്നു ഇന്നത്തെ സുവിശേഷത്തിന്റെ വെളിച്ചത്തിൽ ശ്രദ്ധിക്കുക.

പാപത്തിന്റെ പരിണിതഫലമായ ലജ്ജയാൽ ദൈവതിരുമുമ്പിൽ നില്ക്കാൻ അവർക്കുകഴിഞ്ഞില്ല. അത്തിയിലകൾകൊണ്ടു തുന്നിക്കെട്ടിയ അരക്കച്ചയാൽ സ്വന്തം നഗ്നത മറയ്ക്കാൻ അവർ നോക്കിയെങ്കി ലും ദൈവസ്വരം കേട്ടപ്പോൾ അവർ ഓടിയൊളിച്ചു. ദൈവത്തിന്റെ അധിവാസസ്ഥലത്ത് അവിടുത്തെ ദൃഷ്ടിയിൽ നിന്ന് ഓടിയൊളിച്ച് രക്ഷപ്പെടാം എന്നു ധരിച്ച് ആദിമാതാപിതാക്കൾ തങ്ങളെ തന്നെ മറച്ചു. എന്നാൽ മനുഷ്യന് ദൈവദൃഷ്ടിയിൽ നിന്ന് ഒരിടത്തും ഓടിയൊളിക്കാനാവില്ലെന്ന യാഥാർത്ഥ്യം അവർ മറന്നുപോയി. നമ്മെ പൂർണ്ണമായി അറിയുകയും, നമ്മുടെ എല്ലാ വ്യാപാരങ്ങളും കാണുകയും ചെയ്യുന്ന, ദൈവത്തിന്റെ മുമ്പിൽ നിന്ന് നമുക്കൊന്നും മറയ്ക്കാനാവില്ല. നമ്മുടെ പുറങ്കുപ്പായങ്ങളെല്ലാം പിച്ചിച്ചീന്തപ്പെടും. ദൈവസന്നിധിയിൽ മനുഷ്യന്റെ തിന്മ പകൽ വെളിച്ചത്തിലെന്നപോലെ വ്യക്തമാണ്. "അവന്റെ മുമ്പിൽ ഒരു സൃഷ്ടിയും മറഞ്ഞിരിക്കുന്നില്ല. അവിടുത്തെ കൺമുമ്പിൽ സകലതും അനാവൃതവും വ്യക്തവുമാണ്. നാം കണക്കുബോധിപ്പിക്കേണ്ടതും അവിടുത്തെ സന്നിധിയിലാണ്"(ഹെബ്ര 4:13).

**നിയമാ 8:1–10:** "ഞാൻ ഇന്ന് നിങ്ങളോടു കല്പിക്കുന്ന പ്രമാണങ്ങളെല്ലാം അനുസരിക്കാൻ ശ്രദ്ധാലുക്കളായിരിക്കണം", എന്ന ആഹ്വാനത്തോടെയാണ് ഈ തിരുവചനം ആരംഭിക്കുന്നത്. തുടർന്നുള്ള വാക്യങ്ങളിൽ ദൈവമായ കർത്താവ് നമ്മെ പരീക്ഷിക്കുകയോ, പരീക്ഷകൾ അനുവദിക്കുകയോ ചെയ്യുന്നതിന്റെ ഉദ്ദേശ്യമെന്തെന്ന് ഇസ്രായേൽ ജനത്തിന്റെ മരുഭൂയാത്രയുടെ വെളിച്ചത്തിൽ വ്യക്തമാക്കുന്നു: "നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങളെ എളിമപ്പെടുത്താനും തന്റെ കല്പനകൾ അനുസരി



malankaralibrary.com

ക്കുമോ ഇല്ലയോ എന്നറിയാൻ നിങ്ങളെ പരീക്ഷിച്ച് നിങ്ങളുടെ ഹൃദയവിചാരങ്ങൾ മനസ്സിലാക്കാനുംവേണ്ടി ഈ നാല്പതു സംവത്സരം മരുഭൂമിയിലൂടെ നിങ്ങളെ നയിച്ച വഴിയെല്ലാം നിങ്ങൾ ഓർക്കണം. അവിടുന്ന് നിങ്ങളെ എളിമപ്പെടുത്തുകയും വിശപ്പറിയാൻ വിടുകയും നിങ്ങൾക്കും നിങ്ങളുടെ പിതാക്കന്മാർക്കും അപരിചിതമായിരുന്ന മന്നാകൊണ്ട് നിങ്ങളെ സംതൃപ്തരാക്കുകയും ചെയ്തത്, അപ്പം കൊണ്ടുമാത്രമല്ല, കർത്താവിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻജീവിക്കുന്നതെന്ന് നിങ്ങൾക്കു മനസ്സിലാക്കിത്തരാൻവേണ്ടിയാണ്. ഈ വചനം ഉദ്ധരിച്ചുകൊണ്ടാണ് യേശു ഒന്നാമത്തെ പ്രലോഭനത്തെ ജയിച്ചത്. പിതാവ് പുത്രന് എന്നപോലെ നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്ക് ശിക്ഷണം നല്കുമെന്ന് ഹൃദയത്തിൽ ഗ്രഹിക്കുവിൻ. അതിനാൽ നിങ്ങളുടെ ദൈവമായ കർത്താവിന്റെ മാർഗ്ഗത്തിലൂടെ ചരിച്ചും അവിടുത്തെ ഭയപ്പെട്ടും അവിടുത്തെ കല്പനകൾ പാലിച്ചുകൊള്ളുവിൻ.

7-9 വരെയുള്ള വാക്യങ്ങളിൽ കർത്താവു നല്കാനിരിക്കുന്ന ദേശത്തിൻ സമൃദ്ധിയെക്കുറിച്ചു വിവരിക്കുന്നു. *നിങ്ങൾ ഭക്ഷിച്ച് തൃപ്തരാകുമ്പോൾ നിങ്ങൾക്കു നല്കിയിരിക്കുന്ന നല്ല ദേശത്തെപ്രതി ദൈവമായ കർത്താവിനെ സ്തുതിക്കണം* (10) എന്ന ആഹ്വാനത്തോടെയാണ് ഈ തിരുവചനഭാഗം അവസാനിക്കുന്നത്.

**സങ്കീ 91:9-16:** കർത്താവിലാശ്രയിക്കുകയും അങ്ങിൽ വസിക്കുകയും ചെയ്യുന്നവരെ അവിടുന്ന് എപ്രകാരം സംരക്ഷിക്കുകയും പരിപാലിച്ചു നയിക്കുകയും ചെയ്യുമെന്നു വ്യക്തമാക്കുകയാണിവിടെ. "നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടുന്നു തന്റെ ദൂതന്മാരോടു കല്പിക്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും" (സങ്കീ 91:12) എന്ന വാക്യം ഉദ്ധരിച്ചുകൊണ്ടാണ് സിംഹത്തിന്റെയും അണലിയുടെയുംമേൽ നീ ചവിട്ടിനടക്കും; യുവസിംഹത്തെയും സർപ്പത്തെയും നീ ചവിട്ടിമെതിക്കും. അവൻ സ്നേഹത്തിൽ എന്നോട് ഒട്ടിനില്ക്കുന്നതിനാൽ ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെ നാമം അറിയുന്നതുകൊണ്ട് ഞാൻ അവനെ സംരക്ഷിക്കും. അവൻ എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ ഞാൻ ഉത്തരമരുളും; അവന്റെ കഷ്ടതയിൽ ഞാൻ അവനോടു ചേർന്നുനില്ക്കും; ഞാൻ അവനെ മോചിപ്പിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യും. ദീർഘായുസ്സു നല്കി ഞാൻ അവനെ സംതൃപ്തനാക്കും. എന്റെ രക്ഷ ഞാൻ അവനു കാണിച്ചുകൊടുക്കും."

**1യോഹ 2:15-17:** ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല, പ്രത്യുത ലോകത്തിന്റേതാണ്. ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു, ദൈവഹിതം പ്രവർത്തിക്കുന്നവനാകട്ടെ എന്നേക്കും നിലനില്ക്കുന്നു.

**ഫിലിപ്പി 2:15-17:** അങ്ങനെ നിങ്ങൾ നിർദ്ദോഷരും നിഷ്കളങ്കരുമായിത്തീർന്ന്, വഴിപിഴച്ചതും വക്രതയുള്ളതുമായ തലമുറയുടെയിടയിൽ കുററ



malankaralibrary.com

മററ ദൈവമക്കളാകട്ടെ. അവരുടെ മദ്ധ്യേ ലോകത്തിൽ നിങ്ങൾ വെളിച്ചമായി പ്രകാശിക്കുകയും ചെയ്യട്ടെ. നിങ്ങൾ ജീവന്റെ വചനത്തെ മുറുകെപ്പിടിക്കുവിൻ. അപ്പോൾ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വ്യർത്ഥമായില്ലെന്ന് ക്രിസ്തുവിന്റെ ദിനത്തിൽ എനിക്കഭിമാനിക്കാം. നിങ്ങളുടെ ബലിയുടെയും വിശ്വാസത്തിൽ നിന്നുള്ള ശുശ്രൂഷയുടെയുംമേൽ ഒരു നൈവേദ്യമായി എന്റെ ജീവൻ ചൊരിയേണ്ടിവന്നാൽത്തന്നെയും ഞാൻ അതിൽ സന്തോഷിക്കുകയും നിങ്ങൾ എല്ലാവരോടുംകൂടെ ആനന്ദിക്കുകയും ചെയ്യും.

**മത്താ 4:1–11:** നമ്മുടെ കർത്താവ് തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനുമുമ്പ് നാല്പതു ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും മരുഭൂമിയിൽ (വിജനസ്ഥലത്തു) വസിച്ചതിനെക്കുറിച്ചും അവിടെവച്ചുണ്ടായ പ്രലോഭനത്തെക്കുറിച്ചും സമാന്തരസുവിശേഷങ്ങൾ മൂന്നും രേഖപ്പെടുത്തിയിട്ടുണ്ട്. യേശു ഉപവസിച്ചത് പിതാവിന്റെ തിരുഹിതമറിയുന്നതിനും, അതനുസരിച്ചുള്ള തന്റെ ദൗത്യം നിർവഹിക്കുന്നതിനുവേണ്ട ശക്തിയാർജ്ജിക്കുന്നതിനുവേണ്ടിയാണ്. ഈ തിരുവചനഭാഗത്തിന്റെ വിശദീകരണത്തിന് നോമ്പിന്റെ ഒന്നാം ദിവസത്തെ വിവരണം (പേജ് 18–21) കാണുക.

**ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:**

മുകളിൽ വിവരിച്ച തിരുവചനഭാഗങ്ങളുടെ വെളിച്ചത്തിൽ നോമ്പിന്റെ ഈ നാല്പതുദിവസങ്ങളിൽ പ്രലോഭനങ്ങളെ ജയിക്കുന്നതിനും ദൈവകല്പന പാലിച്ച് വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ പുണ്യങ്ങളിൽ വളരുന്നതിനും എന്തുമാത്രം സാധിച്ചു എന്നു ചിന്തിക്കുക.

(2) കർത്താവിന്റെ ഹാശായിൽ പങ്കുചേരുന്നതിന് നന്നായി ഒരുങ്ങി വി. കുമ്പസാരത്തിനണയുക.

# ഓശാന ഞായർ

ഉൽ 49:8–12; സഖ 9:8–12; ഏശ 51:9–11

വെളി 7:9–11; റോമ 11:17–24; യോഹ 12:12–19

നമ്മുടെ കർത്താവിന്റെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനത്തെ അനുസ്മരിക്കുന്ന അനുഗൃഹീതമായ സുദിനമാണ് ഓശാന ഞായർ. ഈ ദിവസത്തെ വായനകളെല്ലാം യേശുവിന്റെ രാജത്വത്തിലേക്കു വിരൽചുണ്ടുന്നവയാണ്.

**ഉൽ 49:8–12:** "യുദാ നിന്റെ സഹോദരന്മാർ നിന്നെ പുകഴ്ത്തും, നിന്റെ കൈ ശത്രുക്കളുടെ കഴുത്തിൽ പതിക്കും. നിന്റെ പിതാവിന്റെ പുത്രന്മാർ നിന്റെ മുമ്പിൽ കുമ്പിടും.... ചെങ്കോൽ യുദായെ വിട്ടുപോകയില്ല... " എന്നു തുടങ്ങുന്ന 8 മുതൽ 10 വരെയുള്ള വാക്യങ്ങൾ ഇസ്രായേൽ വംശത്തിൽ യൂദാ ഗോത്രത്തിനു ലഭിച്ച പ്രത്യേക സ്ഥാനത്തെയും, യൂദാ ഗോത്രത്തിൽ ദാവീദിന്റെ സിംഹാസനത്തിന്റെ അനശ്വരതയെയും സൂചിപ്പിക്കുന്നു. "അവൻ തന്റെ കഴുതയെ മുന്തിരിവള്ളിയിലും കഴുതക്കുട്ടിയെ വിശിഷ്ടമായ മുന്തിരിച്ചെടിയിലും കെട്ടിയിടും; തന്റെ ഉടുപ്പ് വീഞ്ഞിലും മേലങ്കി മുന്തിരിച്ചാറിലും



malankaralibrary.com

കഴുകും. അവന്റെ കണ്ണുകൾ വീഞ്ഞിനേക്കാൾ ചെമന്നും കണ്ണുകൾ പാലിനേക്കാൾ വെളുത്തുമിരിക്കും'' (11-12) എന്ന വാക്യങ്ങൾ പറുദീസായിലെ സൗഭാഗ്യത്തിന്റെയും സമ്പൽസമൃദ്ധിയുടെയും അവസ്ഥയെ സൂചിപ്പിക്കുന്നു. മുന്തിരി കൃഷി വളരെ സമൃദ്ധമായതിനാൽ മൃഗങ്ങളെ മുന്തിരിവള്ളിയിൽ കെട്ടിയിടാം. 10-12 വാക്യങ്ങൾക്ക് മെസയാനികമായ ഒരർത്ഥം പുരാതനമായി നല്കപ്പെട്ടിരുന്നു.

വരാനിരിക്കുന്ന രാജാവിനെക്കുറിച്ചുള്ള ഒരു പ്രവചനമാണ് **സഖ 9:8-12ൽ** കാണുന്നത്. ഈ പ്രവചനം യേശുവിലാണ് നിറവേറിയതെന്ന യാഥാർത്ഥ്യം നമ്മെ അനുസ്മരിപ്പിക്കുകയാണ് ഓശാന ഞായറാഴ്ച്ചയിലെ ഈ വായനവഴി. ''.... കർത്താവ് വീണ്ടെടുത്തവർ സീയോനിലേക്കു ഗാനാലാപത്തോടെ തിരിച്ചുവരും. നിത്യമായ ആനന്ദം അവർ ശിരസ്സിൽ ചൂടും. സന്തോഷവും ആഹ്ലാദവും അവരിൽ നിറയും. ദുഃഖവും നെടുവീർപ്പും അവരെ വിട്ടുപോകും'' (ഏശ 51:9-11) എന്ന ഏശയ്യായുടെ വാക്കുകളിൽ കാണുന്നത് മെസയാനിക യുഗത്തെക്കുറിച്ചുള്ള ഒരു പ്രവചനമാണ്. യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനത്തോടെ ഈ പ്രവചനം അങ്ങിൽ അന്വർത്ഥമായി.

യേശുവിന്റെ രാജത്വത്തിലേക്കു പ്രവേശനം ലഭിച്ച വിശ്വാസികളുടെ സമൂഹത്തെക്കുറിച്ചുള്ള പ്രതീകാത്മകമായ ഒരു വിവരണമാണ് **വെളി 7:9-11-ൽ** നല്കിയിട്ടുള്ളത്: ''ഇതിനുശേഷം ഞാൻ നോക്കിയപ്പോൾ ഇതാ എണ്ണിതിട്ടപ്പെടുത്താൻ ആർക്കും സാധിക്കാത്ത ഒരു വലിയ ജനക്കൂട്ടം. അവർ സകല ജനതകളിലും ഗോത്രങ്ങളിലും രാജ്യങ്ങളിലും ഭാഷകളിലുംനിന്നുള്ളവർ.'' ഇത് യേശുവിലൂടെയുള്ള സാർവ്വത്രിക രക്ഷയേയും രക്ഷിക്കപ്പെട്ടവരുടെ സമൂഹമായ സഭയെയും സൂചിപ്പിക്കുന്നു. ''അവർ വെള്ളയങ്കിയണിഞ്ഞ് കൈകളിൽ കുരുത്തോലയുമായി സിംഹാസനത്തിനുമുമ്പിലും കുഞ്ഞാടിനു മുമ്പിലും നിന്നിരുന്നു. അവർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: സിംഹാസനാരൂഢനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും പക്കലാണു രക്ഷ....'' കുരുത്തോല വിജയപതാകയുടെ പ്രതീകമാണിവിടെ. അതായത് യേശുവിലൂടെ ദൈവരാജ്യം സ്ഥാപിതമായതിന്റെ പ്രതീകം. ഓശാന ഞായറാഴ്ച വാഴ്ത്തിയ കുരുത്തോലയുമായി പ്രദക്ഷിണം നടത്തുന്നതിന്റെ അർത്ഥം ഈ പശ്ചാത്തലത്തിൽനിന്നു ചിന്തിക്കുക.

**റോമ 11:17-24:** ക്രിസ്തുവിലൂടെ കൈവന്ന വിജാതീയരുടെ രക്ഷയാണ് ഇതിലെ പ്രധാന പ്രമേയം. മൂന്നു പ്രധാനപ്പെട്ട സത്യങ്ങളാണ് പൗലോസ് ശ്ലീഹാ ഈ ലേഖന ഭാഗത്തിലൂടെ വ്യക്തമാക്കുന്നത്.

**(1)** ''ഒലിവുമരത്തിന്റെ ശാഖകളിൽ ചിലതു മുറിച്ചു കളഞ്ഞിട്ട് കാട്ടൊലിവിന്റെ മുളയായ നിന്നെ അവിടെ ഒട്ടിക്കുകയും, വേരിൽനിന്നുവരുന്ന ജീവരസം നീ പങ്കുപററുകയും ചെയ്യുന്നെങ്കിൽ നീ ആ ശാഖകളേക്കാൾ വലിയവനാണെന്നഭിമാനിക്കരുത്. അഭിമാനിക്കുന്നെങ്കിൽ, നീ വേരിനെ താങ്ങുകയല്ല, വേരു നിന്നെ താങ്ങുകയാണെന്നോർത്തുകൊള്ളുക.'' എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ വ്യക്തമാക്കുന്നതുപോലെ ക്രിസ്തുവിലൂടെ ലഭിച്ച രക്ഷ ദൈവത്തിന്റെ സൗജന്യ ദാനമാണ്, അതു നാം നേടിയെടുത്തതല്ല. അതിനാൽ ആരും അതിൽ അഹങ്കരിക്കേണ്ടതില്ല. ഇവിടെ ഒലി



malankaralibrary.com

വുമരത്തിന്റെ ശാഖകളായി പറഞ്ഞിരിക്കുന്നത് യഹൂദരെയും, കാട്ടൊലിവിന്റെ മുളയെന്നു വിശേഷിപ്പിച്ചിരിക്കുന്നത് വിജാതീയരെയുമാണ്.

**(2)** രക്ഷയെന്ന ദൈവത്തിന്റെ സൗജന്യദാനം സ്വീകരിച്ചവർ വിശ്വാസം വഴി ഉറച്ചു നില്ക്കുകയും, അഹങ്കാരംവെടിഞ്ഞ് ഭയത്തോടെ വർത്തിക്കുകയും ചെയ്യണം.

**(3)** ദൈവത്തിന്റെ കാരുണ്യവും കാഠിന്യവും ഒരേസമയം നാം മുന്നിൽ കാണണം. വീണുപോയവരോട് അവർ അവിശ്വാസത്തിൽ തുടരാത്ത പക്ഷം അവിടുന്നു കരുണകാട്ടും, അങ്ങനെ മുറിച്ചുമാററപ്പെട്ട ശാഖകളും ഒട്ടിച്ചു ചേർക്കപ്പെടും.

**യോഹ 12:12–19:** യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനത്തെക്കുറിച്ചുള്ള യോഹന്നാൻശ്ലീഹായുടെ വിവരണമാണ് ഈ തിരുവചനഭാഗം. യേശു ജറുസലേമിലേക്കു വരുന്നുണ്ടെന്നുകേട്ട് ഒരു വലിയ ജനക്കൂട്ടം ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേല്ക്കാൻ പുറപ്പെട്ടു. അവർ വിളിച്ചു പറഞ്ഞു: "ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ". ഈന്തപ്പനയുടെ ചില്ലകൾ ഗലീലിയിലെ യഹൂദരെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ അധികാരത്തിന്റെ പ്രതീകമാണ്. മതപരമായ അർത്ഥത്തിൽ റോമൻ അധികാരത്തിനുമേലുള്ള അവരുടെ വിജയത്തിന്റെ പ്രതീകമായിട്ടാണ് യഹൂദർ ഇതു കണക്കാക്കിയിരുന്നത്. എ.ഡി. 26–ൽ ജനങ്ങളുടെ നിർബ്ബന്ധത്തിനു വഴങ്ങി ഹെറോദ് അന്തിപ്പാസ് ഈന്തിലയുടെ മുദ്ര പതിച്ച നാണയങ്ങളിറക്കി. യഹൂദരുടെ ദേശീയാവബോധത്തെ വെളിപ്പെടുത്തുന്നതാണിത്.

എന്നാൽ, യോഹ 11:13 –ൽ ജനക്കൂട്ടം ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് യേശുവിനെ എതിരേല്ക്കാൻ പോയതും ഹോസാന പാടിയതും ഈ അർത്ഥത്തിലല്ല, യേശുവിന്റെ മെസയാനിക രാജത്വം വെളിപ്പെടുത്തുന്നതാണ്. യേശുവിന്റെ മെസയാനിക രാജത്വം ഒരു രാഷ്ട്രീയ നേതാവെന്ന നിലയിലല്ല. പിന്നെയോ, ദൈവഭരണം അഥവാ ദൈവരാജ്യം ഇഹത്തിൽ സംജാതമാക്കുന്ന ദൈവത്തിന്റെ ദാസനായ രാജാവാണ്. ഇതുവ്യക്തമാക്കുന്നതാണ് തുടർന്നുള്ള യേശുവിന്റെ പ്രവൃത്തി.

യേശു ഒരു കഴുതക്കുട്ടിയെക്കണ്ട് അതിന്റെ പുറത്തു കയറിയിരുന്നു. സിയോൻപുത്രീ, ഭയപ്പെടേണ്ടാ; ഇതാ നിന്റെ രാജാവ് കഴുതക്കുട്ടിയുടെ പുറത്ത് എഴുന്നെള്ളുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു (15). എന്താണ് ഇതിന്റെ അർത്ഥം? യേശുവിന്റെ രാജത്വം അവൻ ഒരു രാഷ്ട്രീയ നേതാവ് എന്ന അർത്ഥത്തിലായിരുന്നെങ്കിൽ അവൻ വരേണ്ടിയിരുന്നത് കുതിരപ്പുറത്താണ്, കഴുതപ്പുറത്തല്ല. കഴുത സമാധാനത്തിന്റെ പ്രതീകമാണ്. യേശു വന്നത് റോമാസാമ്രാജ്യം പിടിച്ചടക്കാനോ റോമൻ ആധിപത്യം അവസാനിപ്പിക്കുവാനോ അല്ല. പിന്നെയോ, ദൈവരാജ്യം ഈ ഭൂമിയിൽ സംജാതമാക്കുവാനാണ്. അവന്റെ രാജത്വം ലൗകീകമല്ല. യേശുവിന്റെ ശിഷ്യന്മാർക്ക് അവൻ പറഞ്ഞ വാക്കുകളുടെയോ അവന്റെ പ്രവൃത്തിയുടെയോ അർത്ഥം ആദ്യം മനസ്സിലായില്ല. എന്നാൽ യേശു മഹത്വം പ്രാപിച്ചപ്പോൾ അവനെപ്പററി ഇക്കാ



malankaralibrary.com

ര്യങ്ങൾ എഴുതപ്പെട്ടിരുന്നുവെന്ന് അവർ അനുസ്മരിച്ചു. ലാസറിനെ ഉയർപ്പിച്ച അവസരത്തിൽ അവനോടൊപ്പമുണ്ടായിരുന്ന ജനക്കൂട്ടവും അവനു സാക്ഷ്യം നല്കിയിരുന്നു. അവൻ ഇപ്പോൾ ഈ അടയാളം പ്രവർത്തിച്ചെന്നു കേട്ടതുകൊണ്ടുകൂടിയാണ് അവനെ സ്വീകരിക്കുവാനായി വന്നത്.

സമാന്തര സുവിശേഷങ്ങളിൽ ജനക്കൂട്ടം ഹോസാന പാടി യേശുവിനെ എതിരേററപ്പോൾ ഒലിവിൻ ചില്ലകൾ എടുത്തിരുന്നു എന്നും പറയുന്നുണ്ട്. ഒലിവും സമാധാനത്തിന്റെ പ്രതീകമാണ്. ചുരുക്കത്തിൽ, 40-ാം വെള്ളിയാഴ്ചത്തെ സാത്താന്റെ പ്രലോഭനങ്ങളുടെമേലുള്ള വിജയവും ഓശാന ഞായറാഴ്ചയിലെ യേശുവിന്റെ ജറുസലേമിലേക്കുള്ള രാജകീയ പ്രവേശനവും അവിടുത്തെ രാജത്വവും തിന്മയുടെമേലുള്ള വിജയവുമാണ് വ്യക്തമാക്കുന്നത്. നമ്മുടെ വ്യക്തിജീവിതത്തിലും തിന്മയുടെമേൽ വിജയം വരിച്ചാലേ യേശുവിനെ രാജാവും നാഥനുമായി ഏററുപറയാൻ നമുക്കു സാധിക്കുകയുള്ളു.

നാല്പതുദിവസത്തെ ഉപവാസവും പ്രാർത്ഥനയും വഴി തിന്മയുടെ മേൽ വിജയം വരിക്കുകയും, യേശുമിശിഹായെ ഹോസാന പാടി നമ്മുടെ നാഥനും രാജാവുമായി സ്വീകരിക്കാൻ നാം പ്രത്യേകം പരിശ്രമിക്കേണ്ടതുണ്ട്. ഓശാന ഞായറിലെ കുരുത്തോല വാഴ്ത്തുന്ന ക്രമത്തിന്റെ പ്രാരംഭ പ്രാർത്ഥനയിൽ പറയുന്നതുപോലെ, "ദൈവമായ കർത്താവേ, നീ യെറുശലേമിൽ പ്രവേശിച്ച ഈ ദിവസത്തിൽ വെൺമയുള്ള വസ്ത്രങ്ങളോടും ആന്തരിക ശോഭയോടും, നിർമ്മലവും പാവനവുമായ വിചാരങ്ങളോടുംകൂടെ നിന്റെ എതിരേല്പിനു പുറപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കണമേ" (മലങ്കര ആരാധനക്രമം, പെരുനാളുകൾ, പേജ് 144) എന്നു നമുക്കു പ്രാർത്ഥിക്കാം!

അതോടൊപ്പം അവിടുത്തെ സ്വീകരിക്കുവാനും അങ്ങയുടെ രാജത്വം ദർശിക്കുവാനും നാം യഥാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും വേണം. ആരാധനക്രമത്തിലെ പ്രാർത്ഥനയിൽ ചൊല്ലുന്നതുപോലെ, "കർത്താവേ, ഞങ്ങളുടെ കണ്ണുകൾക്കു മുമ്പിൽ നിന്റെ വരവും ഞങ്ങളുടെ മനസ്സിൽ നിന്റെ പുകഴ്ചകളും നീ രൂപപ്പെടുത്തണമെ. നിന്റെ മഹിമ സ്തുതിച്ചു പുകഴ്ത്തുവാൻ തക്കവണ്ണം ഞങ്ങൾക്കായി നീ ഗാനങ്ങൾ രചിക്കണമെ" (പെരുനാളുകൾ, പേജ്. 146). ഇപ്രകാരം കർത്താവിനെ ദർശിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നത് യഥാർത്ഥ ക്രിസ്തു ഭക്തരെ സംബന്ധിച്ചിടത്തോളം ഏററവും വലിയ ആനന്ദമാണ്. എക്ബോ പ്രാർത്ഥനയിൽ നാം ചൊല്ലുന്നതുപോലെ, "യേറുശലേമേ, നീ ഏററം സന്തോഷിച്ചാനന്ദിക്ക. സീയോനെ സ്നേഹിക്കുന്നവരേ, എല്ലായ്പോഴും ആനന്ദിച്ചു പെരുനാളാഘോഷിക്കുക. എന്തെന്നാൽ, സൈന്യങ്ങളുടെ കർത്താവായി സകല ജാതികളിന്മേലും വാണുകൊണ്ടിരിക്കുന്ന മിശിഹാ ശത്രുവിന്റെ അഹങ്കാരത്തെ നശിപ്പിക്കുവാൻ കഴുതപ്പുറത്തു കയറി ഇതാ വരുന്നു. കർത്താവിന്റെ എല്ലാ സൃഷ്ടികളുമേ, ദൈവമായ കർത്താവിനെ പുകഴ്ത്തുക. എന്നേക്കും അവനെ മഹത്വപ്പെടുത്തുകയും ചെയ്യുക (പെരുനാളുകൾ, പേജ്. 146-147).

**ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:**

(1) ഇന്നത്തെ വായനകൾ വിശ്വാസജീവിതത്തിനും പ്രേഷിതദൗത്യത്തിനും നല്കിയ ചിന്തകൾ എന്തൊക്കെ? അവ ഏതെല്ലാം വിധത്തിൽ പ്രായോഗികമാക്കാമെന്നു ചിന്തിക്കുക



malankaralibrary.com

(2)ഹാശാ ആഴ്ച്ചയിൽ അർത്ഥപൂർണ്ണമായി പങ്കുചേരുന്നതിന് ഒരുങ്ങുക. യേശുവിനെ രാജാവായി സ്വീകരിക്കുന്നവർ അവിടുത്തെ ഹാശായിൽ പങ്കുചേർന്ന് ഉത്ഥാനമഹത്വത്തിലേക്കു പ്രവേശിക്കുവാൻ ഒരുങ്ങുന്ന അനുഗൃഹീത ദിനങ്ങളാണ് വിശുദ്ധ വാരം അഥവാ ഹാശാ ആഴ്ച. ഹാശാ ആഴ്ചയിലെ പ്രാർത്ഥനകളിൽ അർത്ഥപൂർണ്ണമായി പങ്കുചേർന്നുകൊണ്ട് അതിനായി നമുക്ക് പ്രത്യേകം പരിശ്രമിക്കാം!

# പെസഹാ വ്യാഴം

പുറ 12:1-11; ലേവ്യ 16:3-10; എസ 45:18-25;

വെളി 19:5-10; 1 കൊരി 11:23-34; ലൂക്കാ 22:7-23

പരിശുദ്ധ കുർബാനയാകുന്ന പുതിയ ഉടമ്പടി സ്ഥാപനംവഴി യേശു പഴയ പെസഹാ മാറ്റി പുതിയ പെസഹാ സ്ഥാപിച്ചതിന്റെ അനുസ്മരണമാണ് ഈ അനുഗൃഹീതദിനത്തിൽ ക്രൈസ്തവർ ആഘോഷിക്കുന്നത്. ഇതുവഴി പഴയത് (നിഴലായവ) പൂർണ്ണമാക്കപ്പെട്ടു. ദൃഷ്ടാന്തങ്ങളെല്ലാം നിറവേറി, പ്രവചനങ്ങൾ പൂർത്തിയാക്കപ്പെട്ടു. തന്നെ തിരസ്കരിച്ച് കുരിശിൽതറച്ച തന്റെ ജനത്തോടുകൂടെ എന്നേയ്ക്കും വസിക്കുവാൻ അവിടുത്തെ തിരുശരീരരക്തങ്ങളാലുള്ള പുതിയ ഉടമ്പടി (പരി. കുർബാന) സ്ഥാപിച്ചു. അതുവഴി നമ്മെ മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്ക്, ജീവൽതുറമുഖത്തേക്ക് ആനയിച്ചു. അങ്ങനെ സകലജനത്തിന്റെയും പ്രതീക്ഷകൾ സഫലമായി, പ്രവചനങ്ങൾ നിറവേറി. ഈ യാഥാർത്ഥ്യം മലങ്കര ആരാധനക്രമപ്രകാരമുള്ള പെസഹാ വ്യാഴാഴ്ച്ചയിലെ പ്രാർത്ഥനകളിൽ പലപ്രാവശ്യം അനുസ്മരിക്കുന്നുണ്ട്. ഈ അനുഗ്രഹീതദിനത്തിലെ പ്രാർത്ഥനകളിലും തിരുക്കർമ്മങ്ങളിലും ശ്രദ്ധാപൂർവ്വം പങ്കുചേർന്നുകൊണ്ട് ജീവൽതുറമുഖത്തിലേക്കു പ്രവേശിക്കുന്ന അനുഭവത്തിലേക്കു നമുക്കു കടന്നുവരാം!

പുതിയ ഇസ്രായേലായ ക്രിസ്തുവിന്റെ സഭയെ പഴയ ഇസ്രായേലിൽനിന്നു വേർതിരിക്കുന്ന ഏറ്റം പ്രധാന ഘടകമായ പ. കുർബാനയുടെ അർത്ഥവ്യാപ്തിയെ അതിന്റെ പഴയനിയമ, പുതിയനിയമ, പശ്ചാത്തലങ്ങളിൽ നിന്നു മനസ്സിലാക്കേണ്ടതുണ്ട്. ഹാബേലിന്റെ ബലിയും, നോഹയുടെ യാഗാർപ്പണവും, മൽക്കിസദേക്കിന്റെ കാഴ്ച്ചയർപ്പണവും, അബ്രഹാമിന്റെ ബലിയും, ഏലിയായുടെ ദഹനബലിയും, മറ്റു ബലികളുമെല്ലാം പുതിയനിയമത്തിൽ യേശു അർപ്പിച്ച ബലിയുടെ മുൻകുറികളും സൂചനകളും പ്രതീകങ്ങളുമായിരുന്നു. **പഴയ പെസഹായും, മരുഭൂമിയിൽ യാത്രാഭക്ഷണമായി ഇസ്രായേൽജനത്തിനു ദൈവം നല്കിയ മന്നായും** കുർബാനയുടെ പഴയനിയമ സൂചനകളാണ്.

**പെസഹാ പഴയനിയമ പശ്ചാത്തലത്തിൽ:** പുറ 12:1-11 -ൽ വിവരിക്കുന്നതനുസരിച്ച് പത്താമത്തെ ബാധയിൽ ഈജിപ്തുകാരുടെ ആദ്യജാതന്മാരെല്ലാം കൊല്ലപ്പെട്ടപ്പോൾ സംഹാരദൂതൻ ഇസ്രായേല്യരുടെ ആദ്യജാതരെ കൊല്ലാതെ കടന്നുപോയ സംഭവത്തെയാണ് പെസഹാ അനുസ്മരിക്കുന്നത്. അവർ ഈജിപ്തിൽനിന്നു തിടുക്കത്തിൽ പുറപ്പെട്ടസംഭവത്തെയാണ് പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ അനുസ്മരിക്കുന്നത്. യഥാർത്ഥ



malankaralibrary.com

ത്തിൽ ഇതിനുമുമ്പുതന്നെ കാനാന്യരുടെയിടയിൽ ഉണ്ടായിരുന്നതാണ് ഈ രണ്ടു തിരുനാളുകളും. നാടോടികളായ ആട്ടിടയന്മാർ അനുഷ്ഠിച്ചിരുന്ന ഒരാചാരമാണിത്. വസന്ത, അശുദ്ധാത്മാക്കളുടെ ആക്രമണം മുതലായവയിൽനിന്ന് സംരക്ഷണം കിട്ടുന്നതിനും ആടുമാടുകൾ വർദ്ധിച്ചുപെരുകുന്നതിനുമായി ഇവർ ആണ്ടിലൊരിക്കൽ ഒരു കുഞ്ഞാടിനെ കൊന്ന് രക്തം കൂടാരവാതില്പ്പടികളിൽ തളിക്കുകയും, അതിന്റെ മാംസം ചുട്ട് കയ്പ്പുള്ള ഇലകളും ചേർത്ത് ഭക്ഷിക്കുകയും ചെയ്തിരുന്നു. വിളവെടുപ്പിനോടനുബന്ധിച്ച് ഒരാഴ്ച കാനാന്യർ ആഘോഷിച്ചിരുന്ന ഒരുത്സവമാണ് പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ.

കാനാൻദേശത്തെത്തിയ ഇസ്രായേല്യർ തങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഈ തിരുനാളുകൾക്ക് പുതിയ ഭാഷ്യം നല്കി രണ്ടുംകൂടെ ഒരുമിച്ച് ആഘോഷിക്കാൻ തുടങ്ങി. അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നു തങ്ങൾ തിടുക്കത്തിൽ പുറപ്പെട്ട സംഭവത്തെയും, സംഹാരദൂതൻ തങ്ങളെ കടന്നുപോയതിനെയും യാഹ്‌വെയുടെ സംരക്ഷണത്തെയും അനുസ്മരിച്ചുകൊണ്ടാണ് ഇസ്രായേല്യർ ഇതനുഷ്ഠിക്കുന്നത്. പച്ചിലകൾചേർത്തുണ്ടാക്കിയ ചാറ് രുചിക്കുവേണ്ടിയല്ല, ഈജിപ്തിലെ കയ്പ്പേറിയ അനുഭവങ്ങളെ അനുസ്മരിക്കാനാണ്. ഈജിപ്തിൽനിന്നു തിടുക്കത്തിൽ പുറപ്പെട്ടതിനെ അനുസ്മരിപ്പിക്കുന്നതാണ് ഇസ്രായേല്യർക്ക് പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ.

**പെസഹായുടെ പുതിയനിയമ പശ്ചാത്തലം:** യഹൂദരുടെ പെസഹാ ആചരണം ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും അർത്ഥം മനസ്സിലാക്കുന്നതിൽ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ജറുസലേമിൽ പെസഹാതിരുനാൾ ആഘോഷിക്കുന്ന സമയത്തായിരുന്നു യേശുവിന്റെ കുരിശുമരണം. (യോഹ..18:28; 18:14) അതിനാൽ ദൈവം ഇസ്രായേല്യരെ മോചിപ്പിക്കുന്ന പ്രവൃത്തി യേശുവിന്റെ രക്ഷാകരമായ കുരിശിലെ ബലിയിലൂടെ പൂർത്തിയാക്കാനിരിക്കുന്ന ദൈവീക ഇടപെടലിന്റെ മുൻരൂപമായി മനസ്സിലാക്കാൻ ഇടയായി. യേശുവിന്റെ കുരിശുമരണവും കടന്നുപോകലും പുതിയ ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം പാപത്തിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനവും സ്വർഗ്ഗീയ കാനാനിലേക്കുള്ള അഥവാ ജീവൽതുറമുഖത്തേക്കുള്ള വഴിയും, യാത്രാഭക്ഷണവും, വാതിലുമായി ഭവിച്ചു.

**ലൂക്കാ 22:7–23:** യേശുവിലൂടെ പൂർത്തിയാക്കപ്പെട്ട പുതിയ പെസഹായെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയാണ് ഈ തിരുവചനഭാഗത്ത്. ഇത് പെസഹാ വ്യാഴാഴ്ചയിലെ ശുശ്രൂഷയിലുടനീളം പലപ്രാർത്ഥനകളിൽ അനുസ്മരിക്കുന്നുണ്ട്. പ്രാർത്ഥനകളിൽ ശ്രദ്ധാപൂർവ്വം പങ്കുചേർന്നുകൊണ്ട് ഈ രഹസ്യങ്ങൾ അനുഭവിച്ചറിയുവാൻതക്കവിധം നേരത്തേതന്നെ ഈ തിരുവചനഭാഗവും അതിന്റെ വിശദീകരണവും വായിച്ച് ധ്യാനിച്ചൊരുങ്ങുക.

പെസഹാക്കുഞ്ഞാടിനെ ബലികഴിക്കേണ്ടിയിരുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിനമായപ്പോൾ യേശു പത്രോസിനെയും യോഹന്നാനെയും അയച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ പോയി നമുക്കു പെസഹാ ഭക്ഷിക്കേണ്ടതിന് ഒരുക്കങ്ങൾ ചെയ്യുവിൻ. പട്ടണത്തിലേക്കു പ്രവേശിക്കുമ്പോൾ ഒരു പാത്രം വെള്ളംചുമന്നുകൊണ്ട് ഒരുവൻ നിങ്ങൾക്കെതിരെ വരും. അവൻ



malankaralibrary.com

പ്രവേശിക്കുന്ന വീട്ടിലേക്കു ചെന്ന് അതിന്റെ ഉടമസ്ഥനോടു പറയുക ഗുരു നിന്നോടു ചോദിക്കുന്നു, എന്റെ ശിഷ്യന്മാരോടുകൂടെ ഞാൻ പെസഹാ ഭക്ഷിക്കേണ്ടതിനുള്ള വിരുന്നുശാല എവിടെയാണ്? സജ്ജീകൃതമായ ഒരു വലിയ മാളികമുറി അവൻ നിങ്ങൾക്കു കാണിച്ചുതരും. അവിടെ ഒരുക്കുക. അവർ പോയി അവൻ പറഞ്ഞതുപോലെ കണ്ടു; പെസഹാ ഒരുക്കുകയും ചെയ്തു '' (7-13). ഇവിടെ പെസഹായ്ക്കുവേണ്ട ഒരുക്കങ്ങൾചെയ്യാൻ അയയ്ക്കപ്പെട്ട പത്രോസിന്റെയും യോഹന്നാന്റെയും, മാളികമുറിയുടെ ഉടമസ്ഥന്റെയും പങ്കാളിത്തം പ്രത്യേകം ശ്രദ്ധിക്കുക. ആ ശിഷ്യന്മാരെപ്പോലെ ഇന്ന് നമ്മുടെ കർത്താവിന്റെ പെസഹായ്ക്കുള്ള ഒരുക്കങ്ങൾക്കായി നമ്മെത്തന്നെ സമർപ്പിക്കാനും, ഒരുക്കമുള്ളവരെ അവിടുത്തെ പെസഹായിൽ പങ്കുചേർക്കുവാനുമായി കർത്താവു നമ്മെയും ക്ഷണിക്കുന്നു.

സമാന്തരസുവിശേഷങ്ങൾ മൂന്നിലും യേശുവും ശിഷ്യരുമൊത്തുള്ള അന്ത്യഅത്താഴം പെസഹാ ഭക്ഷണമായിരുന്നു മത്താ 26:17; മർക്കോ 14:12; ലൂക്കാ 22:7). മത്താ 26:2-ൽ യേശുവിന്റെ പീഡാസഹനവും, പെസഹാ ഭക്ഷണവും, കുരിശുമരണവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ലൂക്കാ 22:15 -16 -ലും ഇതു വ്യക്തമാണ്. പീഡാസഹനത്തിനുമുമ്പ് തന്റെ അരുമശിഷ്യരോടൊത്ത് പെസഹാ ഭക്ഷിക്കുവാൻ യേശുനാഥൻ അത്യധികം ആഗ്രഹിച്ചു (ലൂക്കാ 22:15). ആ ധന്യമുഹൂർത്തത്തിൽ തന്റെ തിരുശരീര രക്തത്താലുള്ള പുതിയ ഉടമ്പടി സ്ഥാപിച്ചുകൊണ്ടരുളിച്ചെയ്തു, "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (22:20). ദിവ്യനാഥന്റെ ഈ കല്പനയനുസരിച്ച് തിരുസ്സഭ രണ്ടായിരം വർഷത്തിലധികം ഇതാഘോഷിച്ചു. എങ്കിലും ഒരേ സമയം വിരുന്നും ബലിയും ഉടമ്പടിയുമാകുന്ന ഈ ദിവ്യരഹസ്യത്തിന്റെ അർത്ഥവ്യാപ്തി നാം വേണ്ടവിധത്തിൽ മനസ്സിലാക്കിയെന്നു പറയാനാവില്ല.

അന്ത്യ അത്താഴമല്ല, അത്താഴത്തിനുശേഷം അഥവാ പെസഹാവിരുന്നിൽ, അവിടുന്നു സ്ഥാപിച്ച തന്റെ തിരുശരീരരക്തത്താലുള്ള നിത്യമായ പുതിയ ഉടമ്പടിയാണ് പരി. കുർബാന എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. (ലൂക്ക. 22:19-20). പ്രൊട്ടസ്റ്റന്റു സമൂഹങ്ങളുടെ തിരുവത്താഴവും, കർത്തൃമേശയും, സ്വർഗ്ഗീയവിരുന്നു, ഓർമ്മയാചരണവുമൊന്നും വി. കത്തോലിക്കാ സഭയിലെ പരി. കുർബാനയ്ക്കു തുല്യമാവില്ല എന്ന സത്യം മറക്കരുത്. അപ്പത്തിലൂടെയും വീഞ്ഞിലൂടെയും തന്റെ തിരുശരീരവും തിരുരക്തവും ശിഷ്യർക്കായി ഭാഗിച്ചതുവഴി യേശു സ്വയം പെസഹാ കുഞ്ഞാടായിത്തീരുകയാണ്. അതുവഴി ക്രിസ്തു തന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും രഹസ്യങ്ങൾ കാലത്തിൽ സന്നിഹിതമാക്കുന്നു. 'സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമായി' (യോഹ 6:51) അവിടുത്തെ നാം ഈ ദിവ്യകൂദാശയിലൂടെ വ്യക്തിപരമായി സ്വീകരിക്കുന്നു" (ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ, *നാഥാ ഞങ്ങളൊടൊത്തു വസിച്ചാലും*, നമ്പർ 3). പരി. കുർബാന കുർബാനവിരുന്നും ബലിയുമാണ്.

എല്ലാ മതങ്ങളിലും ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിലുള്ള ബലിയർപ്പണമുണ്ട്. ഉദാഹരണമായി യഹൂദമതപശ്ചാത്തലത്തിലുള്ള വിവിധതരം ബലികളെക്കുറിച്ച് പഴയനിയമത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഈ ബലികൾ രക്തരഹിതബലിയോ (unbloody sacrifice) രക്തബലിയോ (bloody



malankaralibrary.com

sacrifice). രക്തരഹിതബലിയെന്നു പറയുന്നത് പുഷ്പ, ഫലമൂലാദികളുടെ കാഴ്ചയർപ്പണമാണ്. എന്നാൽ രക്തബലിയിൽ മൃഗങ്ങളെ ബലികഴിക്കുന്നു. ഈ രക്തബലി സർവ്വാംഗ (പൂർണ്ണ) ഹോമയാഗമോ (holocast), പാപപരിഹാരബലിയോ (sacrifice of expiation), സമാധാനബലിയോ (Peace sacrifice), കൃതജ്ഞതാ സ്തോത്രയാഗമോ (sacrifice of thanks giving), ആകാം. പൂർണ്ണഹോമയാഗത്തിൽ ബലിമൃഗത്തെ പൂർണ്ണമായി അഗ്നിയിൽ ദഹിപ്പിക്കുന്നു. സമാധാനബലിയാണെങ്കിൽ ബലിമൃഗത്തെക്കൊന്ന് അതിന്റെ രക്തമെടുത്ത് ബലിപീഠത്തിൽ തളിക്കുന്നതേയുള്ളു, ബലിമൃഗത്തെ പൂർണ്ണമായി അഗ്നിയിൽ ദഹിപ്പിക്കുന്നില്ല. പാപപരിഹാരബലിയും പൂർണ്ണഹോമയാഗം ആകണമെന്നില്ല. പാപത്തിനു പരിഹാരമായി ബലിമൃഗത്തിന്റെ പ്രധാനഭാഗമോ, ഏതെങ്കിലുമൊരു ഭാഗമോ എടുത്ത് ബലിയർപ്പിക്കുകയാകാം.

മുകളിൽ സൂചിപ്പിച്ച ബലികളിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു ബലിയാണ് പരിശുദ്ധ കുർബാന. കാരണം ലോകപാപപരിഹാരാർത്ഥം ക്രിസ്തുനാഥൻ സ്വയം ബലിവസ്തുവും ബലിയർപ്പകനുമായിത്തീർന്നുകൊണ്ട് ഒരു നിത്യഹോമയാഗമായി തന്നെത്തന്നെ പരമപിതാവിനു സമർപ്പിച്ചു എന്നതാണ്. അൾത്താരയിലർപ്പിക്കപ്പെടുന്ന ഓരോ ബലിയിലും നാം അവിടുത്തോടു ചേർന്ന് പരമപിതാവിന് ഈ ബലിയർപ്പിക്കുകയാണ്. പഴയനിയമ പശ്ചാത്തലത്തിലെ എല്ലാ ബലികളും നമ്മുടെ കർത്താവിന്റെ ഈ നിത്യഹോമയാഗത്തെ സൂചിപ്പിക്കുന്ന അടയാളങ്ങൾ മാത്രമായിരുന്നു. എന്നാൽ നമ്മുടെ കർത്താവായ ഈശോമിശിഹാ പഴയതിനെയെല്ലാം പൂർത്തീകരിച്ചുകൊണ്ട് എന്നേക്കുമായി തന്നെത്തന്നെ നിത്യഹോമയാഗമായി പരമപിതാവിനർപ്പിച്ചു. അവിടുന്ന് പാപമില്ലാത്തവനും ദൈവവും മനുഷ്യനുമായതിനാലും യേശുമിശിഹായുടെ ബലിക്ക് പാപപരിഹാരമായിത്തീരാൻ കഴിഞ്ഞു. പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്കയച്ച ഊനമററ കുഞ്ഞാടായതിനാൽ അവൻ അർപ്പിച്ച ബലിക്ക് ലോകത്തിന്റെ പാപങ്ങൾ എടുത്തുമാററാൻ കഴിയും. അത് സർവ്വലോകത്തിന്റെയും പാപത്തെ പരിഹരിക്കാൻ തക്കവിധം മതിയായതും പൂർണ്ണമായതുമായ യാഗമാകുന്നു. "നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിനേല്പിക്കപ്പെടുകയും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്ത" (റോമ 4:24) യേശുക്രിസ്തുവിന്റെ നിത്യഹോമയാഗത്തിലൂടെ അനേകരുടെ പാപം നീക്കിക്കളയാൻ കഴിവുള്ള കൃപാദാനം നമുക്കു സമൃദ്ധമായി ലഭിക്കുകയും ചെയ്തു (റോമ 5:15). ഹെബ്രായർക്കെഴുതിയ ലേഖനത്തിന്റെ ഭാഷയിൽ പറഞ്ഞാൽ, "വരാനിരിക്കുന്ന നന്മകളുടെ പ്രധാന പുരോഹിതനായി ക്രിസ്തു പ്രത്യക്ഷപ്പെട്ടു. കൂടുതൽ മഹനീയവും പൂർണ്ണവും മനുഷ്യനിർമ്മിതമല്ലാത്തതും സൃഷ്ടവസ്തുക്കളിൽപ്പെടാത്തതുമായ കൂടാരത്തിലുടെ എന്നേക്കുമായി ശ്രീകോവിലിൽ അവൻ പ്രവേശിച്ചു" (ഹെബ്ര 9:10-11).

മനുഷ്യരുടെ രക്ഷയ്ക്കായി ദൈവം നിശ്ചയിച്ചയച്ച തിരുക്കുമാരൻ "നിത്യരക്ഷ സാധിച്ചതു കോലാടുകളുടെയോ കാളക്കിടാക്കളുടെയോ രക്തത്തിലൂടെയല്ല, സ്വന്തം രക്തത്തിലൂടെ കോലാടുകളുടെയും കാളക്കിടാക്കളുടെയും രക്തംതളിക്കുന്നതും പശുക്കിടാവിന്റെ ഭസ്മം വിതറുന്നതും അശുദ്ധരെ ശാരീരികമായി ശുദ്ധീകരിക്കുന്നു. എങ്കിൽ നിത്യാത്മാവുമൂലം കളങ്കമില്ലാതെ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവി



malankaralibrary.com

ക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മുടെ അന്തഃകരണത്തെ നിർജ്ജീവ പ്രവർത്തികളിൽനിന്ന് എത്രയധികമായി വിശുദ്ധീകരിക്കുകയില്ല (ഹെബ്ര 9:13–14).

"മനുഷ്യ നിർമ്മിതവും, സാക്ഷാൽ ഉള്ളവയുടെ പ്രതിരൂപവുമായ വിശുദ്ധസ്ഥലത്തേക്കല്ല, നമുക്കുവേണ്ടി ദൈവസന്നിധിയിൽ നില്ക്കാൻ സ്വർഗ്ഗത്തിലേക്കുതന്നെയാണ് യേശു പ്രവേശിച്ചത്. അത് പ്രധാന പുരോഹിതൻ തന്റേതല്ലാത്ത രക്തത്തോടുകൂടെ ആണ്ടുതോറും പ്രവേശിക്കുന്നതുപോലെ പലപ്രാവശ്യം തന്നെത്തന്നെ സമർപ്പിക്കാനായിരുന്നില്ല.... കാലത്തിന്റെ പൂർണ്ണതയിൽ തന്നെത്തന്നെ ബലിയർപ്പിച്ചുകൊണ്ട് പാപത്തെ നശിപ്പിക്കാൻ ഇപ്പോൾ ഇതാ അവൻ ഒരിക്കൽമാത്രം പ്രത്യക്ഷപ്പെട്ടിരിക്കുന്നു.... ക്രിസ്തു വളരെപ്പേരുടെ പാപങ്ങൾ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ഒരു പ്രാവശ്യം അർപ്പിക്കപ്പെട്ടു" (ഹെബ്ര 9:24–28). നിത്യഹോമയാഗമായ ഈ ഏകബലിയെ കൗദാശീകമായി ആവിഷ്കരിക്കുകയും അനുസ്മരിക്കുകയും ചെയ്യുകയാണ് പെസഹാതിരുനാളിൽ സ്ഥാപിതമായ പരിശുദ്ധ കുർബാനയാകുന്ന സമ്പൂർണ്ണ ബലിയിലൂടെ.

യഹൂദരുടെ ബലിക്ക് പാപങ്ങളകററി കർത്താവുമായി അവരെ ബന്ധിപ്പിക്കുവാൻ കഴിയില്ല. എന്നാൽ പരിശുദ്ധ കുർബാനയാകുന്ന ബലി നമ്മെ പരിപൂർണ്ണമായും രൂപാന്തരീകരിക്കുകയും കർത്താവിനോടു നമ്മെ ഐക്യപ്പെടുത്തുകയും ചെയ്യുന്നു. കാനായിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കി മാറ്റിയ സംഭവം സൂചിപ്പിച്ച ദൈവമഹത്വവും വിശുദ്ധീകരണവുമെല്ലാം പെസഹാദിനത്തിൽ പൂർണ്ണമായും വെളിപ്പെടുകയാണ്. സെഹിയോൻമാളികയിൽ യേശുവും ശിഷ്യരുമൊത്ത് അർപ്പിച്ച ആ ബലി വിരുന്നിൽ ഇന്ന് ഈ പെസഹാ തിരുക്കർമ്മങ്ങളിലൂടെ നാമും പങ്കുചേരുകയാണ്. ഭാവിയിൽ രക്ഷിക്കപ്പെട്ടവരോടൊത്തുള്ള മെസയാനിക വിരുന്നിന്റെ പ്രതീകവും സൂചനയുമാണിത്. അന്ത്യ അത്താഴത്തിൽ പുതിയ ഉടമ്പടിയെക്കുറിച്ചുപറയുകവഴി (മത്താ 26:28; മർക്കോ 16:24; ലൂക്കാ 22:20) ദൈവം ഇസ്രായേലിനോടുചെയ്ത രക്ഷാവാഗ്ദാനത്തെക്കുറിച്ചുള്ള വിശ്വസ്തതയെ വെളിപ്പെടുത്തുന്നു. മാത്രമല്ല, പുറ 12:21–23 –ലും, 29–32 –ലും പറഞ്ഞത് യേശുവിൽ നിറവേറി, പൂർത്തിയാക്കപ്പെട്ടു.

**ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:**

(1) പെസഹാതിരുനാളിൽ നമ്മുടെ വിചിന്തനത്തിനും ധ്യാനത്തിനുമായി നല്കിയിട്ടുള്ള മുകളിൽ സൂചിപ്പിച്ച തിരുവചനഭാഗങ്ങളെല്ലാം പലപ്രാവശ്യം വായിച്ചു ധ്യാനിക്കുക.

(2) കാനായിലെ കല്യാണവിരുന്നിലെ അടയാളത്തിലൂടെ സുചിപ്പിച്ച ദൈവമഹത്വം പെസഹാതിരുനാളിൽ എങ്ങനെ വെളിപ്പെട്ടു എന്ന് ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുക.

(3) പരി. കുർബാനയും പഴയനിയമത്തിലെ പെസഹായും തമ്മിലുള്ള സാമ്യവും വ്യത്യാസങ്ങളും എന്തെല്ലാം?



malankaralibrary.com

# ദുഃഖ വെള്ളിയാഴ്ച

യേശുവിന്റെ പരസ്യജീവിതകാലത്തിലെ അവസാന സംഭവങ്ങൾ -അവിടുത്തെ ശിക്ഷാവിധിയും, പീഡാസഹനവും കുരിശുമരണവും ഉത്ഥാനവും എല്ലാ സുവിശേഷകരും രേഖപ്പെടുത്തിയിട്ടുണ്ട്. പിതാവായ ദൈവം തന്റെ പുത്രനിലൂടെ നിറവേറ്റിയ രക്ഷാകര കർമ്മത്തിൽ മർമ്മപ്രധാനമായ സ്ഥാനമാണ് യേശുവിന്റെ കുരിശുമരണത്തിനും ഉത്ഥാനത്തിനുമുള്ളത്. പൗരസ്ത്യസഭയുടെ ദൈവശാസ്ത്ര ദർശനമനുസരിച്ച് യേശുവിന്റെ പെസഹായെയും കുരിശുമരണത്തെയും ഉത്ഥാനത്തെയും വേറിട്ടു കാണാനാവില്ല കാരണം അവ പരസ്പരപൂരകങ്ങളാണ്. യേശുവിന്റെ ജീവിതത്തിലെ ഈ മഹത്സംഭവത്തിന്റെ എല്ലാവശങ്ങളെയും ഒരുമിച്ച് സമന്വയിപ്പിച്ചുകൊണ്ട് പൗരസ്ത്യപിതാക്കന്മാർ ഇതിനെ പെസഹാ ത്രിദിനങ്ങൾ എന്നാണ് വിളിച്ചിരുന്നത്. എന്താണ് കർത്താവിന്റെ പീഡാസ്സഹനത്തിന്റെ അർത്ഥവും ലക്ഷ്യവും? "നമ്മുടെ കടങ്ങളും പാപങ്ങളും പരിഹരിക്കുകയും ഉത്ഥാനമഹത്വത്തിലേക്കു നമ്മെ നയിക്കുകയും ചെയ്യുന്ന രക്ഷാകരമായ പീഡാനുഭവം" എന്നാണ് മലങ്കര ആരാധനക്രമമനുസരിച്ചുള്ള ഹാശാ ആഴ്ചയിലെ പ്രാർത്ഥനകളിലുടനീളം കാണുന്നത്. വി. യോഹന്നാൻ ശ്ലീഹായുടെ അഭിപ്രായത്തിൽ ദൈവപുത്രന്റെ ഭൂമിയിൽനിന്ന് ദൈവമഹത്വത്തിലേക്കുള്ള ഉയർത്തപ്പെടലാണ് കുരിശുമരണം. അതിന്റെ ഉദ്ദേശ്യമോ സകലരെയും അങ്ങിലേക്കാകർഷിക്കുക എന്നതാണ്. യേശുവിന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ, " ഞാൻ ഭൂമിയിൽനിന്നുയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും" (12:32).

മനുഷ്യകുലത്തെയും ലോകത്തെമുഴുവനും മനുഷ്യന്റെ പാപംമൂലമുണ്ടായ പതനത്തിൽനിന്ന് അഥവാ അടിമത്വത്തിൽ നിന്നു മോചിപ്പിച്ച് ദൈവത്തോടൊത്തുള്ള നിത്യജീവന്റെ സൗഭാഗ്യത്തിലേക്കുയർത്തുവാനാണ് കർത്താവ് പീഡാസഹനവും കുരിശുമരണവും സ്വയം ഏറ്റെടുത്തത്. അവിടുത്തെ അതിദാരുണമായ പീഡാസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ് അതു നിറവേറ്റിയത്. സൃഷ്ടപ്രപഞ്ചത്തെ മുഴുവനും ദൈവത്തിലേക്ക് വിശുദ്ധീകരിച്ചടുപ്പിക്കുന്ന ഒരു നിഗൂഢരഹസ്യവും മഹാ സംഭവവുമാണ് നമ്മുടെ കർത്താവിന്റെ കുരിശുമരണവും ഉത്ഥാനവും. യേശുവിന്റെ കുരിശുമരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്ന നമ്മളിലൂടെയും ഇപ്രകാരം സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ ദൈവത്തിലേക്കുയർത്താൻ സാധിക്കണം. അതിനുതക്കവണ്ണമുള്ള വിശുദ്ധീകരണം നമ്മിൽ നടന്നാലേ നമ്മിലൂടെയുള്ള പ്രപഞ്ചത്തിന്റെ രൂപാന്തരീകരണം സംഭവിക്കുകയുള്ളൂ. "അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ 17:19) എന്ന ദിവ്യനാഥന്റെ വാക്കുകളും പ്രവർത്തിയും ഇന്നു നമ്മിലും നിറവേറണം.

പ്രപഞ്ചത്തിന്റെ പ്രധാനാചാര്യനായ ആദാമിന്റെ (മനുഷ്യന്റെ) പ്രധാന ദൗത്യം തനിക്കു ചുറ്റുമുള്ള സ്ഥലകാലസത്താ വൈപരീത്യങ്ങളെല്ലാം തന്നിൽ അനുരഞ്ജിപ്പിച്ച് സർവ്വാധിനാഥനായ ദൈവത്തിനു സമർപ്പിക്കുക എന്നതാണ്. വലിയനോമ്പുകാലത്തിൽ ഇതുവരെയുള്ള തിരുവചന ധ്യാനത്തിലൂടെ നാം അതിനുവേണ്ടി ഒരുങ്ങുകയായിരുന്നല്ലോ! നമ്മുടെ കർത്താ



malankaralibrary.com

വിന്റെ ഉത്ഥാനത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഉത്ഥാനകാലത്തിനുമുമ്പുള്ള വലിയനോമ്പും കഷ്ടാനുഭവ ആഴ്ചയും ക്രിസ്തു നമ്മിൽ രൂപപ്പെടുന്നതിനും നമ്മെ അവിടുത്തെ ജയജീവിതത്തിൽ പങ്കുകാരാക്കുന്നതിനുമുള്ള ഏററം സഹായകമായ മാർഗ്ഗങ്ങളാണ്. ദൈവമഹത്വദർശനത്തിലൂടെയുള്ള വിശുദ്ധീകരണത്തിലൂടെ നാം വിശ്വാസത്തിൽ ശക്തിയാർജിച്ചു വളരുകയും മററുള്ളവരെയും ഇതിലേക്കു വളർത്തുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഒരു പ്രധാന ലക്ഷ്യം. വിശ്വാസമെന്നത് കുറച്ച് ആദർശങ്ങൾ അംഗീകരിക്കുകയെന്നതല്ല, പിന്നെയോ യേശുവെന്ന വ്യക്തിക്ക് സ്വജീവിതത്തിലൂടെ പ്രത്യുത്തരം നല്കിക്കൊണ്ട് അങ്ങയെ അനുഗമിക്കുകയെന്നതാണ്. ഈ അനുഗമിക്കൽ അവിടുത്തെ ഏറ്റം അടുത്തറിഞ്ഞുകൊണ്ട്, വിശ്വാസത്താലെ അവിടുത്തെ കാണുകയും കേൾക്കുകയും സ്പർശിച്ചറിയുകയും ചെയ്തുകൊണ്ടും, അങ്ങിലുള്ള ശരണത്താലെ ജീവിതത്തെ സമ്പൂർണ്ണമായി തിരുമനസ്സിനു സമർപ്പിച്ചുകൊണ്ടും, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ (യോഹ 13:35) എന്ന കല്പന പാലിച്ചുകൊണ്ടും ഉള്ള യഥാർത്ഥമായ അനുഗമിക്കലാണ്.

പുത്രൻ പിതാവിനോടുള്ള സ്നേഹം പ്രകടമാക്കിയത് സ്വജീവിതംപോലും ബലിയർപ്പിച്ചുകൊണ്ട് പിതാവിന്റെ മക്കളായ നമ്മെ സ്നേഹിച്ചുകൊണ്ടാണ്. അതുകൊണ്ടാണ് നമ്മൾ ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ കല്പനകൾ പാലിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ മക്കളെ സ്നേഹിക്കുന്നു എന്നു നാമറിയുന്നു (1 യോഹ 5:2) എന്ന് സ്നേഹത്തിന്റെ സുവിശേഷകനായ യോഹന്നാൻ ശ്ലീഹാ പറയുന്നത്.

ദൈവം തന്റെ ഏകജാതനെ ഭൂമിയിലേക്കയച്ചത് മരണത്തിന്റെ പിടിയിലമർന്ന മനുഷ്യകുലത്തെ മരണത്തിന്റെ പിടിയിൽനിന്നു മോചിപ്പിക്കുവാനാണ്. മരണത്തെ ജയിച്ച് തന്റെ പുത്രനെ ഉയർപ്പിച്ചുകൊണ്ട് നമുക്കു മരണത്തെ അതിജീവിക്കുവാനുള്ള കൃപ ദൈവം നല്കി. നമ്മെ ശാരീരിക മരണത്തിൽനിന്നും രക്ഷിച്ചു എന്നല്ല ഇതിനർത്ഥം. നാം ദൈവത്തിൽനിന്നകലുന്ന അവസ്ഥയാണല്ലോ മരണം. ശാരീരിക മരണത്തേക്കാൾ വേദനാജനകവും ഭയാനകവുമാണ് നാം ദൈവത്തിൽനിന്നകലുന്ന അവസ്ഥ.

നമ്മുടെ കർത്താവിന്റെ ഹാശായിൽ ശരിയായ അർത്ഥത്തിൽ പങ്കുചേരണമെങ്കിൽ പരീക്ഷകളെ ശരിയായവിധത്തിൽ ജയിക്കുവാൻ നമുക്കു കഴിയണം. കാരണം പരീക്ഷകളെ ജയിക്കാൻ കഴിയാതെ തിന്മയ്ക്ക് അടിമപ്പെടുന്നവർ നേരിടേണ്ടിവരുന്ന സഹനം അവരവരുടെ തിന്മയുടെ പരിഹാരമേ ആവുകയുള്ളു, കർത്താവിന്റെ ഹാശാ പോലെ രക്ഷാകരമാവുകയില്ല. പ്രലോഭനങ്ങളെ അതിജീവിച്ച് ഹാശായിൽ ശരിയായവിധത്തിൽ പങ്കുചേരുന്നവർക്കേ ഉത്ഥാന മഹത്വത്തിൽ പങ്കുകാരാകുവാൻ സാധിക്കുകയുള്ളു. പരീക്ഷകളെ ഏതുവിധത്തിൽ നേരിടണമെന്ന് യേശുവിന്റെ മാതൃകയിലൂടെ നാം മനസ്സിലാക്കി. എങ്ങനെ ഹാശായിൽ പങ്കുചേരാമെന്നതിന് 1 പത്രോ 3:8-17 -ന് മുകളിൽ നല്കിയ വിവരണം കാണുക. കർത്താവിന്റെ പീഡകളെയോർത്ത് നാം വിലപിച്ചിട്ടുകാര്യമില്ല, അവിടുത്തെ പീഡാസഹനത്തിലൂടെ എന്തു ലക്ഷ്യംവച്ചോ അതു നമ്മുടെ ജീവിതത്തിലൂടെ നിറവേറ്റിക്കൊണ്ട് അവിടുത്തോടുള്ള സ്നേഹം നാം പ്രകടമാക്കണം..



malankaralibrary.com

കർത്താവ് ഗത്സെമേൻ തോട്ടത്തിലനുഭവിച്ച അതിവേദന അവിടുന്നനുഭവിക്കാൻപോകുന്ന അതിദാരുണമായ കുരിശുമരണത്തെയോർത്തല്ലായിരുന്നു. പിന്നെയോ, താൻ എന്തിനുവേണ്ടി മർത്യനായിത്തീർന്നുവോ ആ ലക്ഷ്യത്തിൽനിന്ന് തന്റെ സ്വന്തജനം അകന്നുപോകുന്നതിനെയോർത്തായിരുന്നു. എങ്കിലും കർത്താവു തന്റെ സഹനവും അവിടുത്തെ ദൗത്യം നിറവേററുന്നതിനുള്ള മാർഗ്ഗമാക്കി മാറ്റി. കർത്താവ് തന്റെ കുരിശിലെ അതിവേദനമുഴുവൻ തന്നെ ആരു കുരിശിലേററിയോ അവരുടെ രക്ഷയ്ക്കുള്ള മാർഗ്ഗമാക്കി മാറ്റി. ഇതുപോലെ നമ്മുടെ സഹനങ്ങളെയും രക്ഷാകരമാക്കി മാറ്റുവാൻ ഈ അനുഗ്രഹീതദിനത്തിൽ കർത്താവ് നമ്മോട് ആവശ്യപ്പെടുന്നു. സഹനത്തോടുള്ള നമ്മുടെ സമീപനമെന്തെന്ന് ഇത്തരുണത്തിൽ നമുക്കു ചിന്തിക്കാം!

ക്രിസ്തീയ സൗഭാഗ്യമെന്നത് യാതൊരു ക്ലേശങ്ങളും ദുരിതങ്ങളും ഇല്ലാത്ത അവസ്ഥയല്ല. "അല്പകാലത്തേയ്ക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്കു വ്യസനിക്കേണ്ടിവന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം, അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. അത് യേശുക്രിസ്തുവിന്റെ പ്രത്യാഗമനത്തിൽ സ്തുതിക്കും മഹത്വത്തിനും ബഹുമാനത്തിനും ഹേതുവായിരിക്കും" (1 പത്രോ 1:6–7). "പ്രിയപ്പെട്ടവരേ, നിങ്ങളെ പരിശോധിക്കാനായി അഗ്നിപരീക്ഷകൾ ഉണ്ടാകുമ്പോൾ അപ്രതീക്ഷിതമായതെന്തോ സംഭവിച്ചാലെന്നപോലെ പരിഭ്രമിക്കരുത്. ക്രിസ്തുവിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകുന്നതിൽ ആഹ്ലാദിക്കുവിൻ...." ( 1പത്രോ 4:12–19). യേശു സുവിശേഷഭാഗ്യങ്ങളെക്കുറിച്ചു പറയുമ്പോഴും ഇതു വ്യക്തമാക്കുന്നു. "നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാണ്. എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായി രിക്കും" (മത്താ 5:10–12). "നമ്മുടെ കഷ്ടതകളിലും നാം അഭിമാനിക്കുന്നു. എന്തെന്നാൽ, കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു" (റോമ 5:3–5). ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നവർക്ക് അവിടുത്തോടു ചേർന്നുനിന്ന് ആ ദിവ്യസ്നേഹം അനുഭവിച്ചുകൊണ്ട് സഹനത്തെ രക്ഷാകരമായ കാഴ്ച്ചപ്പാടോടെ കാണുന്നതിനു സാധിക്കും.

നമ്മുടെ സഹനങ്ങളെല്ലാം രക്ഷാകരമാണോ, കർത്താവിന്റെ ഹാശായോടു ചേരുന്നതാണോ, എന്നു വിലയിരുത്തുവാൻ നമ്മുടെ അനുദിനജീവിതത്തിലുണ്ടാകുന്ന വിവിധതരത്തിലുള്ള സഹനങ്ങളെക്കുറിച്ചുള്ള അവബോധം സഹായകമാകുമെന്നു തോന്നുന്നു. പ്രധാനമായും അഞ്ചു തരത്തിലുള്ള സഹനങ്ങളാണ് നമ്മുടെ ജീവിതത്തിലുണ്ടാവുക. ***ഒന്നാമതായി,***



malankaralibrary.com

നമ്മുടെ അനാവശ്യമായ ആകുലതകളും വ്യഗ്രതകളുംമൂലം നാം വരുത്തി വയ്ക്കുന്ന സഹനം. ഇതു രക്ഷാകരമല്ലെന്നുമാത്രമല്ല, ഈ സഹനംകൊണ്ട് യാതൊരു പ്രയോജനവുമില്ല. ദൈവത്തിലുള്ള ശരണമില്ലായ്മയാണ് ഇതിനു പ്രധാന കാരണം. അതിരാവിലെ കർത്താവിന്റെ തിരുശരീരം കാണുവാനായി കല്ലറയിലേക്കുപോയ സത്രീകൾ, കല്ല് ആര് ഉരുട്ടിമാററിത്തരുമെന്നോർത്ത് ഇല്ലാത്ത കല്ലിനെയോർത്ത് ആകുലപ്പെട്ടതുപോലെയാണിത്. അതിനാൽ ആകുലതകളകറ്റി ദൈവത്തിൽ ശരണപ്പെടുകയാണ് ഇതിനുള്ള പരിഹാരമാർഗ്ഗം.

*രണ്ടാമതായി,* നമ്മുടെ സ്വന്തം തെറ്റുകുറ്റങ്ങൾകൊണ്ടുണ്ടാകുന്ന സഹനം. ഇതിന് ഉത്തരവാദി നമ്മൾതന്നെയാണ്. വലതുവശത്തെ കള്ളന്റെ മാതൃകപോലെ അനുതാപപൂർവ്വം കർത്താവിലേക്കു തിരിയുകയാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. ***മൂന്നാമതായി,*** മറ്റുള്ളവരുടെ തെറ്റുമൂലം നമുക്കു വന്നുഭവിക്കുന്ന സഹനങ്ങൾ. ഇവയെ പിറുപിറുക്കാതെ ശുദ്ധനിയോഗത്തോടെ സ്വീകരിക്കുമെങ്കിൽ നീതിമാനായ ക്രിസ്തുവിന്റെ സഹനത്തോടു ചേർത്ത് രക്ഷാകരമാക്കാൻ സാധിക്കും.

***നാലാമതായി,*** ആരുടെയും തെററുകൂടാതെ നമ്മുടെ ജീവിതത്തിൽ വന്നു ചേരുന്ന ചില സഹനങ്ങൾ ഉദാ. രോഗം, പ്രിയപ്പെട്ടവരുടെ വേർപാട് മുതലായവ. ഇത്തരം സഹനങ്ങൾ കർത്താവിനോടു ചേർന്നു നാം വഹിക്കുമെങ്കിൽ വലിയ അനുഗ്രഹകാരണമാകും. ***അഞ്ചാമതായി,*** നന്മ പ്രവർത്തിക്കാനും നീതി സ്ഥാപിക്കുവാനുമായി നാം സ്വയം ഏറെറടുക്കുന്ന സഹനവും ബുദ്ധിമുട്ടുകളും. ഇതും രക്ഷാകരമായ സഹനമാണ്. *നമ്മുടെ സഹനം പൊതുവേ ഇതിൽ ഏതുവിഭാഗത്തിലുൾപ്പെടുമെന്ന് വിലയിരുത്തുക.*

## ചിന്തിക്കുക, പ്രാവർത്തികമാക്കുക, പങ്കുവയ്ക്കുക:

(1) യേശുവിൽ വിശ്വസിക്കുന്നവരിൽ പച്ചവെള്ളം വീഞ്ഞായി രൂപാന്തരപ്പെടുന്നതുപോലെയുള്ള രൂപാന്തരീകരണം സംഭവിക്കുമെന്നും അതുവഴി യേശുവിന്റെ ഉത്ഥാനത്തിൽ നാമും പങ്കുകാരാകുമെന്നും നോമ്പിന്റെ ആദ്യഞായറാഴ്ചയിൽ തിരുവചനം നമ്മെ അനുസ്മരിപ്പിച്ചത് *സ്വജീവിതത്തിലിന്നു യാഥാർത്ഥ്യമായിട്ടുണ്ടോ എന്നു ചിന്തിക്കുക*

(2) നമ്മുടെ കർത്താവിന്റെ പീഡാസഹനത്തിൽ അർത്ഥപൂർണ്ണമായി പങ്കു ചേരാൻ എങ്ങനെയെല്ലാം നമുക്കു സാധിക്കും?

(3) നോമ്പിന്റെ വായനകൾ വ്യക്തമാക്കിയതുപോലെയുള്ള വിശ്വാസത്തിലും ദൈവാനുഭവത്തിലും പരസ്നേഹത്തിലുമുള്ള വളർച്ച എന്തുമാത്രം സാധിച്ചു?

കുഷ്ഠരോഗിയെപ്പോലെ ദൈവാശ്രയത്തിലും കാനാൻകാരിയെപ്പോലെ ഏതു പ്രതികൂലസാഹചര്യങ്ങളെയും തരണംചെയ്ത് വിശ്വാസത്തിലുറച്ചു നിന്നും അനുഗ്രഹം പ്രാപിക്കുന്നതിന് സാധിക്കുന്നുണ്ടോ? കുനിയായ സ്ത്രീയെപ്പോലെ ഉറച്ച പ്രത്യാശയോടെ മുന്നേറാൻ സാധിക്കുന്നുണ്ടോ? ഇപ്രകാരം വിശ്വാസത്തിൽ പടിപടിയായി വളർന്ന് ജന്മനാ അന്ധനായവനെ സുഖപ്പെടുത്തുന്ന സംഭവം വ്യക്തമാക്കുന്നതുപോലെ ഏതു വേദനയെയും സഹനത്തെയും ദൈവത്തിന്റെ കരബലം ദർശിക്കുവാനുള്ള അനുഗ്രഹത്തിന്റെ അവസരമായി കാണുവാൻ പരിശ്രമിക്കുക. അങ്ങനെ ഉത്ഥാനമഹത്വത്തിലേക്കു നമുക്കു പ്രവേശിക്കാം!

************



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com



Rose, Ph : 9447461828

malankaralibrary.com